KOTTAYAM PUBLIC LIBRARY

Call No MF3 Acc. No 35324

Author [illegible]

Title ശ്ലോകങ്ങ

# ശ്യാമള

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണ**
**സംഘം ലിമിറ്റഡ്**

[Malayalam]

# SHYAMALA

(NOVEL)

BY

KURUPPUMVEETTIL GOPALA PILLAI

First Impression September 1957

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM

Copies 1000

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL

KOTTAYAM KERALA STATE

Re. 1·00

# ശ്യാമള

35324

കുറുപ്പുംവീട്ടിൽ ഗോപാലപിള്ള

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

ശ്രീ

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 1.00

## കരപ്പുംവീട്ടിൽ ഗോപാലപിള്ളയുടെ

## കൃതികൾ

| | |
|---|---|
| എം. എൽ. എ. പാങ്ങോട്ട് | (നോവൽ) |
| സിംഹാസനത്തിൽനിന്നു ജയിലിലേയ്ക്കു് | ,, |
| ടിപ്പുവിൻെറ മലയാളറാണി | ,, |
| ദളവാ | ,, |
| ബി. എ. തങ്കം | ,, |
| തെക്കുംകൂർ റാണി | ,, |
| ശാരദ (രണ്ടാംഭാഗം) | ,, |
| പോക്കളത്തിൻെറ പിന്നിൽ | ,, |
| റാണി മംഗളാഭായി | ,, |
| ബേട്ടിയുടെ ഏഴകൾ | ,, |
| വിജയസൗധം | ,, |
| കോമളസൗധം | ,, |
| ശ്യാമള | ,, |
| കേരളമഹാചരിത്രം (രണ്ടു ഭാഗങ്ങൾ) | |
| സ്വാതന്ത്ര്യശില്പികൾ | |

S734 B509 32/57-58 CRB118

This is very Ugly

ഈ നോവൽ വെറും കലാദോഷമാണ്.

# 1

## അമ്മയും മകളും

“മകളേ! അച്ഛനു് എന്തുതോന്നും നീ ഇങ്ങനെ തുടങ്ങിയാൽ. നമ്മുടെ സകല സൗഭാഗ്യത്തിനും കാരണം നിൻെറ അച്ഛനല്ലേ? നിന്നേ എം. എ.യും ബി. എല്ലുംവരെ പഠിപ്പിച്ചതും, ഇളയ കുഞ്ഞുങ്ങളെ ശീമയിലും മററും അയച്ചു പഠിപ്പിച്ചുകൊണ്ടിരിക്കുന്നതും മററുവല്ലവരുമാണോ? അച്ഛന വക്കീൽപ്പണിയായിരുന്ന കാലമത്രയും നമുക്കു നിത്യദാരിദ്ര്യം ആയിരുന്നു. അതു നിനക്കു് ഓർമ്മയുണ്ടല്ലോ. ആ ദാരിദ്ര്യദുഃഖം അനുഭവിച്ചുകൊണ്ടാണു നിന്നെ ഇത്രത്തോളം ഉയർത്തിക്കൊണ്ടുവന്നതു്. ഈശ്വരൻ പ്രസാദിച്ചു്, നിൻെറ ഇളയ കുട്ടികൾക്കു വേണ്ടി അത്രത്തോളം ക്ലേശിക്കേണ്ടിവരുകയില്ല. നിൻെറ അച്ഛൻ ജയിലിൽക്കിടന്ന കാലത്തു നമ്മൾ അനുഭവിച്ച ദുരിതം നീ ഇത്ര പെട്ടെന്നു മറന്നുകളഞ്ഞതെന്തു്? അദ്ദേഹം മന്ത്രിയായതുമുതൽ നമ്മുടെ കുടുംബത്തിൽ വ്യാഴം തെളിഞ്ഞു. നീ അച്ഛനെ ദുഃഖിപ്പിക്കുന്നതു ശരിയാണെന്നു് എനിക്കു്

അഭിപ്രായമില്ല.'' എന്നിപ്രകാരം ചെമ്പകക്കുട്ടിഅമ്മ പുത്രി ഭാരതിയോടു പറഞ്ഞു.

ഭാരതി:—നമ്മുടെയും പ്രത്യേകിച്ച് എൻെറയും സകല അഭ്യുദയത്തിനും കാരണഭൂതൻ അച്ഛൻതന്നെ. അതു് ആരും വിസംവദിക്കുന്നില്ല. എന്നാൽ ഇപ്പോഴത്തെ ജനകീയഭരണത്തിൻെറ തഞ്ചവും മുറകളും അമ്മയ്ക്കു് അറിഞ്ഞുകൂടാ. അമ്മയ്ക്കു മാത്രമല്ല, നമ്മുടെ നാട്ടുകാരിൽ ബഹുഭൂരിപക്ഷം ജനങ്ങൾക്കും അതു ശരിക്കു് ഇനിയും മനസ്സിലായിട്ടില്ല.

ചെമ്പകക്കുട്ടിഅമ്മ:—എനിക്കും കുറേശ്ശെഒക്കെ മനസ്സിലായിട്ടുണ്ടേ! നിൻെറ അച്ഛൻതന്നെ ഇന്നാളൊരുദിവസം എന്നോടു പറഞ്ഞു, നിൻെറ അച്ഛനു കൂട്ടുകാരിൽത്തന്നെ പലേ എതിരാളികൾ ഉണ്ടെന്നു്. മന്ത്രിമാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താത്തതുകൊണ്ടു വിരോധമുള്ള ചിലർ. അക്കൂട്ടത്തിൽ നിന്നു പുറന്തള്ളിപ്പോയതുകൊണ്ടു വിരോധമുള്ളവർ കുറേപ്പേർ. വലിയ ചില ഉദ്യോഗങ്ങൾ കൊടുക്കാഞ്ഞിട്ടു വിരോധപ്പെട്ടിരിക്കുന്ന ഏതാനുംപേർ. അവരവർ ഇച്ഛിച്ചതുപോലെ സക്കാർകാര്യങ്ങൾ സാധിച്ചുകൊടുക്കാത്തതുകൊണ്ടു ശത്രുതയുള്ള ഒട്ടധികം ആളുകൾ. ഇങ്ങനെ നാടുഭരിക്കുന്നവക്കു ശത്രുക്കൾ ഏറും മകളേ! അക്കൂട്ടത്തിൽ സ്വന്തം മകൾകൂടെ എതിരായിവരുന്നതാണു വലിയ ഭാഗ്യദോഷം.

ഭാരതി:—അമ്മ എന്താ ഇങ്ങനെ പറയുന്നതു്? നാടുഭരിക്കുന്ന പാർട്ടിക്കു് എതിരായി മററു പാർട്ടികൾ ഉണ്ടാകുന്നതു് എതിരുകൊണ്ടല്ല. സ്വകാര്യവൈരംനിമിത്തമല്ല. ജനകീയഭരണത്തിൻെറ സ്വഭാവമാണതു്. അതിനെ സ്വകാര്യവൈരമെന്നു വ്യാഖ്യാനിക്കുന്ന മനസ്ഥിതിയാണു കഷ്ടം. ഞാൻ എൻെറ അച്ഛനു് എതിരോ? ഒരിക്കലുമല്ല. ആവുകയുമില്ല. എന്നാൽ എൻെറയും അച്ഛൻെറയും രാഷ്ട്രീയാഭിപ്രായം തമ്മിൽ യോജിക്കുന്നില്ല. അതുപോലെതന്നെ അച്ഛൻെറ സ്നേഹിത

ന്മാർ പലരും ഞങ്ങളുടെ റിപ്പബ്ളിക്കൻപാർട്ടിയിലുണ്ട്. അക്കാരണവശാൽ അവർ അച്ഛന്റെ വൈരികളാണെന്നു പറയുന്നതു് അബദ്ധമല്ലേ?

ചെമ്പകക്കുട്ടിഅമ്മ:-കുഞ്ഞേ! നിന്നോടു വാഗ്വാദത്തിനു് ഒരുങ്ങിയല്ല ഞാൻ വന്നിരിക്കുന്നതു്. നീ ഇങ്ങനെ വിവേകമില്ലാതെ പെരുമാറരുതെന്നു പറയാനാണു്. നിന്നെ വക്കീൽപ്പണിക്കു സന്നദ് എടുപ്പിച്ചതുതന്നെ വലിയൊരുദ്ദേശ്യത്തോടുകൂടിയാ. കേസ്സുവാദിച്ചു മള്ളരിനെയോ ഈ. ജെ. ജോണിനെയോപോലെ പേരെടുത്ത വക്കീലാവാനും മററും ഇനി ഇക്കാലത്തു് എളുപ്പമില്ല. നിനക്കു നല്ലൊരു ഉദ്യോഗത്തിനു സൗകര്യം ഉണ്ടാക്കിത്തരണമെന്നാ നിന്റെ അച്ഛന്റെ മോഹം. അതിനിപ്പോൾ ഈശ്വരാനുഗ്രഹത്താൽ പ്രയാസമില്ല. വേണമെങ്കിൽ ഒരു അസിസ്റ്റൻറ്കലക്ടർവേലയോ അതു വേണ്ടെങ്കിൽ ഒരു സെഷൻജഡ്ജിവേലയോ ഉടനെ ഉണ്ടാക്കിത്തരാമെന്നു് അച്ഛനു് അഭിപ്രായം ഉണ്ടു്. നിന്റെ മനസ്സുമതി. നിന്റെ അച്ഛൻ ഇങ്ങനെ നിന്നേപ്പോലെ, അന്നത്തേ സക്കാരിനു് എതിരായി വാദിച്ചകാലത്തു്, അദ്ദേഹത്തിനെ വിളിപ്പിച്ചു് ഒരു മുൻസിഫുവേലയോ ഒരു രണ്ടാംക്ലാസ്സുമജിസ്ട്രേട്ടുവേലയോ കൊടുക്കാൻ ആളില്ലായിരുന്നു.

ഭാരതി ചിരിച്ചുകൊണ്ടു പറഞ്ഞു: "അന്നു് അങ്ങനെ ഒരു ചെറിയ ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ ഇടയായിരുന്നെങ്കിൽ അച്ഛന്റെ സകല മേൽഗതികളും അതിനോടെ തടഞ്ഞുപോകുമായിരുന്നു. അങ്ങനെ സംഭവിക്കാത്തുകൊണ്ടാണു് ഇന്നത്തെ ഈ ഭാഗ്യമൊക്കെ വരാൻ ഹേതു. അക്കാര്യം അമ്മ ആലോചിച്ചുനോക്കണം. അച്ഛൻ മന്ത്രിയായതുപോലെ എനിക്കു മന്ത്രിയാകണമെന്നും മററും മോഹമില്ല."

ചെമ്പകക്കുട്ടിഅമ്മ:-അല്ലെങ്കിൽത്തന്നെ അതൊക്കെ എളുപ്പമോ. മകളേ! എത്രപ്രാവശ്യം ജയിലിൽ കയറി എന്തെ

ല്ലാം അനുഭവിച്ചിട്ടാ ഇപ്പോൾ നിൻെറ അച്ഛൻ ഈ നില യിൽ വന്നതു്. നിനക്കു് ഏതായാലും ആ അനുഭവത്തിനൊ ന്നും ഇടയാകുല്ലാ, നിൻെറ അച്ഛൻ ഇരിക്കുന്ന കാലത്തോളം.

അമ്മയുടെ വാക്കുകൾ കേട്ടു് ഭാരതി മന്ദസ്മിതം തൂകി. "വേണ്ടിവന്നാൽ അതിനും പേടി ഇല്ലമ്മാ," എന്നു ഭാരതി പറഞ്ഞു.

ചെമ്പകക്കുട്ടിഅമ്മ:—അച്ഛനു് എതിരാണു നീയെങ്കിലും ആദ്ദേഹത്തിൻെറ ബലം കണ്ടുകൊണ്ടുതന്നെ ഈ തുള്ളലും ചാട്ടവും എല്ലാം. ഏതായാലും ഇന്നു രാത്രി കിടക്കുമ്പോൾ നല്ലതുപോലെ ആലോചിച്ചു് നാളെ എന്നോടു പറയണം, ഉദ്യോഗം ഏതു വേണമെന്നു്. എൻെറ മകൾക്കു് ഇഷ്ടമുള്ള ഉദ്യോഗത്തിനു് നിൻെറ അച്ഛൻ ഏർപ്പാടു ചെയ്തുതരും.

ഭാരതി:—ആളുകൾ അപവാദംപറയുകയില്ലേ അമ്മാ, ഇപ്പോൾ അതിനൊക്കെപ്പോയാൽ?

ചെമ്പകക്കുട്ടിഅമ്മ:—പോവാൻ പറയൂ ആളുകളേ. നിനക്കു് എന്തൊരു കുറവാ—പഠിപ്പില്ലേ? പരീക്ഷകളില്ലേ? പത്തുവർഷത്തോളം പഴക്കമുള്ള അഡ്വോക്കേററല്ലേ എൻെറ മകളു്. ചുണക്കുട്ടികൾ ഓരോരുത്തർ ഇയ്യിടെ കേറി ഇരിക്കുന്നതു നീയും കാണുന്നുണ്ടല്ലോ? നിൻെറ അച്ഛൻതന്നെ എത്ര ഇങ്ങേ അററത്തു കിടന്നവരെ അങ്ങേ അററത്തു കയററിവച്ചു കഴിഞ്ഞു. കിട്ടിയ അവസരം ആരെങ്കിലും കളയുമോ പിന്നെ. എന്തൊരു കഥയില്ലായ്മയാ ഇതു്.

ഭാരതി:—മന്ത്രിസ്ഥാനം ഒഴിയുന്ന ആ ദിവസം രാത്രിതന്നെ അച്ഛനും എല്ലാരും ഈ നാടുവിടേണ്ടിവരുമെന്നാണു് എന്റെ പേടി. അതു കൂടാതെകഴിക്കാൻകൂടെയാണു് എന്റെ ഈ യത്നം.

ചെമ്പകക്കുട്ടിഅമ്മ:—മിടുക്കന്മാർ കയറിഇരുന്നാൽ ഇറങ്ങിപ്പോവാൻ അത്ര എളുപ്പമല്ല ഈ ജനകീയത്തിൽ—അമേ

രിക്കയിലെ ട്രൂമാനെ നോക്കു്, റഷ്യയിലെ സ്റ്റാലിനെ നോക്കു്. തിരുവിതാംകൂറിൽ ഇരുന്ന സർ സി. പി.യെ നോക്കു്.

ഭാരതി:—അമ്മയ്ക്കു് അല്പം തെററിപ്പോയി. ജനകീയം മുഴക്കുമ്പോൾ മിടുക്കന്മാർ പലരും പോകേണ്ടിവരും—മിടുക്കന്മാരല്ലാത്തവർ പലരും മുന്നണിയിൽ വന്നുവെന്നും വരും. അതാണു ജനകീയത്തിൻെറ വിശേഷം.

ചെമ്പകക്കുട്ടിഅമ്മ:—അതെങ്ങനെയായാലും ഭരിക്കാൻ കൊള്ളരുതാത്തവർ വന്നാൽ കാര്യമെല്ലാം അവതാളത്തിലാകും മകളേ! നിൻെറ അച്ഛനെപ്പററി ആ ദൂഷ്യം ആരും പറയുകയില്ല എന്നു് എനിക്കു് ഉറപ്പുണ്ടു്.

ഭാരതി:—അച്ഛൻെറ ഭരണത്തേപ്പററി ഞാൻ ഒരു അഭിപ്രായവും പറയുന്നില്ല. അതു ജനങ്ങൾ പറയുന്നുണ്ടു്. പത്രങ്ങൾ അമ്മയും വായിക്കുന്നുണ്ടല്ലോ.

ചെമ്പകക്കുട്ടിഅമ്മ:—അതിരിക്കട്ടെ. ഒരു കാര്യംകൂടി എനിക്കു് നിന്നോടു് അടക്കമായി പറയാനുണ്ടു്. ഇൻഡ്യൻസർവ്വീസിലിരിക്കുന്ന ഒരു വലിയ ഉദ്യോഗസ്ഥനു്—ഒരു ഐ. സി. എസ്.കാരനു്—നന്നേ ചെറുപ്പം—നിന്നേ കല്യാണം കഴിക്കണമെന്നു് ഒരു ആലോചന വന്നിരിക്കുന്നു. അതു നിനക്കു് സമ്മതമായിരിക്കുമല്ലോ.

ഭാരതി മന്ദസ്മിതംതൂകിക്കൊണ്ടു പറഞ്ഞു: "എനിക്കു സമ്മതമായിരിക്കുമെന്നു് അമ്മയും അച്ഛനും തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു. ആ സ്ഥിതിക്കു് എൻെറ അഭിപ്രായം ചോദിക്കേണ്ടയാവശ്യമുണ്ടോ?"

ചെമ്പകക്കുട്ടിഅമ്മ:-നീ വലിയ എം.എ., ബി.എൽ. കാരിയല്ലേ? പിന്നെ ചോദിക്കാതെ ഒക്കുമോ? മടിയിൽവച്ചുകൊണ്ടുനടക്കേണ്ട പ്രായം കഴിഞ്ഞില്ലേ?

ഭാരതി ശീതമായ മൗനഭാവത്തിൽ നിലകൊണ്ടു. പുത്രിയുടെ നിലകണ്ടു മാതാവു ചോദിച്ചു:

"മകളേ! നീ എന്താ മിണ്ടാതെ മുഖംവീർപ്പിച്ചുനില്ക്കുന്ന തു്? നിനക്കു ഹിതമല്ലേ ഈ ആലോചന? ഐ. സി. എസ്. കാരൻ—പഴയ ഐ. സി. എസ്.കാരൻ. നല്ല ഇളംപ്രായം. നാലായിരം രൂപ ഇപ്പോൾ ശമ്പളമുണ്ടു്. ഉടനേ വലിയ കയറ്റം കിട്ടിയേക്കാൻ ഇടയുമുണ്ടു്. ഗവർണ്ണരുദ്യോഗംതന്നേ."

ഭാരതി:—സ്ഥിരം സർവ്വീസിലിരിക്കുന്നവർക്കു ഗവർണ്ണരുദ്യോഗം കൊടുക്കാറില്ലമ്മാ! അമ്മയുടെ മോഹംകൊണ്ടു പറയുന്നു എന്നേ ഞാൻ വിചാരിക്കുന്നുള്ളു.

ചെമ്പകക്കുട്ടിഅമ്മ:—എന്നേക്കാൾ കൂടുതൽ ലോകകാര്യങ്ങൾ നീയല്ലേ അറിഞ്ഞുകൊണ്ടിരിക്കുന്നതു്. ഇയ്യിടെ സ്ഥിരം സർവ്വീസിൽനിന്നു് വി. പി. മേനവനു ഗവർണ്ണരുദ്യോഗം കൊടുത്തതു് നീയും പത്രങ്ങളിൽ വായിച്ചു് അറിഞ്ഞിരിക്കുമല്ലോ.

ഭാരതി:— അതൊരു സ്പെഷ്യൽ കേസായി കൊടുത്തു എന്നേയുള്ളു. അതൊരു പാരമ്പര്യം സൃഷ്ടിക്കുകയില്ല.

ചെമ്പകക്കുട്ടിഅമ്മ:—ആവോ! എന്തോ! എനിക്കൊന്നും അറിഞ്ഞുകൂടാ. എഴുതിഅയയ്ക്കട്ടെയോ സമ്മതമെന്നു്?

ഭാരതി:—ഇതു വിചിത്രംതന്നെ. ആളാരെന്നു മനസ്സിലായില്ല. ഊരും പേരുംപോലും പറഞ്ഞില്ല. ആളിനെ കണ്ടില്ല. ആളിൻെറ ഒരു ഫോട്ടോപോലും എന്നെ കാണിച്ചില്ല. സമ്മതമെന്നു് എഴുതിഅയച്ചുകൊള്ളട്ടയോ എന്നു്!

ചെമ്പകക്കുട്ടിഅമ്മ:—പിണങ്ങാതിരിക്കു മകളേ! എന്റെ മകൾക്കു് ഒരു നല്ല ഭത്താവുവന്നുകാണാൻ നിൻെറ അച്ഛനും എനിക്കും അത്യന്തം ആഗ്രഹമുണ്ടുമകളേ! ഞങ്ങളുടെ നിലയിൽ നീയും എത്തുമ്പോൾ നിനക്കും അങ്ങനെ തോന്നാതെവരില്ല മകളേ!

ഭാരതി:—ഈ അമ്മയുടെ മോഹം ചില്ലറയൊന്നുമല്ല. കുറച്ചുമുൻപേപറഞ്ഞു എനിക്കു് അസിസ്റ്റന്റുകലക്ടരുദ്യോഗമോ

സെഷൻജഡ്ജിഉദ്യോഗമോ വച്ചിരിക്കുന്നുവെന്നു്. പിന്നെ ഇപ്പോൾ പറയുന്നു, ഐ. സി. എസ്.കാരൻ—നാലായിരക്കാരൻ വിവാഹം ആലോചിക്കുന്നുവെന്നു്. ഇതു രണ്ടുംകൂടി എങ്ങനെ നടക്കുമമ്മാ!

ചെമ്പകക്കുട്ടിഅമ്മ:–എന്തുകൊണ്ടു നടന്നുകൂടാ? കല്യാണം നടന്നുവെന്നുവച്ചു് ഉദ്യോഗത്തിലിരിക്കുന്നതിനെന്താ തടസ്സം. അങ്ങനെ ഓരോരുത്തർ മുറയ്ക്കു കഴിയുന്നതു കണ്ടില്ലേ? അങ്ങനെ പല കൊള്ളാവുന്ന സ്ത്രീകളും ഉണ്ടല്ലോ നമ്മുടെ ചുററും. പെൻഷൻപററിയവരുമുണ്ടു്. പററാററായവരുമുണ്ടു്. അവർക്കാർക്കും ഒരു ദൂഷ്യവും പററിയിട്ടില്ല. സുഖക്കുറവും ഉണ്ടായിട്ടില്ല. മക്കളും കുട്ടികളുമാണെങ്കിൽ ആ വകയ്ക്കും കുറവൊന്നുമില്ല.

ഭാരതി:–വളരെ വിശേഷംതന്നെ അമ്മയുടെ ആലോചന. ഐ. സി. എസ്.കാരൻ എന്നെ കല്യാണംകഴിച്ചു് ഇവിടെ ഇട്ടിട്ടു് ഇൻഡ്യയിലൊക്കെ, അല്ലെങ്കിൽ ദേശാന്തരങ്ങളിലൊക്കെ ഉദ്യോഗം ഭരിക്കണം. ഞാൻ ഇവിടെ ഉദ്യോഗത്തിൽ മറ്റൊരു ദേശാടനം. രണ്ടുപേരിൽ ആരെങ്കിലും ഒരാൾക്കു് അവധികിട്ടിയാൽ ഒന്നോ രണ്ടോ മാസം, ആണ്ടിലൊരിക്കൽ ഒന്നിച്ചു താമസിക്കാം. നല്ലൊരു വിവാഹജീവിതം. നേരും മര്യാദയും ഉള്ളവരല്ലെങ്കിൽ ഇവിടെ എനിക്കു ബോധിച്ചവഴി. അവിടെ എന്നെ കല്യാണംകഴിച്ച ആളിനും ബോധിച്ചവഴി. നല്ലൊരു ദാമ്പത്യംതന്നെ. ഹേയ്! കുറച്ചില്ല്.

ചെമ്പകക്കുട്ടിഅമ്മ:–നിന്റെ അഭിപ്രായത്തിനെല്ലാം കാലും കൈയും ഉണ്ടുകുഞ്ഞേ! ഞാൻ നിന്നോടൊന്നും പറയുന്നില്ല. നിനക്കു ബോധിച്ചവഴി നടന്നോ—പ്രസംഗവും ദേശാടനവും, ആയിട്ടങ്ങനെ.

ഭാരതി:–അമ്മ ഇങ്ങനെ കോപിച്ചാലെങ്ങനെയാ? എനിക്കു് ആലോചിക്കാൻ അല്പം സാവകാശം തരണം. എനിക്കു

മനസ്സിനു് ഏതു വൈഷമ്യം നേരിടുമ്പോഴും ആലോചനക്കു് ഒരു ഗുരുവുണ്ടു്. അദ്ദേഹത്തിനോടു് ആലോചിച്ചുകൊണ്ടു തീർച്ചയാക്കാം.

"അതാരാടീപെണ്ണേ! നിന്റെ അച്ഛനേക്കാൾ വലിയ ഗുരു നിനക്കു്?" എന്നിങ്ങനെ പുച്ഛരസദ്യോതകമായ ഒരു ചോദ്യം ചെയ്തു ചെമ്പകക്കുട്ടിഅമ്മ.

അപ്പോൾ ഭാരതി ഇങ്ങനെ പറഞ്ഞു: "അച്ഛനും അദ്ദേഹത്തെ ഗുരുവിനോടൊപ്പം വലിയ ബഹുമാനമാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. അച്ഛൻ ബി. എൽ. പാസ്സാകുന്നതുവരെ അദ്ദേഹത്തിൻെറ കാളേജിൽ ഉദ്യോഗം ഉണ്ടായിരുന്നു. ഞാൻ ഇംഗ്ലീഷുസ്കൂളിൽ പഠിച്ചിട്ടില്ലെന്നും ആദ്യം കാളേജിൽ ഇൻററമീഡിയററുക്ലാസ്സിലാണു ചേർന്നതെന്നും അമ്മ ഓർമ്മിക്കുന്നുണ്ടല്ലോ."

ചെമ്പകക്കുട്ടിഅമ്മ:—ഓ! ഇപ്പോൾ, നീ ഉദ്ദേശിക്കുന്ന ആൾ ആരെന്നു് എനിക്കു് ഓർമ്മവന്നു. എനിക്കും അദ്ദേഹത്തെ വലിയ ബഹുമാനംതന്നെ. നീ ഇംഗ്ലീഷുപഠിച്ചതു് കറസ്പ്പാൺഡൻസ് സ്കൂൾവഴിക്കും കേംബ്രിജ് സീനിയർ പാസ്സായതു് അദ്ദേഹത്തിൻെറ കേംബ്രിജ്ജുകാളേജിൽപഠിച്ചുമാണല്ലോ. മി. അച്യുതൻതമ്പി! നമ്മുടെ കാർ അയച്ചുകൊടുത്തു് അദ്ദേഹത്തെ ഇവിടെ വരുത്താമല്ലോ. നിൻെറ അച്ഛനോടു പറയാം:

ഭാരതി:—ആ ഐ. സി. എസ്.കാരൻ—വലിയ ഉദ്യോഗസ്ഥൻ—ആരെന്നു് അമ്മ പറഞ്ഞില്ലല്ലോ. അദ്ദേഹം എവിടെയിരിക്കുന്നു ഇപ്പോൾ?

ചെമ്പകക്കുട്ടിഅമ്മ:—അങ്ങനെ ചോദിക്കു നല്ലബുദ്ധിയായിട്ടു്. എനിക്കും നിൻെറ അച്ഛനും എന്തു മനസ്സുഖമുണ്ടു്, ഞങ്ങളോടു് ഒത്തുപോയാൽ. അദ്ദേഹത്തിൻെറപേർ നീ കേട്ടിരിക്കും. ഗോപികാരമണമേനോൻ. കേന്ദ്രത്തിലെ സെക്രട്ടാറി

യററിലെ ഒരു വലിയ ഉദ്യോഗസ്ഥനാണദ്ദേഹം. സെക്രട്ടറി. വീട്ട മലബാർഡിസ്ത്രിക്ററിൽ. നല്ലൊരു പഴയ തറവാട്ട്, ഭാരിച്ച സ്വത്തും. ഫോട്ടോ ഇവിടെയുണ്ട്. എടുത്തുകൊണ്ടു വരാം.

എന്നിങ്ങനെപറഞ്ഞു് ചെമ്പകക്കുട്ടിഅമ്മ അടുത്ത മുറിയിലേയ്ക്കു പോയി.

ഭാരതി ചിന്താവിഷ്ടയായി അവിടെത്തന്നെ ഇരുന്നു.

# 2

## ഫോണിൽക്കൂടെ

ഗോപികാരമണമേനവൻ ന്യൂഡെൽഹിയിലുള്ള തന്റെ വസതിയിൽ സ്വകാര്യമുറിയിൽ ഇരുന്നു് അന്നത്തേ പ്രഭാതപ്പത്രിപ്പുഡെയിലികൾ ചിലതു വായിക്കുകയായിരുന്നു. നേരം രാവിലെ മണി ഒൻപതടിച്ചു പതിനഞ്ചുമിനിറ്റായിരിക്കുന്നു. അപ്പോൾ ഫോണിലെ സ്പ്രിങ്മണിയടി കേൾക്കായി.

മേനവൻ റിസീവറെടുത്തു ചെവിയിൽവച്ചു.

ചോദ്യം:—ഹലോ! ആരാ അതു്?

ഉത്തരം:—അതുതന്നെ ഞാനും ചോദിക്കുന്നു.

ചോദ്യം:—എന്നെ വിളിച്ചതു് ആരെന്നു പറയുമോ?

ഉത്തരം:—ഞാൻ ഉദ്ദേശിച്ചയാൾതന്നെയോ ഫോണിൽ സംസാരിക്കുന്നതെന്നു് ആദ്യമേ അറിയണം.

ചോദ്യം:—നിർബ്ബന്ധമെങ്കിൽ അങ്ങോട്ടു നേരത്തെ പറഞ്ഞേക്കാം. ഗോപികാരമണമേനോൻ, പൊളിററിക്കൽ സെക്രട്ടറി, ന്യൂഡെൽഹി. ആ മേൻതന്നെ ഞാൻ. എന്നെയല്ലേ നിങ്ങൾ ആട്ടോവിൽ സംസാരിക്കാൻ അന്വേഷിച്ചതു്?

ഉത്തരം:-ക്ഷമിക്കണേ! സൂക്ഷ്മമായി ആളറിഞ്ഞിട്ടുവേണ്ടേ

സംസാരിക്കാൻ? ഞാനാണ് ഭാരതി. ഗോപാലമേനോൻ മന്ത്രിയുടെ മകൾ. ഇപ്പോൾ മനസ്സിലായോ കാൎയ്യം?

ചോദ്യം:—(പ്രസന്നസ്വരത്തിൽ) മനസ്സിലായി, മനസ്സിലായി. എന്താ എന്നെ അന്വേഷിച്ചതു് ഇപ്പോൾ?

ഉത്തരം:—അതുതന്നെ ഞാനും ചോദിക്കുന്നു.

ചോദ്യം:—ഞാൻ അന്വേഷിച്ചില്ലല്ലോ.

ഉത്തരം:—തെളിവു കാണിക്കട്ടെയോ?

ചോദ്യം:-(ഉറക്കെ ചിരിച്ചുകൊണ്ടു്) അതു് ഏതായാലും ഈ നിമിഷത്തിൽ സാദ്ധ്യമല്ലല്ലോ. അന്വേഷിച്ചതു ശരിയാ. കേട്ടോ—ആട്ടെ, സമ്മതാണോ ഇങ്ങട്ടു പോരാൻ? എന്നോടു് കോ-ഓപ്പറേറ്റ് ചെയ്തു ജീവിക്കാൻ? ഈ ന്യൂസു മററാരും അറിയേണ്ട?—ഈ സംഭാഷണക്കാൎയ്യം?

ഉത്തരം:—ഞാൻ എന്താ പറയുക! ഞാൻ ഒരു പൊളിറ്റിക്കൽ വർക്കറാ. ഇവിടത്തെ റിപ്പബ്ളിക്കൻപാർട്ടിയെ നയിക്കുകയാ. ആലോചിച്ചു, വിരോധമില്ലെങ്കിൽ ആവാം.

ചോദ്യം:—എങ്ങനെ? ആർതമ്മിൽ ആലോചിച്ചു്?

ഉത്തരം:—നാംതമ്മിൽത്തന്നെ. നമ്മുടെ കാൎയ്യം നാംതന്നല്ലേ തീരുമാനിക്കുക. ഗാർഡിയൻസിൻേറയോ പേരൻസ്സിൻേറയോ ഒരു ഫോർമൽ അപ്രൂവൽ മതിയല്ലോ നാംതമ്മിൽ ഉറച്ചാൽ.

ചോദ്യം:—അതു വാസ്തവാ. എന്നാ സമ്മതാണല്ലോ?

ഉത്തരം:—അതാ നേരത്തെ പറഞ്ഞതു്, ഞാനൊരു പൊളിററിക്കൽ വക്കറാണെന്നു്. തമ്മിൽ നേരിട്ടുകണ്ടു സംസാരിക്കണമോ? വേണമെന്നുണ്ടെങ്കിൽ ഇത്രടം ഒന്നു പറക്കുക.

ചോദ്യം:—കല്പനകിട്ടിയാൽ ആവാം. പ്രയാസമില്യാ അതിനെന്നു് അറിയാലോ?

ഉത്തരം:—കല്പന വാങ്ങി വരുക, എങ്കിൽ വേഗം.

ചോദ്യം:-അവിടെ എല്ലാവൎക്കും ക്ഷേമമോ?

ഉത്തരം:-അതേ. താങ്ക്സ്. പുറപ്പെട്ടംമുൻപ് അറിയിക്കമല്ലോ.

ചോദ്യം:-അങ്ങനെ ചെയ്യാലോ. അതിന്നിടയ്ക്ക് വിശേഷം വല്ലതുമിണ്ടെങ്കിൽ ഫോണിൽ വിളിക്കുമോ?

ഉത്തരം:-അങ്ങനെ ചെയ്യാം—താങ്ക്സ്.

സംഭാഷണം നിലച്ചമണിനാദം കേട്ടു. മേനവൻ റിസീവർ മേശപ്പുറത്തുവച്ചു. അനന്തരം, നടന്ന സംഭാഷണത്തെ ചിന്തിച്ച് വിസ്മയാവേശനായി ഇങ്ങനെ സ്വയം സംതൃപ്തനായി: "എനിക്ക പററിയ മാച്ച്! രണ്ടുമൂന്നു മിനിററുനേരത്തേ ഫോൺഭാഷണംകൊണ്ട് ആളെ മനസ്സിലാക്കിക്കഴിഞ്ഞു. വളരെ തൻേറടവും ചുണയും സാമത്ഥ്യവും ഉള്ള കുട്ടി. ഋജ്ജുബുദ്ധി. കൗശലവും കറുനടയും ഒന്നുമില്ല. എന്നാൽ അതിസ്വതന്ത്ര. ഭാരതിയെ ആശിച്ചതുപോലെ കിട്ടുമോ? ആവോ; എങ്ങനെ തീർച്ചയാക്കാം? എങ്കിലും അൻപതുശതമാനവും അനുകൂലമാണ് എന്നാ സംഭാഷണത്തിൽനിന്നു വ്യക്തമാവുക. പൊളിററിക്കൽവർക്കാണ്. സമ്മതമുണ്ടെങ്കിൽ മതി എന്നാ സൂചിപ്പിച്ചതു്. എന്നാൽത്തന്നെ എന്തു്? ഭാരതി ആ സ്റ്റേററിലെ മുഖ്യമന്ത്രിണിയാവാൻ തക്കതായ വൈഭവവും യോഗ്യതയും ആദശ്ശുദ്ധിയും സൽസ്വഭാവവുമുള്ള ഒരു യുവതി. തന്നെ രക്ഷിച്ചു വളത്തി വിദ്യാഭ്യാസംചെയ്യിച്ച് ഈ നിലയിൽ എത്തിച്ച അച്ഛനു് എതിരായ രാഷ്ട്രീയകക്ഷിയെ നയിക്കുവാൻ ധൈയ്യമവലംബിച്ചിരിക്കുന്ന ഒരു മകൾ—രാഷ്ട്രീയ പ്രബുദ്ധതയേറിയ ബ്രിട്ടനിലെയും അമേരിക്കയിലെയും സംസ്കാരസമ്പന്നരായ ചില രാഷ്ട്രീയപ്രവത്തകരുടെ മനഃസ്ഥിതിയും ആദർശവുമാണ് ഈ യുവതിക്ക്. ഭാരതി ഭാഗ്യവതിയായിത്തീരും. സന്ദേഹമില്ല. എൻെറ ഭാര്യയായിത്തീന്നാലും ഇല്ലെങ്കിലും. ഒരുപക്ഷേ, വിവാഹക്കായ്യത്തിൽ എന്റെ ലക്ഷ്യത്തിൽനിന്നു തെറ്റിപ്പോയാലും ഖേദമില്ല എനിക്ക്. ഈ യുവ

തിയുമായി സമ്പൎക്കം പുലർത്താനിടയാവുമെങ്കിൽ അതുതന്നെ പരമഭാഗ്യം.''

# 3

## ഭാസി

അന്നു് മൈതാനത്തു് റിപ്പബ്ളിക്കൻപാർട്ടിയുടെ ഒരു പ്രചരണയോഗമുണ്ടായിരുന്നു. യോഗംകഴിഞ്ഞു് ആളുകൾ പിരിഞ്ഞുതുടങ്ങി. സമയം ഏതാണ്ടു് ആറുമണികഴിഞ്ഞു. പ്രസംഗങ്ങൾകേട്ടു ലഹരിപിടിച്ചു് വഴിയിൽ കണ്ടവരോടെല്ലാം അഭിപ്രായപ്രകടനം നടത്തിക്കൊണ്ടാണു് ഭാസിയുടെ പുറപ്പാടു്. ഭാസി മന്ത്രിസദനത്തിലെ പരിചാരകനും പ്രമാണിയുമാണെന്ന വിശ്വാസത്തിൽ തലയുയൎത്തിപ്പിടിച്ചു് അങ്ങനെ നേരെ മന്ത്രിസദനത്തിലേയ്ക്കുതന്നെ കടന്നുചെന്നു. ചെമ്പകക്കുട്ടിഅമ്മ ഒന്നു മുറുക്കാൻഭാവിക്കുകയായിരുന്നു. ഭാസി, കൊച്ചമ്മയുടെ അടുത്തുചെന്നു് മൈതാനപ്രസംഗത്തിലെ ആവേശഭരിതങ്ങളായ ചില വാക്കുകൾ പരസ്പരബന്ധമില്ലാതെ തട്ടിവിട്ടുതുടങ്ങി. എന്നിട്ടു് മീററിങ്ങ്വിവരങ്ങൾ കൊച്ചമ്മയോടു പറഞ്ഞു. അവർക്കു് ഭാസിയുടെ പ്രതിപാദനം ഒന്നും മനസ്സിലായില്ല. ചെമ്പകക്കുട്ടിഅമ്മ ചോദിച്ചു.

ചെമ്പകക്കുട്ടിഅമ്മ:—നിങ്ങടെ മീററിങ്ങ് എന്തെടാ? എനിക്കു് അതു് ഇതുവരെ രൂപമായിട്ടില്ല—നീ പറഞ്ഞിട്ടു്.

ഭാസി:—ആരുടെ മീററിങ്ങ്?—തൊഴിലാളികളുടെ?

ചെമ്പകക്കുട്ടിഅമ്മ പൊട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു: ''അതിൽ നിനക്കെന്തെടാ കാൎയ്യം? നീ തൊഴിലാളിയല്ലല്ലൊ.''

ഭാസി:—അയ്യോ! കഷ്ടം! കൊച്ചമ്മയ്ക്കു് ഇതുവരെ ഇതു മനസ്സിലായിട്ടില്ലേ? ഞാൻ അടുക്കളത്തൊഴിലാളി! തൊഴിലാളിച്ചട്ടം ഞങ്ങളെയും സംബന്ധിക്കും കൊച്ചമ്മാ!

ചെമ്പകക്കുട്ടിഅമ്മ പൊട്ടിച്ചിരിച്ചുകൊണ്ടു്: "ബലേ! ഭേഷ്! പണിമുടക്കും സത്യഗ്രഹവും ഒന്നും എടുത്തേക്കരുതേ ഇവിടെ."

ഭാസി:-ഇവിടവും ഒരു ഫാക്ടറിയാ കൊച്ചമ്മാ! ഫാക്ടറിച്ചട്ടം അനുസരിച്ചു ശമ്പളവും മെത്തയും അവധിയും ഒക്കെ മുറയ്ക്കു തന്നില്ലെങ്കിൽ അടുക്കളയിൽ പണിമുടക്കം, പുറന്തിണ്ണയിൽ കുത്തിയിരിപ്പുസത്യഗ്രഹവും ഒക്കെ നടത്താൻ മടിക്കരുതെന്നു് ഞങ്ങളുടെ പ്രസിഡണ്ടദ്ദേഹം ഇന്നാള് പ്രസംഗിച്ചു. വേണ്ടിവന്നാൽ അതും ഒക്കെ ഈ ഭാസിയുടെ കൈയിലുണ്ടു കൊച്ചമ്മാ! പൊലീസും പട്ടാളവും കൈയിലുണ്ടെന്നായിരിക്കും കൊച്ചമ്മേടെ ഹുങ്കു്. അതൊക്കെ അങ്ങു വച്ചേക്കണം. പിന്നെ പിരിച്ചുവിടാനും ഒന്നും എളുപ്പമല്ല ഇക്കാലത്തു് കൊച്ചമ്മാ.

ചെമ്പകക്കുട്ടിഅമ്മ ചിരിച്ചു മണ്ണുകപ്പി, ഭാസിയുടെ ഫലിതസമ്മിശ്രമായ ഭാഷണം കേട്ടിട്ടു്. "അപ്പോൾ നീ ഇത്ര വലിയ ആളായിപ്പോയല്ലോ ഭാസി. ഇക്കഥ ഞാൻ അറിഞ്ഞില്ലേ എൻറപ്പനേ!"

ഭാസി പൂർവ്വാധികം ഉന്മേഷത്തോടുകൂടി പറഞ്ഞുതുടങ്ങി: "ഞാനും കമ്മറ്റിമെമ്പറാ കൊച്ചമ്മാ! ഇന്നാളു് പണിക്കരങ്ങത്തേവീട്ടിലെ കൊച്ചമ്മയോടു നിഷേധിച്ചു് അവിടത്തേ സ്ത്രീതൊഴിലാളി അടുക്കളത്തിണ്ണയിൽ കുത്തിയിരിപ്പുസത്യഗ്രഹം. ആ കൊച്ചമ്മ അപ്പൊ അവിടെ ഇല്ലായിരുന്നു. പുറമെ എവിടെയോ പോയിവന്നപ്പൊ കണ്ടകാഴ്ച ഇതാ. ആ കൊച്ചമ്മേക്കു് അരിശംകൊണ്ടു. അടുക്കളയിക്കിടന്ന ഒരു അഴക്കുപിടിച്ച തൊറപ്പയുംകൊണ്ടു് കൊച്ചമ്മ ഒരു ചാട്ടം തിണ്ണയിലോട്ടു്. അങ്ങുന്നു് അങ്ങു ഞെട്ടിയുംപോയി. ആ പെൺപുറന്നവക്കെവിടെ ക്ഷമ. കൊച്ചമ്മ അങ്ങു് തൊറപ്പപ്രഹരവുംതുടങ്ങി. ഇതുകണ്ടു സഹിക്കാതെ അങ്ങുന്നു് ഓടി അപ്പുറത്തേക്കു്. ആ

തൊഴിലാളി ആ ഇരുന്നയിരുപ്പിൽത്തന്നെ ഇരുന്നു് അടിമുഴുവൻ ഏററു. ഒടുവിൽ കൊച്ചമ്മയ്ക്കുതന്നെ അലിവുതോന്നി മറുവശത്തേയ്ക്കുപോയി. ആ കേസ് ഞങ്ങടെ കമ്മററിയിൽ വന്നു. അപ്പോൾ ഒത്തുതീർപ്പിൽ വരുത്താൻ എന്നേക്കൂടെയാ വിട്ടതു്.''

ചെമ്പകക്കുട്ടിഅമ്മ:-എടാ മിടുക്കാ! ഇപ്പണികളും നിന്റെ പക്കലുണ്ടോ?

ഭാസി:-ഞാനവിടെച്ചെന്നു വാദിച്ചു്, ആ കൊച്ചമ്മയേക്കൊണ്ടു് ആ സ്ത്രീതൊഴിലാളിയോടു ക്ഷമയും പറയിച്ചു. ഒരു മാസത്തെ ശമ്പളം രൂപാ നാലും എനാമുംകൊടുപ്പിച്ചു കാര്യം ഒത്തുതീർപ്പിലാക്കി. ഇപ്പോളതാ കൊച്ചമ്മ പട്ടുശീലം. അടുക്കളക്കാരിയോടു കമാന്നു മുളുകേയില്ല.

ചെമ്പകക്കുട്ടിഅമ്മ:-കൊള്ളാം ഭാസി! നീ മുൻപേ പറഞ്ഞു ഒരു കാര്യം. അതു ചോദിക്കാൻ വിട്ടുപോയി. ശമ്പളവും മെത്തയും അവധിയും കിട്ടണമെന്നു്. നിനക്കു് ഇപ്പോ പായും തലയിണയുമേ ഉള്ളു, അല്ലേ? ഇനി മെത്തയും കട്ടിലുംകൂടി ഏർപ്പാടുചെയ്തുതരണമെന്നായിരിക്കും. പിന്നെ ഒരു ഭാര്യയും.

ഭാസി:-കിടക്കുന്ന മെത്തയല്ല കൊച്ചമ്മാ! ശമ്പളത്തിന്റെ കൂടെ ഉള്ള മെത്ത. അങ്ങനെ ഒരു കൂട്ടം ഉണ്ടു്. അതും പണംതന്നെയെന്നാ ഞങ്ങളുടെ പ്രസിഡണ്ടു പറഞ്ഞതു്.

ചെമ്പകക്കുട്ടിഅമ്മ ചിരിതുടങ്ങി. "അതെന്തു മെത്തയെടാ ഭാസീ! ശമ്പളത്തോടുകൂടിയുള്ള മെത്ത! ഇവിടെ അങ്ങുന്നു വരട്ടെ സക്കൂട്ടുകഴിഞ്ഞു്. അപ്പോൾ ചോദിച്ചു മനസ്സിലാക്കണം അക്കാര്യം,'' എന്നു് ആ ഗൃഹനാഥ.

ഭാസി ആവേശഭരിതനായി പറഞ്ഞു: "അതു് ഒരു മെത്തതന്നെ കൊച്ചമ്മ! ഇരിക്കാനുള്ള ഒരു കുട്ടിമെത്തയായിരിക്കും. അടുക്കളയിൽ രാപകലില്ലാതെ പണിയെടുത്തു വിഷമിക്കുമ്പോൾ അടുക്കളത്തൊഴിലാളിക്കും നടുവു് ഒന്നു നിവക്കണ്ടെ

മല്ലൊ. അതിന്നു ബുദ്ധിയുള്ള നല്ലയാളുകൾ ഫാക്ടറിനിയമത്തി നകത്തു തിരുകിക്കൊടുത്ത ഒരു ആപ്പായിരിക്കും അതു്."

"കൊച്ചുമെത്തയോ?—അട്ടക്കളയിൽ നട്ടവുനിവക്കാൻ?" എന്നുപറഞ്ഞു ചെമ്പകക്കുട്ടിഅമ്മ വീണ്ടും വീണ്ടും ചിരിച്ചുതകൎത്തു. അനന്തരം ആ സ്ത്രീ ഇങ്ങനെ മനോരാജ്യംകൊണ്ടു: 'ഇപ്പോൾ അവകാശങ്ങൾക്കായുള്ള ആഹ്വാനവും വടംവലിയുമേ സൎവ്വത്ര കേൾക്കാനും കാണാനും ഉള്ളൂ. അവകാശങ്ങൾ അനുവദിച്ചുകൊടുക്കേണ്ടവർ അതു വേണ്ടസമയത്തു് ചെയ്യുന്നില്ലെങ്കിൽ ചോദിച്ചും വാദിച്ചും വാങ്ങേണ്ടതു് സങ്കടം അനുഭവിക്കുന്നവൻെറ ആവശ്യംതന്നെ. എന്നാൽ അവകാശവാദത്തിനായി അവരെ നയിക്കുന്നതിനോടൊപ്പം അവരുടെ സംസ്കാരംകൂടി വികസിപ്പിക്കുവാൻ നേതാക്കന്മാർ പോംവഴി കാണുകയും അതിനായി യത്നിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.'

ഭാസി:-കൊച്ചമ്മ എന്താ മന്ദംപിടിച്ചു നിൽക്കുന്നതു്? ഫാക്ടറിച്ചട്ടം എട്ടുത്തുവിളമ്പിയതു പിടിച്ചില്ലെന്നുണ്ടോ? ഏതായാലും ആ മുറകളൊന്നും ഇതിനകത്തു് എട്ടുക്കുല്ല ഭാസി. അങ്ങനെവല്ലതും ചെയ്താൽ അഞ്ചുന്നു ഭാസിയെ ഡെററന്യൂ ആക്കി വല്ല ഇരുട്ടുകുഴിലാക്കപ്പിലും അടപ്പിച്ചുകളയും. പിന്നെ ഭാസി സുപ്രീംകോടതിവരെ പോകേണ്ടിവരും ഹർജിയുംകൊണ്ടു്. അതൊക്കെ വലിയ തൊല്ല കൊച്ചമ്മാ.

ചെമ്പകക്കുട്ടിഅമ്മ:-എടാ മിടുക്കാ! നിനക്കു ലോകകാൎയ്യങ്ങളൊക്കെ എന്നേക്കാൾ നിശ്ചയം വന്നിരിക്കുന്നല്ലോ!

ഭാസി:-മൈതാനത്തുപോകുന്നതിൻെറ ഗുണമാ കൊച്ചമ്മാ ഇതെല്ലാം. പ്രസംഗം—പ്രസംഗം എന്നുവച്ചാൽ ചില്ലറക്കളിയോ? അതു കേട്ടാൽ പിന്നെ കാപ്പിയുംവേണ്ട, ചായയും വേണ്ട, ബീഡിയുംവേണ്ട, ഊണുംവേണ്ട, ഒറക്കവും വേണ്ട. അതാണതിൻെറ ഗുണം കൊച്ചമ്മാ. ങ്ദ! പറഞ്ഞുപറഞ്ഞു് ഒരു കാൎയ്യം പറയാൻ വിട്ടുപോയി. പ്രസംഗംകഴിഞ്ഞു കൊച്ചു

കൊച്ചമ്മയും ആ നായരദ്ദേഹവുംകൂടെ ഒരു കാറിൽകയറി ഒരു പാച്ചിൽ. ഇന്നു രാത്രിതന്നെ ഇനി മൂന്നുംരണ്ടും അഞ്ച്യ മീററിങ്ങ് ഉണ്ടത്രേ അട്ടത്തുതന്നെ.

ചെമ്പകക്കുട്ടിഅമ്മ ചിന്താവിഷ്ടയായി മൗനംഭജിച്ചു. ഊറിയ മന്ദഹാസവും ആ പ്രൗഢാംഗനയുടെ മുഖത്തു കളിയാടി. അതുകണ്ടു ഭാസി തുടന്നു:

"പത്താരമ്മകം കൊച്ചുകൊച്ചമ്മ തിരിച്ചുവരുമെന്നും വീട്ടിൽ വലിയകൊച്ചമ്മയോടു പറയണമെന്നും എന്നോടു പറഞ്ഞിട്ടുപോവാൻ ബുദ്ധിതോന്നി."

ചെമ്പകക്കുട്ടിഅമ്മ:-ങ്ഹ! ആവട്ടെ. സൗകര്യംപോലെ വരട്ടെ.

ഭാസി:-എങ്കിലും രാത്രിയല്ലേ കൊച്ചമ്മാ? കൊച്ചുകൊച്ചമ്മക്കു ചെറുപ്പമല്ലേ? പ്രിയമുള്ളവരായാൽതന്നെയും പെണ്ണുങ്ങൾ അന്യരോടുകൂടെ രാത്രിയിൽ നടക്കുന്നതു പങ്കം.

ചെമ്പകക്കുട്ടിഅമ്മ ഭാസിയുടെ താക്കീതു കേട്ടഭാവംപോലും നടിച്ചില്ല. അതുകണ്ടു് അവൻ വീണ്ടും പറഞ്ഞു: "കൊച്ചമ്മ ഭാസിക്കു് ഒരു ഉതവി ചെയ്താൽ കൊള്ളാം. എത്ര നാളായി ഇവിടെക്കിടന്നു മടങ്ങുന്നു. അങ്ങുന്നു പിരിയുംമുൻപു് ഒരു ലാവണം, എവിടെങ്കിലും പതിച്ചിട്ടാൽ ഉപകാരം."

ചെമ്പകക്കുട്ടിഅമ്മ:- ആകട്ടെ ഭാസീ! ശരിപ്പെടുത്തിയേക്കാം.

## 4

## ദേവേന്ദ്രൻനമ്പൂരിപ്പാടു്

ഭാരതിയുമായി ഫോൺസംഭാഷണം നടന്നദിവസം രാത്രിയായപ്പോൾ ഗോപികാരമണൻമേനവൻെറ ന്യൂഡെൽഹി വസതിയിൽ ദേവേന്ദ്രൻനമ്പൂരിപ്പാടിൻെറ ആഗമനം

ഉണ്ടായി. വടക്കെമലബാറിലേ വിശ്രുതമായ സ്വർല്ലോകത്തു മനയ്ക്കലേ ഭരണക്കാരനായ 'മഹൻമൂപ്പിലേ'യാണു നമ്പൂരിപ്പാട്ട്. ഗോപികാരമണമേനവൻെറ ഒരു ബന്ധുവും കുടുംബംവക അനേക ഏക്കർ നിലംപുരയിടങ്ങളുടെ ജന്മിയും ആണദ്ദേഹം. മേനവൻെറ മാതുലനും കുടുംബകാരണവരുമായ രാമൻകുട്ടിമേനവൻെറ മൂത്തപുത്രിയുടെ ഭർത്താവെന്ന മുറയിലാണു് അവർതമ്മിലുള്ള ചാർച്ച. നമ്പൂരിപ്പാടിലെ ഭാര്യ ഇക്കാവമ്മ മദിരാശി സർവ്വകലാശാലയിൽനിന്നു ബി. എ. പരീക്ഷ ജയിച്ച ഒരു യുവതിയാണു്. അവരുടെ ഇളയസോദരിയായി പത്മിനി എന്നൊരു യുവതി അവിവാഹിതയായി നില്പുണ്ടു്. ആ യുവതിയും ബി. എ. പാസ്സായിട്ടുണ്ടു്. മേനവൻെറ കാരണവർക്കു് ഇങ്ങനെ രണ്ടു സന്താനങ്ങളേയുള്ളു. ഗോപികാരമണമേനവൻെറ ഇളയസോദരനായി പ്രജ്ഞാനാഥമേനവൻ എന്നൊരു യുവാവുണ്ടു്. അയാളും ഒരു ഗ്രാഡുവേററാണു്. എങ്കിലും ഉദ്യോഗങ്ങൾക്കായി ഉപരിപഠനത്തിനു പോകാതെ കുടുംബഭരണകാര്യങ്ങളിൽ വയോധികനായ കാരണവർക്കു പിൻതുണനല്കുവാൻവേണ്ടി തറവാട്ടിൽത്തന്നെ സ്ഥിരവാസമായിരിക്കുന്നു. മേനവസോദരന്മാരുടെ അച്ഛൻ കിട്ടുണ്ണിമേനവൻ വളരെ ചെറുപ്പത്തിൽത്തന്നെ അന്തരിച്ചുപോയതിനാൽ അവരുടെ മാതാവു്, രാജലക്ഷ്മിഅമ്മ തറവാട്ടുഭവനമായ ഇടത്തിൽമാത്തിൽത്തന്നെയാണു വാസം. ഭർത്താവിൻെറ ആർജ്ജിതസ്വത്തിൽനിന്നും അവർക്കു നല്ലൊരു അംശം ലഭിക്കാതെയുമിരുന്നിട്ടില്ല. മേനവൻെറ വിദ്യാഭ്യാസം കാരണവർ രാമൻകുട്ടിമേനവൻെറ അഭിപ്രായാനുസൃതമാണു നടത്തപ്പെട്ടതെന്നുമാത്രമല്ല, വിദ്യാഭ്യാസച്ചെലവുമുഴവൻ അദ്ദേഹംതന്നെയാണു വഹിച്ചിട്ടുള്ളതും. ഇളയ പുത്രിയെ മൂത്ത ഭാഗിനേയനെക്കൊണ്ടു വിവാഹം കഴിപ്പിക്കണമെന്നു് അദ്ദേഹത്തിനു് അഭിനിവേശം ഉണ്ടെങ്കിലും തൻെറ ഇംഗിതം ഇതേ

വരെ മേനവനെ മനസ്സിലാക്കിയിട്ടില്ല. മേനവൻ ആ അന്തഗ്ഗതം അറിഞ്ഞിട്ടോ, അറിയായ്കയാലോ അതിന്നു മനസ്സു വക്കുകയുണ്ടായിട്ടുമില്ല.

ഇങ്ങനെയിരിക്കുന്ന ഗദ്ധുവിലാണു നമ്പൂരിപ്പാട്ടിലെ പുറപ്പാട്ട്. ആഗതനായ ബന്ധുവിൻെറ സ്ഥാനത്തിന്നും സ്ഥിതിക്കും അനുരൂപമായി ഹൃദ്യമായ ഒരു സ്വീകരണത്തിന്നുവേണ്ട സകല ഏർപ്പാട്ടുകളും ഗോപികാരമണമേനവൻ പെട്ടെന്ന് അവിടെ ചെയ്തു ശരിപ്പെടുത്തി. രണ്ടുപേരും അത്താഴം കഴിഞ്ഞു വസതിയുടെ രണ്ടാമത്തേ നിലയിലുള്ള ഹാളിൽ വിശ്രമിക്കുകയായിരുന്നു. സരസനായ നമ്പൂരിപ്പാട്ട് ആ സന്ദർഭത്തിൽ ഇങ്ങനെ സംഭാഷണം ആരംഭിച്ചു:

"ആ പ്ലെയിനിലെ യാത്ര ബഹുസുഖം കേട്ടോ. ശങ്കിച്ചിരുന്നതുപോലെ വൈഷമ്യങ്ങളൊന്നും ഉണ്ടായില്ല."

മേനവൻ:—അന്തരീക്ഷത്തിൻെറ സ്ഥിതി ശുഭമെങ്കിൽ ഇത്ര സുഖകരമായ വാഹനം വേറൊന്നുമില്ല.

നമ്പൂരിപ്പാട്ട്:— പണ്ടു ശ്രീരാമൻ സീതയേയും ഒട്ടധികം ആശ്രിതരെയും അവരുടെ സ്ത്രീകളേയുംകൊണ്ടു പുഷ്പകത്തിൽചെയ്ത യാത്ര നോം ഓർമ്മിക്കുകയുണ്ടായി ഇങ്ങട്ട് തിരിച്ചപ്പോൾ. പരമസുഖം എന്നേപറയേണ്ടു. ഇക്കാവിന്നും പത്മത്തിന്നുംകൂടെ പ്ലെയിനിൽ ഇവിടെവരെ വരണമെന്നു മോഹമുണ്ടായിരുന്നു. അടുത്തകുറിയാവട്ടെ, മേനവൻകൂടെയുള്ള ഗദ്ധുവിലായിക്കൊള്ളട്ടെ എന്നു നോം അവരെ സമാധാനപ്പെടുത്തിയിട്ടാ യാത്ര. അതിനകത്തെ യാത്രയുടെ സുഖം ഓർമ്മിക്കുമ്പോൾ അവരെക്കൂടി കൊണ്ടുപോരാഞ്ഞതിൽ ലേശം ഖേദമില്ലാതില്ല.

മേനവൻ:—പ്ലെയിൻയാത്ര എല്ലാർക്കും സുഖമായെന്നുവരില്ല. ഓക്കാനവും ഛർദ്ദിയും ഒക്കെ ഉണ്ടാവാം ചിലക്ക്. അന്തരീക്ഷം ശരിയല്ലെങ്കിൽ കൂടുതൽ വിഷമകരവുമാണ്. അവരു വല്ല സ്ഥലത്തേയ്ക്കും പറന്നിരിക്കാൻ ഇടയിണ്ടേ്.

35324

നമ്പൂരിപ്പാട്ട്:—ആവോ! അക്കഥ അവരാരും നമ്മോട്ട പറഞ്ഞിട്ടില്ല. അതിലേ ആ ഭരണക്കാരി—ഹോസ്റ്റസ്മദാമ്മ—എന്തൊരു ചാതുൎയ്യം!—എന്തൊരു വിനയം!—

മേനവൻ:—എല്ലാ ഹോസ്റ്റസ്സുകളും അങ്ങനെതന്നെയാ. ഈ ഉദ്യോഗത്തിൽ അവർക്കു നൽകുന്ന പരിശീലനത്തിന്റെ രീതി അങ്ങനെയാ.

നമ്പൂരിപ്പാട്ട്:—എങ്കിലും നമ്മുടെ സ്ത്രീകൾക്ക് ഇത്ര കോഴ തീൎന്നുകാണാറില്ല. ഇൻഡ്യൻഹോസ്റ്റസ്സുകളുടെ പരിചരണവും നോം കണ്ടും അനുഭവിച്ചും മനസ്സിലാക്കിയിട്ടുണ്ട്. ഇക്കാവും പത്മവുംകൂടെ ഇല്ലാതിരുന്നതുതന്നെ ഒരുകണക്കിൽ ഭാഗ്യമെന്നു നമുക്ക് ഇങ്ങട്ടുള്ള യാത്രയിൽ ഇടയ്ക്കിടെ തോന്നാതിരുന്നില്ലേ.

മേനവൻ:— യൂറോപ്യൻസ്ത്രീകളുടെയും ആംഗ്ലോഇൻഡ്യൻസ്ത്രീകളുടെയും നഴ്സിങ്ങ്സമ്പ്രദായം അങ്ങനെയാ. പ്ലെയിനിലെ യൂറോപ്യൻഹോസ്റ്റസ്സുകളോളം കോഴതീൎന്നവരല്ല ഇൻഡ്യൻഹോസ്റ്റസ്സുകൾ. അടുത്ത യാത്രയിൽ അവരെ രണ്ടുപേരെയുംകൂടെ കൊണ്ടുവരണം തിരുമനസ്സുകൊണ്ട്.

നമ്പൂരിപ്പാട്ട് മേനവന്റെ മുഖത്തുനോക്കി അൎത്ഥഗൎഭമായി പുഞ്ചിരിതൂകിക്കൊണ്ട്: "അടുത്തെങ്ങാൻ കല്പനവാങ്ങി അങ്ങട്ട് വന്ന് ഇങ്ങട്ടു കൂട്ടിക്കൊണ്ടുപോവരുതേ?"

മേനവൻ ചിരിച്ചുകൊണ്ടുപറഞ്ഞു: "ഇവിടെ ജോലിയുടെ സമ്പ്രദായത്തിനു് ശരിക്ക് ഉണ്ണാനും ഉറങ്ങാനുംകൂടെ സാവകാശമില്ല്യ തിരുമനസ്സുകൊണ്ട്."

നമ്പൂരിപ്പാട്ട്:—അടുത്തെങ്ങാൻ വല്ല പ്രൊമോഷനും കിട്ടാൻ ചാൻസ് ഉണ്ടാവുമോ?

മേനവൻ:-ഒരുപക്ഷേ, അടുത്തെങ്ങാൻ ഫോറിൻ എംബസിയിൽ നിയമിച്ചേക്കാൻ എടയിണ്ട്.

നമ്പൂരിപ്പാട്ട്:—ആവൂ! ഭഗവാനേ! അതു് എളുപ്പത്തിൽ

35324

സാധിച്ചുതരണമേ! പുത്രത്തിനുവേണ്ടിക്കൂടിയുള്ള പ്രാത്ഥന യാ ഇതു്. ഗോപീഏട്ടനു് ഫോറിൻ എംബസിയിൽ ഉദ്യോഗമാവുമ്പോ ശീമയ്ക്കുപോവാൻ കൊതിച്ചിരിക്കയാ കുട്ടി.

മേനവൻ ഒന്നു പുഞ്ചിരിച്ചു. അനന്തരം ഒരു നിമേഷം ചിന്താവിഷ്ടനായിരുന്നു. അപ്പോൾ നമ്പൂരിപ്പാട്ടു് പറഞ്ഞു: "മേനനോട്ടു് ഒരു സംഗതി പറവാൻ ഇക്കാവിന്റെ അമ്മ ഭരമേല്പിച്ചയച്ചിരിക്കയാ. അത്താഴംഊണു കഴിഞ്ഞിട്ടു്, ഇത്തരം ശുഭകാര്യങ്ങളെക്കുറിച്ചു് സംസാരിക്കുന്നതു വിഹിതമല്ലെന്നു് ഒരു വിശ്വാസവുമിണ്ടു്. നാളെ സാവകാശമായി പറഞ്ഞുകൊള്ളാം."

മേനവൻ:-എന്താണോ, വിശേഷിച്ചു് അമ്മാവിക്കു് ന്യൂഡൽഹിയിൽനിന്നു സാധിപ്പാൻ. തിരുമനസ്സീന്നു കല്പിച്ചു പറയുക. ഇങ്ങനെയുള്ള അന്ധവിശ്വാസം തിരുമേനിക്കു് ഇല്ലെന്നാ നിനച്ചിരുന്നതു്."

"അമ്മാവി ദാഹിച്ചുമോഹിച്ചു് ഒരു പാല്പായസത്തിനു കാത്തിരിക്കയാ. അമ്മാവനും ആശയില്ലായ്കയല്ല. അതു് ഇപ്പൊ ന്യൂഡൽഹിയിലാ," എന്നു നമ്പൂരിപ്പാട്ടു് ചിരിച്ചുകൊണ്ടു പറഞ്ഞു.

മേനവൻ:—അതു് കരതലാമലകംപോലെ എപ്പോഴും സ്വാധീനത്തിലിരിക്കുന്നതല്ലേ?

നമ്പൂരിപ്പാട്ടു്:—കരഗതംതന്നെ എന്നു സമ്മതിക്കുന്നു. അനുഭവത്തിൽ ഇല്ലാത്ത നിലയല്ലേ?

മേനവൻ മന്ദസ്മിതത്തോടുകൂടി നമ്പൂരിപ്പാട്ടിലെ മുഖത്തേയ്ക്കുനോക്കി. അപ്പോൾ നമ്പൂരിപ്പാട്ടു് ഇങ്ങനെ തുടൎന്നു:

"മൂപ്പിലേയ്ക്കു് ഇക്കാരണവശാൽ ഇത്തിരി കുണ്ഠിതംകൂടെ ഇണ്ടായിട്ടുണ്ടു്. അവിടത്തേയ്ക്കു് വയസ്സുകാലമാ. നിവൃത്തി ഉള്ളേടത്തോളം നാമായിട്ടു് ഒരു അന്തസ്താപത്തിനു് ഇടയാക്കിക്കൂടാ. ഇതൊന്നും നോം പ്രത്യേകിച്ചു് പറഞ്ഞു ധരിപ്പി

ക്കേണ്ടതന്നയാൾ അല്ലല്ലൊ മേൻ. ഏതായാലും ഇനി ഈ മൗന വും അനാസ്ഥയും വച്ചുപുലർത്തുന്നതു നന്നല്ല. അത്രമാത്രമേ നോക്കു് പറയാനൊള്ളു.''

നമ്പൂരിപ്പാട്ട പെട്ടെന്നു് എഴനേററു വരാന്തയിൽ ഇറ ങ്ങി ഉലാത്തിത്തുടങ്ങി. മേനവൻ കുറേനേരംവരെ വിഷണ്ണ നായി അവിടെത്തന്നെ ഇരുന്നു.

# 5

## സുഹൃൽഗൃഹത്തിൽ

മൈതാനത്തെ പാർട്ടിപ്രചരണപ്രസംഗംകഴിഞ്ഞു് ഭാ രതിയും കമലോത്ഭവൻനായരുംകൂടി കുറച്ചകലെ മറെറാരു സമ്മേളനത്തിൽ സംബന്ധിച്ചശേഷം പുറപ്പെടാറായപ്പോൾ നേരം അതിക്രമിച്ചുപോയി. രണ്ടുപേക്കും ക്ഷീണവും നന്നേ ഉണ്ടായിരുന്നു. നായരുടെ ഭവനം വളരെ അകലെ ആയിരു ന്നില്ല. എന്നാൽ ഭാരതിയുടെ വസതിയിലേയ്ക്കു കൂടുതൽ ദൂരം ഉണ്ടായിരുന്നു. തന്നിമിത്തം സഹപ്രവത്തകൻെറ വാസസ്ഥ ലത്തു കയറി ലഘുഭക്ഷണം കഴിച്ചിട്ടു് വീട്ടിലേയ്ക്കു പുറപ്പെ ടാമെന്നു് ഭാരതി തീർമാനിച്ചുകൊണ്ടു നേരെ അവിടെച്ചെ ന്നെത്തി. കമലോത്ഭവൻനായരുടെ പ്രബുദ്ധമതികളായ മാ താവു്, സോദരിമാർ, ഇളയ സോദരന്മാർ എന്നിവരുടെ ആ ദരപൂവ്വമുള്ള ഹൃദ്യമായ സ്വീകരണം ഭാരതിക്കു് അവിടെ ലഭിച്ചു.

സുഖമായ കാലക്ഷേപത്തിനു വകയുള്ള ഒരു മാന്യകുടും ബത്തിലെ അംഗമാണു് കെ. യു. നായർ. അദ്ദേഹം പത്തുവർ ഷത്തിൽപ്പരം പ്രാക്ടീസുചെന്ന ഒരു അഡ്വോക്കേററാണു്. എന്നാൽ പതിനഞ്ചുസംവത്സരമായി നിരന്തരം രാഷ്ട്രീയ

കാര്യങ്ങളിൽ ഏർപ്പെട്ടുജീവിക്കുന്ന ഒരു യുവാവാണദ്ദേഹം. മാതാവും സോദരീസോദരന്മാരും ഗ്രാഡ്യുവേററുകൾതന്നെ. എന്നാൽ അവരാരും സക്കാരുദ്യോഗത്തിൽ പ്രവേശിച്ചിട്ടില്ല. നായരുടെ അച്ഛൻ അഭ്യസ്തവിദ്യനായ ഒരു എൻജിനീയറാണെങ്കിലും അദ്ദേഹം സ്വന്തമായി ചില വക്ക്ഷോപ്പുകളും ഫാക്ടറികളും സ്ഥാപിച്ചു നടത്തിവരുകയാണു്. നായരുടെ മാതാവും സോദരികളും സോദരിമാരും എൻജിനീയർ അരവിന്ദാക്ഷൻനായരുടെ വ്യാപാരത്തിൽ ഓരോ ചുമതലയുള്ള സ്ഥാനങ്ങൾ വഹിച്ചുവരുന്നു. നായർതന്നെയാണു് അവരുടെ വ്യവസായശാലകളുടെയും വ്യാപാരത്തിൻെറയും പ്രധാന നിയമോപദേഷ്ടാവു്. റിപ്പബ്ളിക്കൻപാർട്ടിയുടെ അനിഷേധ്യനേതാക്കന്മാരിൽ ഒരാളണദ്ദേഹം, നായർ ഇതുവരെ വിവാഹം കഴിച്ചിട്ടില്ല. വിവാഹാലോചനകൾ പലതും അരവിന്ദാക്ഷൻനായരുടെ അടുത്തു് എത്തുന്നുണ്ടെങ്കിലും അതൊന്നും ഇതഃപര്യന്തം സ്വീകരിക്കപ്പെട്ടിട്ടില്ല.

അരവിന്ദമന്ദിരത്തിലെ വിഭവസമൃദ്ധമായ വിരുന്നുകഴിഞ്ഞു ഭാരതി സ്വപിതാവിൻെറ ഔദ്യോഗികവസതിയിലേയ്ക്കു പുറപ്പെടാൻ ഒരുക്കമായി. അപ്പോൾ നായരുടെ മാതാവു് ലക്ഷ്മിക്കുട്ടിയമ്മ ഇങ്ങനെ പറഞ്ഞു: "നേരം അതിക്രമിച്ചല്ലോ. ഇനി തനിയേ പുറപ്പെടണമെന്നില്ല. ഇവിടെനിന്നു് ആരെങ്കിലും കൂടെവരാം."

ഭാരതി:–വേണമെന്നില്ല. നാം അത്ര തൻേറടമില്ലാത്തവരെങ്കിൽ എന്തിനു ജീവിക്കുന്നു, പിന്നെ?

ലക്ഷ്മിക്കുട്ടിയമ്മ പുഞ്ചിരിതൂകി.

നായർ പറഞ്ഞു: "ഞാൻതന്നെ മൗണ്ട് ടേഗററാസ് കാട്ടേജിലേയ്ക്കു കൊണ്ടുപോകാം."

ഭാരതി:–വേണ്ട. വേണ്ട. മൗണ്ട് ടേഗററാസ് സ്പോർട്ടൻ ശിശുക്കളുടെ അഗ്നിപരീക്ഷാസങ്കേതമാണെന്നു് ഓർമ്മിക്കുന്നു

ണ്ടല്ലോ. അവിടത്തേ അഗ്നിപരീക്ഷണത്തിനു വിധേയരാകു ന്ന കുഞ്ഞുങ്ങളിൽ ഏററവും കൂട്ടതൽ ജീവചൈതന്യം ഉള്ള തേ ജീവിക്കാറുള്ളു. ആരോ അറിഞ്ഞുതന്നെ ഇട്ട പേരാണു് ഈ ബംഗ്ലാവിനു്. ഇതു് എൻെറ അഗ്നിപരീക്ഷാഘട്ടമാണു്: അവിടുന്നു് വിജയിച്ച നവചൈതന്യത്തോടേ ഞാൻ പുറത്തു വന്നുകൊള്ളാം.

ഭാരതിയുടെ വാക്കുകൾകേട്ടു് ആ കുടുംബാംഗങ്ങൾ ഒന്ന ടങ്കം അഭിമാനസൂചകമായ മന്ദസ്മിതം തൂകി. എല്ലാവരെയും വന്ദിച്ചിട്ടു് മിസ്റ്റർ നായക്കുമാത്രം ഹസ്തദാനം ചെയ്തശേഷം ഭാരതി കാറിൽ കയറി മൗണ്ടു് ടേഗററാസ് കാട്ടേജിലേയ്ക്കു പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ ആ യുവതി ഇങ്ങനെ ആത്മഗതം ചെ യ്തു: 'എൻെറ പാർട്ടി അടുത്ത തെരഞ്ഞെടുപ്പിൽ ബഹുഭൂരി പക്ഷത്തോടെ വിജയംവരിക്കുമെങ്കിൽ ഞാൻ കൃതാർത്ഥയാ യി. എനിക്കു ലീഡറാകണമെന്നു് ഉദ്ദേശ്യമില്ല. എങ്കിലും ഞ ങ്ങളുടെ റിപ്പബ്ളിക്കൻപാർട്ടി അധികാരത്തിൽവന്നാൽ ഇ ന്നത്തെ നാടിൻെറ നിലയാകെ മാററും: ഭക്ഷ്യദാരിദ്ര്യം നീ ക്കും; വസ്ത്രക്ഷാമം പരിഹരിക്കും; ഭവനവും ഭൂമിയുമില്ലാത്തവ ക്കു് ആവക ഉണ്ടാക്കിക്കൊടുക്കുകതന്നെ ചെയ്യും; കടലാസുപ ദ്ധതികൾകൊണ്ടു ഞങ്ങൾ ജനങ്ങളെ വ്യാമോഹിപ്പിക്കുക യില്ല. അതു നിശ്ചയം. അന്തർരാഷ്ട്രീയപ്രശസ്തിക്കുവേണ്ടിയു ള്ള മററു വൻകിടപദ്ധതികൾ നിർത്തിവച്ചും ആദ്യംതന്നെ പട്ടിണിയിലും നിത്യനരകത്തിലും ആണ്ടുകിടക്കുന്ന സാധാര ണക്കാരനെ ത്രാണനംചെയ്യും. ഗോപികാരമണമേനവൻെറ കാര്യം ഒരു ഉടക്കുളിയാണെന്നു തോന്നുന്നു. ആ ഉദ്യോഗസ്ഥ പ്രഭു ഒരുപക്ഷേ, എന്നെക്കാണാൻ ചാടിപ്പുറപ്പെട്ടേയ്ക്കും. സാ ധാരണ ചെറുപ്പക്കാരികളെയും അവരുടെ അച്ഛനമ്മമാരെ യും വ്യാമോഹിപ്പിക്കത്തക്ക പരിതഃസ്ഥിതിയാണു് അദ്ദേഹ ത്തിനു്. അതു ഞാൻ ശരിക്കു മനസ്സിലാക്കുന്നുണ്ടു്. എൻെറ

ഗുരുവിന്റെ അഭിപ്രായംപോലെ ചെയ്യാം. അദ്ദേഹത്തിന്റെ സന്നിധിയിൽ ഈ കുഴഞ്ഞ സംഗതി സമൎപ്പിക്കുന്നതിനുമുമ്പ് ആ സെക്രട്ടറിയെപ്പററി ഗോപ്യമായി ചില അന്വേഷണങ്ങൾകൂടി നടത്തിയേ മതിയാവൂ. എനിക്കു വിവാഹം വേണമെന്നേ ഇല്ല. മനുഷ്യൻെറ ചപലമനോഗതിക്ക് അങ്ങനെ വേണമെന്നു തോന്നുമ്പോൾത്തന്നെ എന്നെ സകൗതുകം സ്നേഹിച്ച് എനിക്കുവേണ്ടി ജീവിതാൎപ്പണം ചെയ്തിരിക്കുന്ന ഒരാൾ എപ്പോഴും എൻെറ സവിധത്തിൽ ഉണ്ടല്ലോ. അച്ഛനും അമ്മയ്ക്കും ഈ കാൎയ്യത്തിൽ സംശയം ഇല്ലാതില്ല. എങ്കിലും ഒന്നും നേരിട്ടുപറയുവാൻ അവൎക്കു ധൈൎയ്യമില്ല. എൻെറ മോറൽബാക്കുബോൺ അത്ര ബലവത്താണെന്ന് അവൎക്കുതന്നെ അറിയാം. എനിക്ക് ഞാൻതന്നെ തക്കതായ ഒരു ബലമേറിയ കവചമാണെന്ന് അവൎക്കു നിശ്ചയമുണ്ട്. രാഷ്ട്രീയപ്രവൎത്തനങ്ങൾക്ക് ഇരവുപകലില്ലാതെ പല മനഃസ്ഥിതിക്കാരായ പുരുഷന്മാരുടെകൂടെ കാറിലും കാൽനടയായും ഓടിനടക്കുന്ന എൻെറ മനോഭാവം എൻെറ സഹപ്രവൎത്തകന്മാൎക്കും നല്ലതിന്മണ്ണം മനസ്സിലായിട്ടുണ്ട്. രാഷ്ട്രീയത്തിനു് ഇറങ്ങുന്നയാൾ പുരുഷനായാലും സ്ത്രീയായാലും ആത്മനിയന്ത്രണശക്തി ഉള്ളവരായിരിക്കണം. അല്ലെങ്കിൽ പല പോരായ്മകളും വന്നുഭവിക്കും. പലതരക്കാർ, സ്ത്രീകളും പുരുഷന്മാരുമായി പല ദേശങ്ങളിലും അവർ രാവും പകലും ഇടപെടേണ്ടിവരും. പ്രസംഗപീഠത്തിൽ മാത്രം ആദൎശങ്ങൾ പുലൎത്തിയാൽ പോരാ. സകല പ്രവൃത്തികളിലും പരസ്യജീവിതത്തിലും സ്വകാൎയ്യജീവിതത്തിലും ആദൎശങ്ങൾ പുലൎത്തുകതന്നെ വേണം. അപ്രകാരം ജീവിതം ക്രമീകരിക്കാൻ കഴിവില്ലാത്ത നേതാക്കൾ അപഹാസപാത്രങ്ങളായിത്തീരും.'

# 6

## പൂർവ്വസുഹൃത്തിൻെറ ഒരു കത്ത്

ഭാരതി വസതിയിൽച്ചെന്നെത്തിയപ്പോൾ രാത്രിയിൽ മണി പതിനൊന്നരയായി. മന്ത്രി ക്യാമ്പിൽനിന്നു മടങ്ങിവന്നിട്ടില്ല. പുത്രിയുടെ വരവുപ്രതീക്ഷിച്ചു മാതാവ് വരക്കണ്ണും തോത്തു് ഇരിക്കുകയാണു്. താമസിച്ചുള്ള വരവിനെപ്പററി ശാസനാരൂപത്തിൽ കുറഞ്ഞൊന്നു വിമർശിച്ചശേഷം ചെമ്പകക്കുട്ടിഅമ്മ ചോദിച്ചു: "ഭാരതീ! ന്യൂഡൽഹിയിൽനിന്നു വന്ന ആ ആലോചനയെപ്പററി നീയൊന്നും പറഞ്ഞില്ലല്ലോ. നല്ല അവസരമാണു്. അതു് ഉപേക്ഷിച്ചാൽ പിന്നീടു പശ്ചാത്തപിക്കേണ്ടിവരും."

ഭാരതി:—രണ്ടുദിവസത്തിനകം മറുപടി പറയാം അമ്മാ!

ചെമ്പകക്കുട്ടിഅമ്മ:—നിന്റെ അഭ്യുദയത്തിനുവേണ്ട ഒരു കാര്യം. അതിനിത്രവളരെ ആലോചിക്കാനെന്താ! പെൺകുട്ടികളെ മേൽപോട്ടു പഠിപ്പിക്കുന്നതേ അബദ്ധം. ഇങ്ങനെ തൻേറടികളെ സൃഷ്ടിക്കാം ഇപ്പോഴത്തെ പഠിത്തംകൊണ്ടു്.

ഭാരതി ചിരിച്ചുകൊണ്ടു പറഞ്ഞു: "അമ്മ അച്ഛനോടു പറയണം, സ്ത്രീവിദ്യാഭ്യാസപദ്ധതി ആകെ ഒന്നു് ഉടച്ചുവാർക്കാൻ. ഇതു് അതിനുപററിയ അവസരമാണമ്മ! ഇനി പഠിക്കുന്നവക്കെങ്കിലും രക്ഷകിട്ടട്ടെ. ഞങ്ങൾ കുറേപ്പേർ ഇങ്ങനെ തൻേറടികളായി, ഭരിക്കുന്ന കക്ഷിക്കു് ഉപദ്രവകാരികളായി, വീട്ടുകാക്കു് ഒരു ശല്യമായിത്തീന്നുകഴിഞ്ഞു, ഏതായാലും.

ചെമ്പകക്കുട്ടിഅമ്മ:—നീ അത്രകേറി മൂക്കാതെ. അച്ഛനേ ഊന്നിപ്പറയുന്നോ? അദ്ദേഹം വിചാരിച്ചാൽ എന്തും നടക്കും ഇപ്പോൾ. നിൻെറ പാർട്ടിക്കാരെ ഒന്നടങ്കം വിചാരണ കൂടാതെ തടവിൽവയ്ക്കാനും അദ്ദേഹംവിചാരിച്ചാൽ കഴിയും.

അതിനു കാരണങ്ങളും ചികഞ്ഞുനോക്കിയാൽ കാണും. നിന്നെ ഒരുത്തിയേക്കരുതി അനങ്ങാതിരിക്കുകയാ അച്ഛൻ.

ഭാരതി ചിരിച്ചുകൊണ്ടു പറഞ്ഞു: "അങ്ങനെ സൗജന്യബുദ്ധി ഒന്നും വേണമെന്നില്ല. ഞങ്ങളെ ജയിലിലടയ്ക്കാൻ കഴിയുമെങ്കിൽ ആയിക്കൊള്ളട്ടെ. അച്ഛൻ അതുംകൂടെ ചെയ്യണം. തെരഞ്ഞെടുപ്പിനു മുൻപിൽ അത്രയുംകൂടെ ചെയ്യട്ടെ."

ചെമ്പകക്കുട്ടിഅമ്മ:-നിനക്കു പിച്ചുപിടിച്ചുപോയോ കുഞ്ഞേ, ഈ യോഗങ്ങളിൽ പ്രസംഗിച്ചുപ്രസംഗിച്ച്? എവിടെയായിരുന്നു ഇതുവരെ?

ഭാരതി:-അഞ്ചുയോഗങ്ങളിൽ സംബന്ധിച്ചു. ഒന്നിൽ പ്രിസൈഡ്ചെയ്തു. നാലിൽ സ്പീക്കറായിരുന്നു. എല്ലായിടത്തും പ്രസംഗിച്ചു. അരവിന്ദമന്ദിരത്തിൽ കയറി ഊണുംകഴിച്ചു. എന്നിട്ട് ഇങ്ങോട്ടുപോന്നു.

ചെമ്പകക്കുട്ടിഅമ്മ:-ഇങ്ങനെ നടക്കുന്നവർക്ക് എന്താ പാടില്ലാത്തതു്! ഒരു ചുമതലയുമില്ല. ആരെയും കൂട്ടാക്കുകയും വേണ്ട. ഊട്ടിലുണ്ട് തോട്ടിൽ കൈകഴുകി നടക്കുന്നവരല്ലേ നിങ്ങൾ?

ഭാരതി പൊട്ടിച്ചിരിച്ചു. "അമ്മയുടെ സർട്ടിഫിക്കേററ് വളരെ കേമമായിരിക്കുന്നു. കമലോത്ഭവൻനായരോ, ആ അമ്മയോ ആരെങ്കിലും ഇവിടംവരെ കാറിൽ വരാമെന്നു പറഞ്ഞു. എന്തിനവരെ വെറുതേ ബുദ്ധിമുട്ടിക്കുന്നു. തനിയേ പോന്നു."

ചെമ്പകക്കുട്ടിഅമ്മ:-അഭിമാനമുള്ള സ്ത്രീകൾ സന്ധ്യകഴിഞ്ഞാൽ പുറത്തിറങ്ങുകതന്നെ അപൂർവ്വം. കൂടിയേതീരൂ എന്നുള്ളപ്പോൾ സ്വന്തം ആളുകളും ഒന്നിച്ചേ അങ്ങനെ പുറപ്പെടാറുള്ളു. നീ തോന്ന്യാസക്കാരി. ചോദിക്കാൻ ആരുമില്ലെന്നൊരു ഭാവം. അതൊക്കെ ഞാൻ വിചാരിച്ചാൽമതി നീക്കാൻ.

ഭാരതി:-അമ്മയ്ക്കും അച്ഛനും എന്റെമേൽ സർവ്വാധികാരങ്ങളും ഉണ്ടെന്നാണ് എന്റെ വിശ്വാസം.

"ശരിതന്നെ. മര്യാദരാമന്റെ അടുത്ത വീട്ടുകാരി. മണി പന്ത്രണ്ടടിക്കുന്നു. പോയിക്കിടക്കണം ഇനിയെങ്കിലും. ജനകീയ ഭ്രാന്തുപിടിച്ച് വല്ല സുഖക്കേടും വരുത്തിവയ്ക്കരുത്; കേട്ടോ?" എന്നുപറഞ്ഞു ചെമ്പകക്കുട്ടിയമ്മ ശയനമുറിയിലേയ്ക്കുപോയി.

ഭാരതി തന്റെ മുറിയിലേക്കും തിരിച്ചു. അവിടെച്ചെന്നപ്പോൾ അന്നു വൈകുന്നേരം വന്ന കത്തുകൾ പലതും മേശപ്പുറത്തുണ്ടായിരുന്നു. അക്കൂട്ടത്തിൽ സ്ത്രീയുടെ കൈയക്ഷരത്തിൽ മേൽവിലാസം എഴുതിയിരുന്ന ഒരു ലററർ കണ്ടു. കൈപ്പട സുപരിചിതം എന്നു പ്രഥമവീക്ഷണത്തിൽത്തന്നെ തോന്നാതിരുന്നില്ല. ഉടൻതന്നെ അവിടെയിരുന്നു കൗതുകത്തോടുകൂടി അതു പൊട്ടിച്ചു വായനതുടങ്ങി. വായിക്കുന്തോറും മുഖത്തു വിവിധവികാരങ്ങൾ നടനംചെയ്യാൻ ആരംഭിച്ചു. വായന പൂർത്തിയായതോടെ ഭാരതി സ്വയം പറഞ്ഞു: "ഞാൻ ജയിച്ചുപോയി. മി. ഗോപികാരമണമേനവനെ തോല്പിക്കാൻ തക്കതായ രേഖതന്നെ ഇതു്."

അനന്തരം ആ കത്തു് ഒരു പരിവൃത്തികൂടെ ഇങ്ങനെ വായിച്ചു:—

ഇടത്തിൽകോട്ടേജ്
മേയ് 19, 1951

പ്രിയപ്പെട്ട ഭാരതിഏട്ടത്തി,

കാളേജിൽനിന്നു പിരിഞ്ഞുപോന്നശേഷം ഇതുവരെ തമ്മിൽ കാണാൻ ഇടയായിട്ടില്ല. ഏട്ടത്തിയുടെ കത്തുകളും അങ്ങനെതന്നെ. ഈയുള്ളവൾ ഇങ്ങനെ രണ്ടുമൂന്നാണ്ടു കൂടുമ്പോഴെങ്കിലും ഒന്നു കുത്തിക്കുറിച്ചു് അയയ്ക്കാറും ഉണ്ടു്. അതിനു മറുപടികിട്ടുകയോ അപൂർവ്വം. അതാരുടെയും കുറ്റമെന്നു് ആരോപിക്കുന്നില്ല. അഥവാ വല്ലപ്പോഴും ഒരു മറുപടി കിട്ടിയാൽ

അതിനെ, കൊടുങ്കാററില്ലും കൂരിരുളിലുംപെട്ട് എത്തുംപിടി യുംകിട്ടാതെ നൗകയുടെ ഗതി നിയന്ത്രിക്കുവാനും കഴിവില്ലാതെ വലയുന്ന നാവികവര്യന് ഒരു ജ്യോത്സ്നിക ലഭിച്ചാലത്തെ ഉല്ലാസത്തോടെയാണീ എളിയ സോദരി സ്വീകരിക്കുക. ഇയ്യിടെയായി അങ്ങനെ ഒരു കത്തും ഇല്ലതന്നെ. ഇയ്യിടെ രാഷ്ട്രീയപരിപാടികൾ കുറെ അധികംതന്നെയെന്നു പത്രങ്ങൾ മുഖേന ദിവസന്തോറും അറിഞ്ഞു സന്തോഷിക്കുകയാ. ഏട്ടത്തി എല്ലാംകൊണ്ടും ഭാഗ്യവതി. രാഷ്ട്രീയവൃദ്ധനും മുഖ്യമന്ത്രിപ്രവരനുമായ ഒരു പിതാവിൻെറ തണൽ. അതൊരു വലിയ തണൽതന്നെ. അത്തരം ഭാഗ്യമൊന്നും ഇവൾക്കു സ്വപ്നംകാണാൻപോലും ഇടയില്ലല്ലോ. ഞങ്ങൾക്ക് ഒരു ഏട്ടൻ ഉണ്ടെന്നുമാത്രം ഒരു സമാധാനം. അങ്ങനെ ഒരു അഭിമാനംകൊള്ളാം. അദ്ദേഹമോ പരശുരാമനേക്കാൾ ഭയങ്കരനായ ബ്രഹ്മചാരി. അദ്ദേഹത്തിൻെറ പേരു് ഗോപികാരമണൻ എന്നാണെങ്കിലും, എൻെറ അച്ഛൻെറ അനന്തിരവനാണദ്ദേഹം. മൂത്ത അനന്തിരവൻ. ഞങ്ങളുടെ കുടുംബത്തിന്റെ ചില ആശകൾ അദ്ദേഹത്തിൽ ഇനിയും അവശേഷിച്ചുകിടക്കുന്നു. ഇയ്യിടെ ഒരു കാര്യവശാൽ ഇക്കാവേട്ടത്തിയുടെ ഭർത്താവു് നമ്പൂരിപ്പാട്ട് ന്യൂഡൽഹിവരെ പറന്നിട്ട് ഇന്നു മടങ്ങിയതേയുള്ളൂ. കാര്യം ഗോപ്യമാണെങ്കിലും നാംതമ്മിൽ ഗോപ്യമായി ഒന്നുമില്ല എന്നു കരുതുന്നു. അടുത്ത തെരഞ്ഞെടുപ്പിൽ പുതിയ പാർട്ടി ബഹുഭൂരിപക്ഷത്തോടെ ജയിക്കട്ടെ. ഏട്ടത്തി ലീഡറായി വന്നുകാണുവാൻ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാ. ക്ഷേമംതന്നെയെന്നു വിശ്വസിക്കുന്നു.

അവസരംവരുമ്പോൾ ഇക്കാവേട്ടത്തിയും പ്രത്യേകകത്തു് അയയ്ക്കുമെന്നു വിശ്വസിച്ചുകൊള്ളുക. അപ്പോൾ ഇത്രടംവന്നു ഞങ്ങളെ അനുഗ്രഹിപ്പാറാവണം.

സ്വന്തം പത്മിനി.

കത്തു വായിച്ചശേഷം ഭാരതി സ്വയം സമാശ്വസിച്ചു: "ആവൂ! വലിയ ആശ്വാസമായി. പത്മം, നിന്നെ ഞാൻ അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു."

# 7

## വീണ്ടും ഫോണിൽ

ഭാരതി പിറെറന്നാൾ ഉണരുവാൻ അല്പം താമസിച്ചുപോയി. ഒരു മണികിലുക്കംകേട്ടു പെട്ടെന്നു് ഉണൎന്നു. അമ്മയുടെ പൂജാമുറിയിൽനിന്നുമുള്ള മണികിലുക്കമെന്നാണു നിനച്ചതു്. എന്നാൽ അങ്ങനെയല്ല, തൻെറ മേശപ്പുറത്തിരുന്ന ആട്ടോവിൽനിന്നു പുറപ്പെട്ട മണിനാദമാണെന്നു മനസ്സിലായതോടെ ഓടി മേശയ്ക്കടുത്തുചെന്നു റിസീവർ കൈയിലെടുത്തു.

"അതേ! അതേ! ഞാൻതന്നേ—ഭാരതി. ആരാ സംസാരിരിക്കുന്നതു്? ഓ! അവിടന്നാണോ? സന്തോഷം. എന്താണോ വിശേഷം? ഓഹോ! പ്ലെയിൻടിക്കററു റിസർവ്വ് ചെയ്തുകഴിഞ്ഞോ? ഇനിമേലേ ഉള്ളോ? വലിയകാൎയ്യം നേരത്തെ കാൎയ്യം അറിഞ്ഞതു്. പത്മിനി എൻെറ പഴയ ക്ലാസ്സുമേററും സുഹൃത്തുമാ. ഇന്നലെ ഒരു കത്തു കിട്ടിയിട്ടുണ്ടു്. നമ്പൂരിപ്പാടദ്ദേഹം അവിടെ വന്നിരുന്നുവെന്നും ഒക്കെ അറിഞ്ഞു. ഇന്നി നാൾനീട്ടി വേണ്ടാത്ത മനോരാജ്യങ്ങളിൽ കുടുങ്ങി മനസ്സു പുണ്ണാക്കരുതേ! അതു പാപമാണേ! വല്ലവിധവും വേഗം അതൊന്നു ശരിയാക്കണേ! പാവത്തിനു വലിയ ദുഃഖമുണ്ടെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. അങ്ങേയ്ക്കു് ഇത്ര അനുരൂപയായ ഒരു വധുവിനെ കാണാൻ പ്രയാസം. ഇനി രണ്ടുപേരുംകൂടി ഇങ്ങോട്ടു മധുവിധുവിനായി വന്നാൽമതി. വന്നില്ലെങ്കിൽ ഞാൻ അവിടെവന്നു ക്ഷണിച്ചു കൂട്ടിക്കൊണ്ടുപോരും. അങ്ങു് എന്നെ ഒരു പക്ഷേ, ക്ഷണിക്കാതിരുന്നേക്കാമെങ്കിലും ഇക്കാവേട്ടത്തിയും

പത്മവും ക്ഷണിക്കാതിരിക്കില്ല. ഏതുവിധവും എടത്തിൽ കാട്ടേജിൽ വന്നുചേരുകയും ചെയ്യും. അതുകൊണ്ടു് അക്കാര്യം വേഗം നടത്തുക. അതാണു് എനിക്കു കൂടുതൽ സന്തോഷം. നാംതമ്മിലുള്ള ഈ മൈത്രീബന്ധം ഇങ്ങനെ എന്നും നില്ക്കുകയും ചെയ്യും.''—നിശ്ശബ്ദത—''എന്താ ഒന്നും സംസാരിക്കാത്തതു്? എന്നോടു രസക്കേടായോ? ഈശ്വരൻ സർവ്വശക്തനാണു്. അതു് ഓർമ്മവേണം. ഉദ്യോഗപ്രൗഢിയും വലിപ്പവും ഒക്കെ ഈ ലോകത്തിൽവച്ചു് ഉണ്ടായി. ഇവിടംകൊണ്ടുതന്നെ സർവ്വവും അവസാനിക്കും. മനുഷ്യാവസ്ഥ എത്രനിസ്സാരം. വാശിപിടിക്കേണ്ട. വേഗം എൻെറ പത്മത്തിൻെറ കല്യാണനിശ്ചയംചെയ്തു് അറിയിക്കുക.''—ഒരു പൊട്ടിച്ചിരി—''ആൾ ഇത്ര ചങ്കുററക്കാരിയെന്നു നിനച്ചില്ല എന്നോ?—ആവട്ടെ. വിധിമതം, എന്നോ? അച്ഛൻെറപേക്കു കത്തു് അയച്ചുപോയോ വരുന്ന വിവരത്തിനു്? സാരമില്ല, നാളെ മടങ്ങിവരും; അപ്പോൾ വിളിച്ചുപറഞ്ഞേക്കുക. കാര്യമൊന്നും ഇപ്പോൾ വെളിപ്പെടുത്തേണ്ട. അതൊക്കെ വേണ്ടവിധം ചമൽക്കാരമായി ഞാൻ ഇവിടെ നടത്തിക്കൊള്ളാം. ഞാൻ ആൾ വലിയ കട്ടുകട്ടിയെന്നോ? ഇത്തരക്കാരും ചിലർവേണം ഞങ്ങളുടെകൂട്ടത്തിൽ—നിങ്ങളിൽ വഴിതെററിപ്പോകുന്നവരെ നേർവഴിക്കു തിരിച്ചുകൊണ്ടുവരുവാൻ. (പൊട്ടിച്ചിരി) ഉടനെ കല്പനവാങ്ങി മലബാറിലേക്കു പോവാമെന്നോ? അങ്ങനെ ഈശ്വരൻ നേർബുദ്ധി തോന്നിക്കട്ടെ. പഞ്ചസാരപ്പാല്പായസം ചൂടാറാതെ കൈവശം വെള്ളിപ്പാനയിൽ അടച്ചുവച്ചിട്ടു് മൺകലത്തിൽ തുറന്നിട്ടിരിക്കുന്ന കരിപ്പെട്ടിപ്പായസം കുടിക്കാൻ മോഹിക്കുകയോ! ഹേയ്! ഇരിക്കട്ടെ. ഞാൻ ഈ രഹസ്യം പുറത്തുവിടാതെ സൂക്ഷിച്ചുകൊള്ളാം. എക്കാലവും ഞാൻ അങ്ങയുടെ ഉററസുഹൃത്താണെന്നു് ഉറപ്പായിരിക്കുക. എഴുത്തയക്കാമെന്നോ?—താങ്ക്സ്.'' (മണിനാദം)

KOTTAYAM PUBLIC

ഭാരതി ശീതളമനസ്കയായി. ആ യുവതി ഇങ്ങനെ മനോരാജ്യംകൊണ്ടു: 'മൗണ്ട്ടേഗററാസ് കാട്ടേജിലെ ഒരു അഗ്നിപരീക്ഷാഘട്ടമായിരുന്നു എനിക്കു്. ഞാൻ അതിൽ വിജയിച്ചു. ആവൂ! ഒരു വെടിക്കു് ഇരുപക്ഷി! അതാണിന്നിവിടെ സാധിച്ചതു്.'

ഭാരതി കുളികഴിഞ്ഞു കാപ്പികുടിച്ചു് എഴുന്നേററപ്പോൾ 8-45ൻെറ സിററി ഡലിവറിക്കായി പോസ്ററുമാൻ വന്നു. കാട്ടേജിലേയ്ക്കുള്ള പല ഉരുപ്പടികളും ഉണ്ടായിരുന്നതു തരംതിരിച്ചു് പ്രൈവററുസെക്രട്ടറിയുടെ ആഫീസുക്ലാക്കു മേശമേൽ കൊണ്ടുവച്ചു. അക്കൂട്ടത്തിൽ ന്യൂഡൽഹിയിൽനിന്നുമുള്ള ഒരു ലററും ഉണ്ടായിരുന്നു. അതു തിരിഞ്ഞു കൈയിലെടുത്തുകൊണ്ടു് ആ യുവതി മാതാവിൻെറ മുഖത്തുനോക്കി മന്ദസ്മിതം ചെയ്തു.

ചെമ്പകക്കുട്ടിഅമ്മ ചോദിച്ചു: "എന്താ മകളേ, ഈ എഴുത്തു് ആരുടെയായിരിക്കും? ഗോപികാരമണൻമേനവൻെറതാണോ?"

ഭാരതി:—അങ്ങനെ ഒരു ഭ്രുതോദയം.

ചെമ്പകക്കുട്ടിഅമ്മ:—എങ്കിൽ പൊട്ടിച്ചുനോക്കാം.

ഭാരതി:—മററു് ഏതെങ്കിലുമുണ്ടെങ്കിൽ അതു പിശകായി വരുകയില്ലേ?

ചെമ്പകക്കുട്ടിഅമ്മ:—അങ്ങനെയായിരുന്നാലും നിൻെറ അച്ഛനു വന്നതുതന്നല്ലേ. സാരമില്ല.

ഭാരതി ആ കത്തുപൊട്ടിച്ചു് ഇങ്ങനെ വായിച്ചു:

ന്യൂഡൽഹി

മേയ് 19, 1951

പ്രിയപ്പെട്ട മിസ്റ്റർ—,

ഇവിടെനിന്നു് മുൻപു് എഴുതി അയച്ചിരുന്ന കാര്യംപ്രമാണിച്ചു് ഞാൻ നേരിട്ടുവന്നു തമ്മിൽ കാണുന്നതുതന്നെ

ഉത്തമപക്ഷമെന്നു കരുതുന്നു. അതുകൊണ്ട് 23-ാംനു-യിലെ പ്ലെയിനിൽ അങ്ങോട്ടു പുറപ്പെടുവാൻ ഉദ്ദേശിക്കുന്നു. അവിടെ എത്തുമ്പോൾ അങ്ങുകൂടി ഉണ്ടായിരിക്കുകയാണല്ലോ എല്ലാം കൊണ്ടും ഭംഗി. അതിനുവേണ്ടി മുൻകൂട്ടി ഈ ലററർ അയയ്ക്കുകയാണ്.

എന്നു്, സ്വന്തം,

ഗോപികാരമണമേനവൻ

ചെമ്പകക്കുട്ടിയമ്മയുടെ മുഖം പ്രസന്നമായി. ആ സ്ത്രീ പറഞ്ഞു: "നീ ഒരു കാര്യംമാത്രം ചെയ്യേക്കണം. കേറി അങ്ങ് വിലങ്ങുതടിയായി നിന്നേക്കരുത്, ആൾ വരുമ്പോൾ. തുശ്ശൂരും ഗോകർണ്ണത്തും പ്രോഗ്രാംവച്ച് ഇവിടുന്ന് മാറിക്കളയുകയും അരുത്."

ഭാരതി:—എല്ലാം അച്ഛൻെറയും അമ്മയുടെയും ഹിതം എങ്ങനെയോ അങ്ങനെതന്നെ. ഇക്കാര്യത്തിൽ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു. ഇനി വേഗം കാര്യം നടന്നോട്ടേ. അതു നടക്കാഞ്ഞു കുണ്ഠിതം വേണ്ട. ഞാൻ വേണ്ടവിധം ആലോചിച്ച് ഉറച്ചുകഴിഞ്ഞു, ഇക്കാര്യം.

ചെമ്പകക്കുട്ടിഅമ്മ:-ദിവസം നിശ്ചയിക്കാനാണ് ആൾ വരുന്നതു് എന്നു തോന്നുന്നു. വന്നുപോയിട്ടു പിറകെ അമ്മാവനോ മററു ബന്ധുക്കളോ വരും ജാതകം മാറാൻ. കല്യാണം കഴിഞ്ഞാലുടനേ നീകൂടെ ഡൽഹിക്കുപോകേണ്ടിവരും.

ഭാരതി:—ആ സ്ഥിതിക്ക് എൻെറ രാഷ്ട്രീയപരിപാടികളൊക്കെ കുഴയുമല്ലോ അമ്മാ!

ചെമ്പകക്കുട്ടിഅമ്മ:—എന്തു കുഞ്ഞേ, രാഷ്ട്രീയപരിപാടികൾ? അതെല്ലാം പോയി തുലയട്ടെ കുഞ്ഞേ! ഇതിൽ വല്ല അർത്ഥവുമുണ്ടോ? അവനവൻെറ കാര്യസാദ്ധ്യങ്ങൾക്കായുള്ള പുറംപൂച്ചുവിദ്യകളല്ലേ ഈവക പരിപാടികൾ. ചുണയും തൻേറടവുമുള്ളവർ ഈ പരിപാടികളുടെ തണലിൽ അവന

വന്റെ കാര്യം കാണാൻ നോക്കും. എല്ലാത്തരം നേതാക്കന്മാരുടെയും കാര്യമാണു ഞാൻ പറയുന്നതു്. അധികാരം കിട്ടിപ്പോയാൽ അതു കൈവിടാൻ ആർക്കും ഇഷ്ടമില്ല. കിട്ടിയ അധികാരത്തിൽ ഇരിക്കുന്ന കാലത്തോളം അവനവനെയും അവനവന്റെ സ്വന്തക്കാരെയും ആശ്രിതന്മാരെയും ആവുന്നിടത്തോളം ഉയർത്താൻ നോക്കും. അതുതന്നെ ലോകം ഒട്ടുക്കു നടന്നുവരുന്ന തകിടവിദ്യ. ഇതിലെല്ലാംനിന്നു് ഒഴിഞ്ഞുമാറി ഉടയതമ്പുരാനെപ്പോലെ നിസ്സംഗനായി കഴിഞ്ഞുകൂട്ടുന്ന ഒരാളെ എനിക്കു കാണിച്ചുതരാമെങ്കിൽ ഞാൻ ഇവരുടെ ആത്മാർത്ഥതയും നിസ്സ്വാർത്ഥതയും ഒക്കെ വകവച്ചുതരാമായിരുന്നു. നീ ഇത്രയും ഒച്ചപ്പാടുണ്ടാക്കി. നിന്റെ അച്ഛനും അങ്ങനെതന്നെ. അതുകൊണ്ടു് ഇത്രത്തോളമൊക്കെ സാധിച്ചു. അടങ്ങിയൊതുങ്ങി അവധൂതനെപ്പോലെ ഇരുന്നാൽ ആരും തിരിഞ്ഞുനോക്കുകപോലുമില്ല മകളേ, ഇക്കാലം. കമന്നുവീണാൽ കാല്പണവുംകൊണ്ടെങ്കിലുമേ എണീക്കാവൂ മകളേ! കാലം അതായിപ്പോയി. ആവുന്നകാലത്തു് എങ്ങനെയും തേടിവയ്ക്കാവുന്നിടത്തോളം തേടിവച്ചുകൊള്ളണം. അങ്ങനെ ചെയ്യുന്നവനോ, അവളോതന്നെ മിടുക്കുള്ളയാൾ. അല്ലാത്തവരെ മറയരെന്നു ലോകർ എണ്ണിക്കളയും. കൊള്ളരുതാത്തവരായിത്തീരുകയും ചെയ്യും അവർ. മന്ത്രിഉദ്യോഗം ഇല്ലായിരുന്നെങ്കിൽ ഈ ഐ. സി. എസ്.കാരൻ തിരിഞ്ഞുനോക്കുമായിരുന്നോ നമ്മേ!

ഇങ്ങനെ ചെമ്പകക്കുട്ടിയമ്മ അട്ടുക്കളവേദാന്തം ഉരുക്കഴിച്ചുതുടങ്ങി, കുറേനേരം ചെന്നപ്പോൾ ഒരു കാർ നേരെ മുഖാരത്തിലേക്കു പാഞ്ഞുവന്നു നിന്നു.

"അമ്മാ! അച്ഛൻ!" എന്നു് ഭാരതി വിളിച്ചുപറഞ്ഞപ്പോഴേ ചെമ്പകക്കുട്ടിഅമ്മ വികാരനിർഭരമായ ആ പ്രഭാഷണത്തിൽനിന്നു വിരമിച്ചുള്ളൂ.

# 8

## പകരം വരൻ

നമ്പൂരിപ്പാട്ട് ന്യൂഡെൽഹിവിട്ടശേഷം രണ്ടുദിവസത്തി നകം ഗോപികാരമണൻ നാട്ടിലെത്തി; നേരെ എടത്തിൽകോട്ടേജിൽ ചെന്നു് പത്മിനിയെ കണ്ടു. നമ്പൂരിയേട്ടന്റെ ദൗത്യം കണക്കിനു പററിയെന്നു പത്മം ഉറച്ചു. ആ യുവതിക്കും ഇക്കാവമ്മ ആദിയായ മററംഗങ്ങൾക്കും വളരെ സന്തോഷമായി. എന്നാൽ പത്മിനിയും ആ യുവാവുംതമ്മിൽ ഒരു ഗൂഢസംഭാഷണം നടന്നപ്പോഴാണു് ആകെ ഒരു പരിവർത്തനം സൃഷ്ടിക്കാനാണു് ഗോപിഏട്ടന്റെ വരവെന്നു് പത്മത്തിനു മനസ്സിലാകുക. സംഭാഷണമദ്ധ്യേ പ്രകൃതവശാൽ പത്മിനി ചോദിച്ചു: ''അപ്പോൾ ഏട്ടനു് ഇതിൽ ഇത്തിരി നിർബ്ബന്ധമാണെന്നു തോന്നുന്നു.''

ഗോപികാരമണൻ:–അതേ, പത്മം! പത്മത്തിനെസ്സംബന്ധിച്ചു് ഇങ്ങനെ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടാണു് എന്റെ ഇങ്ങോട്ടുള്ള യാത്ര. എന്നേക്കാൾ ഉയന്നനിലയിൽ ഇരിക്കുന്ന ആളാണു മിസ്റ്റർ പ്രജാനാഥമേനോൻ. അദ്ദേഹം ഇപ്പോൾ ഇററലിയിലെ ഇൻഡ്യൻ അംബാസിഡറാണു്. ഞങ്ങൾ സഹപാഠികൾ—ഒരുമിച്ചു് ഉദ്യോഗത്തിൽ ഇരുന്നവർ. ആൾ ബഹുകോമളൻ. എന്നേക്കാൾ കൂടുതൽ ശമ്പളവുമുണ്ടു്. പാലക്കാട്ടെ ഒരു പ്രഭുകുടുംബത്തിലെ ഏകാവകാശിയും. ഭാരിച്ച സ്വത്തും. പത്മത്തിനു് എല്ലാംകൊണ്ടും തക്കതായ ഒരു ദാമ്പത്യബന്ധമായിരിക്കും ഇതു്.

പോക്കററിൽനിന്നു് ഒരു ഫോട്ടോ എടുത്തു കാണിച്ചുകൊണ്ടു് ഗോപികാരമണൻ തുടന്നു: ''ഇതു നോക്കു.''

പത്മിനി ആ ഫോട്ടോ വാങ്ങിനോക്കി. ആ യുവതിയുടെ മുഖത്തു വിവിധമനോവ്യാപാരങ്ങൾ സ്ഫുരണംചെയ്തു.

പത്മിനി:—ഞാൻ എന്താ പറയുക. എന്റെ ഏട്ടനുള്ള കരുണ മററാരാളിനു വരുമോ എത്ര യായാലും?

ഗോപികാരമണൻ:-ഏട്ടൻ എന്നും ഏട്ടനായിത്തന്നെ ഇരിക്കും. അതിന് ഈ ജന്മം ഒരു വ്യത്യാസം വരില്ല, കേട്ടോ പത്മം. എന്റെ കുട്ടി എന്നെ ഏട്ടൻ എന്നു കരുതിക്കൊണ്ടാൽമതി. ഭാരതിയുടെ പേൎക്ക് ഇന്നുതന്നെ ലററർ അയച്ചേക്കണം. നമ്മൾ രണ്ടാളുടെയും വിവാഹം അടുത്തടുത്തുതന്നെ നടത്തിക്കാം. ഉത്സാഹമായിരിക്കു.

പത്മിനി:—ഏട്ടൻ പൊല്ലാത്ത ആസ്സാമിതന്നെ!

പത്മിനി പൊട്ടിച്ചിരിച്ചു. മേനവനും ആവേശഭരിതനായി പൊട്ടിച്ചിരിച്ചു. രണ്ടുപേരുടെ കണ്ണുകളിലും ബാഷ്പം നിറഞ്ഞു. ആനന്ദബാഷ്പംതന്നെ.

ഗോപികാരമണൻ:-എന്താ! ഇനി അമ്മാവനോടു പറഞ്ഞ് അനുമതി വാങ്ങിക്കൊള്ളട്ടയോ? അമ്മാവിയോടും പറയണം. നമ്പൂരിയേട്ടനോടും ഞാൻ പറഞ്ഞുകൊള്ളാം.

പത്മിനി:—ഇക്കഥ കേൾക്കുമ്പോൾ അവരെല്ലാം ഏട്ടനേ സൂയിപ്പാക്കും, സംശയമില്ല. ഭാരതിയേട്ടത്തിക്കു ഞാൻ നേരത്തെ ഒരു കത്തയച്ചിട്ടുണ്ട്, ഏട്ടൻ വന്നേക്കുമെന്നും മററും.

ഗോപികാരമണൻ:—ഇന്നുതന്നെ സകലവിവരത്തിനും എഴുതിക്കളയൂ. ഇന്നുതന്നെ പ്രജാനാഥമേന്നു കേബിൾ അയയ്ക്കുന്നുണ്ട്. ഇറ്റലിയിൽനിന്നു പ്ലെയിനിൽ ഇവിടെ വന്നു വിവാഹംകഴിഞ്ഞു നിങ്ങൾ രണ്ടാൾക്കുംകൂടെ പുറപ്പെടാം. നമ്മുടെ കേരളംപോലെതന്നെ ഇരിക്കും ഇററലി. വളരെ സുഖമായ നാട്ട്. ജനങ്ങളും വളരെ നല്ലവർ.

പത്മിനി:—ഏട്ടൻകൂടെ ഇററലിക്കു വരണം—ഭാരതിഏട്ടത്തിയും.

ഗോപികാരമണൻ ചിരിച്ചുകൊണ്ട്: "അഡ്ഡാൻസായി

എല്ലാ കരാറുകളും ചെയ്യുകയാ പത്മം. സാധുക്കുട്ടി. നീയ് ന ന്നായിരിക്കും.''

പത്മിനി:-ഏട്ടൻെറ അനുഗ്രഹത്തിലാണ് എൻെറ അ വലംബം. ഏട്ടത്തിയുടെ നാട്ടിലേയ്ക്ക് എന്നാ പുറപ്പാട്?

ഗോപികാരമണൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: ''ഇങ്ങനെ പിടുപിട്ടത്താലോ. ഇവിടെ ഈ കാര്യങ്ങളെല്ലാം നിശ്ചയിച്ചുറച്ചുകൊണ്ട് അങ്ങോട്ട്. അത് ഇതുപോലൊന്നുമല്ല. തെല്ലു വിഷമക്കാരിയാ. വരാലുമത്സ്യത്തെപ്പോലെയാ. പി ടികിട്ടുമെന്നു തോന്നും എളുപ്പം. പിടികൂടുമെന്നാകുമ്പോൾ വഴുതിത്തെററി ചാടിക്കളയും. എനിക്കു വലിയ പേടിയാ ഭാരതിയേ.''

പത്മിനി:-എന്നുതന്നെയുമല്ല, ആ ഏട്ടത്തിക്ക് ഒന്നിനും നേരവും കാണുല്ലാ. എപ്പോഴും രാഷ്ട്രീയപരിപാടിതന്നെ.

ഗോപികാരമണൻ മന്ദസ്മിതപൂർവ്വം പറഞ്ഞു: ''ഇപ്പോ ഴേതന്നെ പത്മം ഞങ്ങളെ സൂയിപ്പാക്കിത്തുടങ്ങി.''

പത്മിനി:-എൻെറ ഏട്ടാ! ഞാൻ ഏട്ടനെ സൂയിപ്പാക്കു കയോ? ഉള്ള നേരുപറഞ്ഞു എന്നേയുള്ളു. ഏട്ടനേക്കാണാൻ അതാ അമ്മയും ഇക്കാവേട്ടത്തിയും ഹാളിൽ വന്നുനില് ക്കുന്നു. ഇനി ഏതായാലും അങ്ങോട്ടു ചെല്ലൂ. അതിനിടകൊണ്ടു ഭാരതിയേട്ടത്തിക്ക് ഒരു കത്തു തയ്യാറാക്കിക്കളയാം. എന്നിട്ട് ഞാനും അങ്ങോട്ട് കൂടിക്കളയാം. ഏട്ടൻ ഇസ്സംഗതി എങ്ങനെ പ്രസൻറുചെയ്യുന്നുവെന്ന് എനിക്കും ഒന്നു കേൾക്കണം.

''ആവട്ടെ. എഴുത്തു തയ്യാറാക്കി തപാലിൽ അയച്ചിട്ട് വേഗം വന്നേക്കിൻ,'' എന്നു പറഞ്ഞു് യുവാവ് ഹാളിലേ യ്ക്കു നടന്നു.

# 9

## ആകെ പരിവർത്തനം

പ്രതീക്ഷയും വാഗ്ദാനവുംപോലെ ഗോപികാരമണമേനവൻെറ ഫോണോ ഫോണോക്കോമോ വന്നുചേൎന്നില്ല. തന്നിമിത്തം ഭാരതി തെല്ലു് ഉൽക്കണ്ഠിതയായിച്ചമഞ്ഞു. നാനാരൂപത്തിലുള്ള ആശങ്കകൾ ആ യുവതിയുടെ അന്തരംഗത്തിൽ പ്രതിനിമേഷം ഉദിച്ചുയൎന്നും അസ്തമിച്ചുംകൊണ്ടിരുന്നു: 'എന്താ! മേനവനദ്ദേഹം പത്മത്തിൻെറ ആലോചന നിൎത്തിവച്ചുവോ? അങ്ങനെ വരാൻ ഇടയില്ല. ഉടനേ മലബാറിലേയ്ക്കു പുറപ്പെട്ടുമെന്നല്ലേ പറഞ്ഞതു്. അച്ഛൻെറ പേൎക്കു് ലററർ അയച്ചുപോയി. പിറകേ ഫോണോ, ഫോണോക്കോമോ സന്ദേശം അയയ്ക്കാമെന്നാണല്ലോ എന്നോടു വിളിച്ചുപറഞ്ഞതു്. ഈ പുരുഷന്മാരുടെകാൎയ്യം എങ്ങനെ വിശ്വസിക്കാം. ഒരു സ്ത്രീയിൽ മനസ്സു് അൎപ്പിച്ചുപോയാൽ അവളെ എങ്ങനെയും വശീകരിച്ചു പാട്ടിലാക്കുവാനായിരിക്കും അവരുടെ യത്നം. അതിലേയ്ക്കു് അവർ സൎവ്വകഴിവുകളും ഉപയോഗിക്കുകതന്നെ ചെയ്യും. പത്മത്തിൽ വലിയ പ്രസക്തിയുള്ള മട്ടുകാണുന്നില്ല. അതു് ഒരു കഥയില്ലാത്ത കുട്ടി. അതുകൊണ്ടു് അവൾക്കു് ഈശ്വരാനുഗ്രഹം ഉണ്ടാവും. ഇക്കാലത്തെ പെൺകുട്ടികളുടെ ചൂണയും തൻേറടവും കൗശലങ്ങളും അവൾക്കില്ല.'

ഇങ്ങനെ ഓരോന്നു ചിന്തിച്ചു മനസ്സു പുണ്ണാക്കിക്കൊണ്ടിരിക്കുമ്പോൾ ഭാരതിയുടെപേൎക്കുള്ള മെയിൽ ഉരുപ്പടികൾ അവിടെ ഒരു ചപ്രാസി കൊണ്ടുവന്നു മേശപ്പുറത്തു വച്ചു. ഉടൻതന്നെ ആവേശത്തോടെ അവ ഓരോന്നും പരിശോധിച്ചു. അക്കൂട്ടത്തിൽ ഒരു ലററർ തനിക്കു സുപരിചിതമായ പത്മത്തിൻെറ കൈയക്ഷരത്തിൽ ഉണ്ടായിരുന്നു. അതു വേഗം പൊളിച്ചു വായനതുടങ്ങി.

എടത്തിൽ കോട്ടേജ്
മെയ് 20, 1951

പ്രിയപ്പെട്ട ഭാരതിയേട്ടത്തീ,

മുൻ എഴുത്ത് എഴുതി തപാലിൽ ഇട്ടശേഷം ആകെ വലിയ പരിവത്തനം ആയിപ്പോയി. പണ്ടാരും ഊഹിക്കപോലും ചെയ്യിട്ടില്ലാത്ത മാററിമറിച്ചിലുകൾ! ഗോപിഏട്ടൻ ന്യൂഡൽഹിയിൽനിന്ന് ഇവിടെയെത്തി. പ്ലാനൊക്കെ മാറിയാ. എനിക്ക് ഒരു വിവാഹാലോചനയുംകൊണ്ടാ ഏട്ടൻെറ വരവ്. എല്ലാം തുറന്നുപറഞ്ഞേക്കാലോ. ഇററലിയിലെ ഇൻഡ്യൻ അംബാസിഡറായിരിക്കുന്ന പാലക്കാട്ട് മി. പ്രജ്ഞാനാഥമേനവൻ ഐ. സി. എസ്സിനെ കേട്ടിരിക്കുമല്ലോ? അദ്ദേഹത്തേയും എന്നേയുംകൂടി ബന്ധിക്കാനാണ് ഏട്ടൻെറ ഉദ്യമം. ആളിൻെറ ഫോട്ടോയും കൊണ്ടുവന്നിരുന്നു. ഇവിടെ എല്ലാരെയും പറഞ്ഞുസമ്മതിപ്പിച്ചു. വിവരത്തിനു് ഇററലിയിലേക്കു കേബിളും അയച്ചു. മറുപടിയും വന്നുകഴിഞ്ഞു. ജൂൺ 5–ാംനു- വിവാഹം ഇവിടെവച്ച്. അദ്ദേഹം റോമിൽനിന്നു പ്ലെയിനിൽ ഇവിടെ ജൂൺ 3–ാംനു- വന്നുചേരും. വിവാഹം കഴിഞ്ഞു രണ്ടുമൂന്നുനാൾക്കുള്ളിൽ പ്ലെയിനിൽത്തന്നെ ഞങ്ങൾ രണ്ടാളുംകൂടെ ഇററലിയിലേക്കുപോകയും വേണം. ഒരു പക്ഷേ, ഏട്ടൻകൂടെ ഞങ്ങളുടെ ഒന്നിച്ചു യൂറോപ്പിലേയ്ക്കു് അനുയാത്രചെയ്യാമെന്നു സമ്മതിച്ചിട്ടുണ്ട്. ഭാരതിഏട്ടത്തിയുടെ പ്രോഗ്രാംപോലെ ഇരിക്കും ഗോപിഏട്ടൻെറ അനുയാത്ര. ഏട്ടത്തികൂടെ യൂറോപ്പിലേക്ക് ഞങ്ങളോടൊന്നിച്ചു വരണമെന്ന് എനിക്കു വലിയ മോഹമാ. വിവാഹത്തിനു നിങ്ങളെല്ലാരുംകൂടെ തീർച്ചയായും എടത്തിൽകോട്ടേജിലേക്കു വരേണ്ടതായ്വരും. എൻെറ പ്രൈവെററ് ക്ഷണം ഈ ലററർ മാർഗ്ഗംതന്നെ നേരത്തേ അയച്ചിരിക്കുന്നു. ഗോപിഏട്ടൻ ഇവിടെനിന്നുതന്നെ അങ്ങോട്ടു പുറപ്പെട്ടുകഴിഞ്ഞു. കാത്തിരിക്കുക.

ആ യാത്രയിൽ ഉന്നിയിരിക്കുന്ന ആ കാൎയ്യത്തിൻെറ തീരുമാനം അറിവാൻ കൗതുകത്തോടേ കാത്തിരിക്കുന്നു. ഏട്ടത്തിക്കു സൎവ്വവിധ ഭാവുകങ്ങളും ഈ ഗഢുവിൽ ഈ കൊച്ചനുജത്തി ആശംസിച്ചുകൊള്ളുന്നു.

എന്നു്, സ്വന്തം പത്മം.

എഴുത്തുവായിച്ചുതീൎത്തശേഷം ഏതാനും മിനിററുകൾവരെ ഭാരതി ഹതചിത്തവൃത്തിയായി കസാലയിലേക്കു മലച്ചിരുന്നുപോയി. വിസ്മയം, അത്യാഹ്ലാദം, അനുകമ്പ, നൈരാശ്യം എന്നീ വികാരങ്ങൾ ഒത്തൊരുമിച്ചും വെവ്വേറെയായും ആ യുവതിയെ ആവേശിച്ചുകൊണ്ടിരുന്നു. സംഭവങ്ങളുടെ അപ്രതീക്ഷിതമായ ഗതിവിശേഷമാണു് ഭാരതിയെ വിസ്മയാധീനയാക്കിത്തീൎത്തതു്. പത്മിനിക്കു വിവാഹവിഷയത്തിൽ ഉള്ള ആദർശം കേവലം കന്നുകാലികളുടെ ലക്ഷ്യത്തേക്കാൾ ഒട്ടും മെച്ചമല്ലെന്നുള്ള തോന്നൽ ഉണ്ടായതോടെ ആ സംസ്കാരവതിയായ യുവതിക്കു് നിഷ്കന്മഷയായ പത്മിനിയുടെ എളിയ മനോഭാവത്തിൽ ഉള്ളഴിഞ്ഞ അനുകമ്പമാത്രം അവശേഷിച്ചു. എങ്കിലും അവൾക്കു ലോകദൃഷ്ടിയിൽ അഭികാമ്യമായ ഒരു വിവാഹബന്ധത്തിൽ ഏൎപ്പെടുവാൻ കഴിവുവരുന്നതിൽ ഭാരതിയേക്കാൾ ആനന്ദസമുദ്രത്തിൽ ആറാടി വിഹരിക്കുന്നവർ ലോകത്തിൽ മററധികംപേർ ഉണ്ടായിരിക്കയില്ല. യേനകേനപ്രകാരേണയും തൻെറ ഇംഗിതം സാധിക്കുവാൻ വേണ്ടി, ഗോപികാരമണമേനവൻ പെട്ടന്നപാട്ടുകണ്ടു്, അഭ്യസ്തവിദ്യനും ഉത്തരവാദമേറിയ രാജ്യകാൎയ്യം വഹിക്കുന്ന ഒരു പുരുഷകേസരിയുമായ അദ്ദേഹത്തിലും ഭാരതിക്കു് അപരിമിതമായ അനുഭാവം ഉദയംചെയ്യിക്കാതിരുന്നില്ല. എങ്കിലും ദീർഘകാലമായി തൻെറ മനോവേദിയുടെ അജ്ഞാതമായ ഒരു കോണിൽ കെട്ടിപ്പടുത്തുവച്ചിരുന്ന അഭിലാഷദുർഗ്ഗത്തിൻെറ അസ്ഥിവാരശിലകൾ പാടേ തട്ടിത്തകൎക്കുവാൻ

ശക്തിമത്തായ ഒരു നശീകരണസ്ഫോടക സജ്ജമാണു് മേന വൻെറ സാഹസബുദ്ധിയെന്നു് അനുസ്മരിച്ചപ്പോൾ ആ ധീ രോദാത്തയായ യുവതി നൈരാശ്യത്തിനു വിധേയയാകുകത ന്നെചെയ്തു. പത്മത്തിൻെറ ആദ്യത്തെ ക്ത്തു കണ്ടതോടുകൂടി മേനവനെ താൻ ജയിച്ചു പലായനം ചെയ്യിച്ചതായി ഭാരതി ഉറപ്പിച്ചിരുന്നു. ആ ദൃഢവിശ്വാസം തനിക്കു് ഉള്ളതുനിമി ത്തമാണു് അമ്മയോടു മേനവൻെറ വിവാഹക്കാര്യം സമ്മതി ച്ചിരിക്കുന്നതായി സധൈര്യം സമ്മതിക്കുകയുണ്ടായതു്. മാ താവു് ആ അംഗീകാരം ശിരസാവഹിക്കുകയും പിതൃകളുങ്ങ ളിൽ ആ സന്തോഷവാർത്ത എത്തിക്കുകയും, അതുവഴി അക്കാ ര്യം വികസ്വരമാക്കുകയും ചെയ്തിരിക്കുന്നു. ഇനി മേനവൻ വ രേണ്ടുന്ന താമസം മാത്രമേയുള്ളു, വിവാഹനിശ്ചയത്തിനു തീ യതി ക്ലിപ്തംചെയ്യാൻ. ഇത്ര വൈഷമ്യം ഗ്രസിച്ച ഒരു പ രിതസ്ഥിതി മുമ്പൊരിക്കലും തനിക്കു് അഭിമുഖീകരിക്കേണ്ട തായിവന്നിട്ടില്ല. മേനവൻ ആൾ സാമാന്യനല്ല. എല്ലാംകൊ ണ്ടും അസാമാന്യനാണദ്ദേഹം. അദ്ദേഹത്തിൻെറ ബന്ധം സ ർവ്വഥാ സ്പൃഹണീയവുമാണു്. മാതാവു പ്രവചിച്ചതുപോ ലെ പരിതസ്ഥിതികളാണു മനുഷ്യനെ വലുതും ചെറുതുമാക്കു ന്നതു്. പരിതസ്ഥിതികളെ മനുഷ്യൻെറ ബുദ്ധിയും യുക്തിയും സ്വപ്രയത്നവും കൊണ്ടു സൃഷ്ടിക്കുവാനോ ക്രമപ്പെടുത്തി നി യന്ത്രിച്ചു് അനുരൂപപ്പെടുത്തുവാനോ കഴിയും. എങ്കിലും വി ധിമതത്തിൽ മനുഷ്യരാശിക്കു് സാർവ്വത്രികമായി ഉള്ള വി ശ്വാസം കേവലം അടിസ്ഥാനരഹിതമെന്നു പറഞ്ഞുകൂടാ. ഏതായാലും ഇവിടെ ഒരു രക്ഷയുണ്ടു്. ഭാരതിയുടെ അന്ത രംഗത്തിൻെറ ഒരു കോണിൽ അതിനിഗൂഢമായി സൂക്ഷിച്ചു രക്ഷിച്ചു് അങ്കുരിപ്പിച്ചു വളർത്തിവരുന്ന ഒരു തൃഷ്ണയുടെ രഹ സ്യം താനല്ലാതെ മററാരും അറിവാൻ ഇടയായിട്ടില്ല. ത ത്സംബന്ധമായി എന്തെങ്കിലും ഊഹാപോഹങ്ങൾ ആക്കെ

ങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതിൻെറ ഉത്തരവാദം തനിക്കു ള്ളതുമല്ലേ. ഏവംവിധങ്ങളായ വിഷയങ്ങളേ പരാമർശി ച്ചുകൊണ്ടുള്ള ചിന്താഗതിയിൽ ഭാരതി നിർന്നിമേഷയായി അങ്ങനെ ഇരുന്നു. അതിനിടയ്ക്കു്, "മകളേ! ഇതാ നിനക്കു് ഒരു ഫോണോഗ്രാം," എന്നുപറഞ്ഞുകൊണ്ടു കൈയിൽ ഫോ ണോഗ്രാം ലക്കോട്ടുമായുള്ള ചെമ്പകക്കുട്ടിഅമ്മയുടെ ആഗ മനത്താൽ ഭാരതി ഞെട്ടി ഉണർത്തപ്പെട്ടു.

"ഇരിക്കണം അമ്മാ, ഇവിടെ. ഒരു കാര്യം സംസാരിക്കാ നുണ്ടു്," എന്നു പറഞ്ഞു പത്മിനിയുടെ കത്തു മാതാവിൻെറ പക്കൽകൊടുത്തിട്ടു ഭാരതി ഫോണോഗ്രാം കവർ പൊളിച്ചു വായന തുടങ്ങി.

"മുൻപുചെയ്ത ചില നിശ്ചയങ്ങൾ ഭേദപ്പെടുത്തേണ്ടതാ യ നൂതനപരിതഃസ്ഥിതികൾ ഉണ്ടായി. പത്മത്തിൻെറ ല ററർ കിട്ടിയിരിക്കുമല്ലോ. അതിനാൽ ഞാൻ ഇതാ അങ്ങോട്ടു പുറപ്പെട്ടിരിക്കയാണു്.

രാവിലത്തെ പ്ലെയിനിൽ അവിടെയെത്തും. ദൂരസ്ഥല പരിപാടികൾ ഒന്നും ആസൂത്രണം ചെയ്യരുതേ! അങ്ങനെ ചെയ്യാതിരിക്കാൻവേണ്ടി നേരത്തേ അറിയിക്കുകയാണു്. അ ച്ഛൻെറപേക്കു് അയച്ചിരുന്ന ലററർ തക്കസമയത്തു കിട്ടിയി രിക്കുമെന്നു വിശ്വസിക്കുന്നു. നാളെ തമ്മിൽ കാണാം.

എന്നു്, ഗോപികാരമണമേനവൻ

ചെമ്പകക്കുട്ടിയമ്മ പത്മിനിയുടെ ലററർ വായിച്ചുതീ ത്ത ഇടകൊണ്ടു ഭാരതി ഫോണോഗ്രാമും രണ്ടുമൂന്നു പരിവൃ ത്തി വായിച്ചുനോക്കി. അതും അമ്മയുടെ ഹസ്തങ്ങളിൽ സമ ർപ്പിച്ചു. വാത്സല്യനിധിയായ മാതാവു് ആ സന്ദേശവും വാ യിച്ചു സന്തുഷ്ടിയടഞ്ഞു.

"ആവൂ! മകളേ, ഇപ്പോഴേ എനിക്കു സമാധാനം ആയു ള്ളു. ആ മേനവൻ ആൾ ഉചിതജ്ഞൻതന്നെ. മുറപ്പെണ്ണിനെ താൻ സ്വീകരിക്കാതെ മറ്റൊന്നിനെ തേടിപ്പോകുന്നതു കൊണ്ടുള്ള താപം അതിനു് ഏല്ക്കാതിരിക്കാൻവേണ്ടി ചെയ്ത വേല നോക്കണേ! വളരെവളരെ നല്ല ബന്ധം മകളേ, അതു്. സംശയമില്ല. ഇനി ഞാൻ വേഗം പോയി ഇതു രണ്ടും അ ച്ഛനെ കാണിക്കട്ടെ. ഈ കാര്യം ഭംഗിയായി പ്രതീക്ഷപോ ലെ നടന്നുകാണണം, ഇനി പാവത്തിനു് ഊണും ഉറക്കവും ശരിക്കു വേണമെങ്കിൽ. അത്ര വലിയ ചിന്തയാ നിന്നെപ്പറ്റി.

ഭാരതി:–വേഗം നടത്തിച്ചുകൊള്ളുകയേ വേണ്ടൂ. അതി നേക്കുറിച്ചു് ഇനി ചിന്തവേണ്ട. ജൂൺ 5–ാംനു-യ്ക്കു് ആ വിവാ ഹം. ജൂൺ 7–ാംനു-യാവട്ടെ ഇവിടെ. എന്നിട്ടു ഞങ്ങൾ നാലു പേരുംകൂടി ഇവിടന്നുതന്നെ പുറപ്പെട്ടേക്കാം യൂറോപ്പിലേയ്ക്കു്. അവരോടൊന്നിച്ചു് അനുയാത്ര പോയെന്നും ഇരിക്കും.

ചെമ്പകക്കുട്ടിഅമ്മ:-നിൻെറ അഭിലാഷം അങ്ങനെയെ ങ്കിൽ അപ്രകാരംതന്നെ നടന്നോട്ടെ. ഇവിടെ ഈശ്വരൻ പ്ര സാദിച്ചു് ഒന്നിനും ഒരു വിഷമവും ഇല്ല. നിൻെറ അച്ഛൻ ഒന്നു മൂളിയാൽ മതി ഒരു നൊടിനേരത്തിനകം ഇതിനകം ദേ വലോകത്തിനു് ഒപ്പം മകളേ!

ചെമ്പകക്കുട്ടിഅമ്മ ലറ്ററും ഫോട്ടോക്കോപ്പും കൈയി ലെടുത്തുപിടിച്ചുകൊണ്ടു് തെരുതെരെ നടന്നു മന്ത്രിയുടെ ആ ഫീസുമുറിക്കു തൊട്ടടുത്തുള്ള സ്വകാര്യമുറിയിൽ ചെന്നു നിന്നു മേശമണി ഒന്നടിച്ചു. പത്നി തന്നെ അന്വേഷിക്കുന്നു എന്നു സചിവപ്രധാനനു മനസ്സിലായി. ആഫീസുമുറിയിലുണ്ടായി രുന്ന സന്ദർശകരെ പെട്ടെന്നു യാത്രയാക്കിയശേഷം ഒന്നുരണ്ടു നിമിഷങ്ങൾക്കകം അദ്ദേഹം ചെമ്പകക്കുട്ടിഅമ്മയുടെ സവി ധത്തിൽ എത്തി.

# 10

## തഹശീൽദാരുടെ വസതിയിൽ

റിപ്പബ്ളിക്കൻപാർട്ടിയിലെ ഒരു അംഗമാണു സുരേന്ദ്രൻനായർ. അയാൾ ഉത്സാഹിയായ ഒരു യുവാവാണു്. ബി. എസ്സി. ഓണേഴ്സ് പാസ്സായിട്ടുണ്ടു്. കെമിസ്ത്രി ഐച്ഛികമായി എടുത്തു് ഒന്നാംക്ലാസ്സിൽ പാസ്സായിട്ടുള്ള ഒരാളാണു് അയാൾ. പ്രസ്തുത യുവാവിനു് ഒരു ഒന്നാംഗ്രേഡ്കോളേജിൽ പ്രൊഫസറുദ്യോഗവുമുണ്ടു്. എങ്കിലും രാഷ്ട്രീയപാർട്ടിയിൽ തന്നെ നില ഉറപ്പിച്ചിരിക്കുന്നു. ആ കോളേജു് ഒരു പ്രൈവറ്റുസ്ഥാപനമാകയാൽ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതിൽ നിയമം അനുവദിക്കുന്നു എന്നുള്ളതു് ഒരു ബലംതന്നെ.

ഓക്സ്ഫോർഡു സർവ്വകലാശാലക്കാർ, എം. എസ്സി. യോ ബി. എ. ആണേഴ്സോ കെമിസ്ത്രി എടുത്തു് ഒന്നാംക്ലാസ്സിൽ ജയിച്ചിട്ടുള്ള രണ്ടു ഭാരതീയവിദ്യാർത്ഥികൾക്കു പ്രതിവർഷം രണ്ടായിരം രൂപയുടെ രണ്ടു സ്കോളർഷിപ്പു തുടരെ നാലു വർഷത്തേക്കു് അനുവദിച്ചിട്ടുള്ളതിനാൽ സുരേന്ദ്രൻനായർ അതിനു് അപേക്ഷിക്കുവാൻ ഉദ്യമിച്ചിരിക്കയാണു്. അപേക്ഷയോടൊന്നിച്ചു വയസ്സും വ്യക്തിനിർണ്ണയവും സംബന്ധിച്ചു സ്ഥലത്തെ തഹശീൽദാരുടെ ഒരു സർട്ടിഫിക്കേററു കൂടിയേ തീരൂ.

ഈ ഉദ്ദേശ്യം സാധിക്കാൻവേണ്ടി സുരേന്ദ്രൻനായർ ഒരു ദിവസം രാവിലെ തഹശീൽദാരുടെ വസതിയിൽ എത്തി. ആ ഉദ്യോഗസ്ഥൻ തൻെറ സ്വദേശിയായ ഒരു ഗ്രാഡ്യുവേറ്റാണു്. ആൾ മദ്ധ്യവയസ്കനും. അദ്ദേഹത്തിനു് ഒരു പുത്രൻ ഉണ്ടു്. സുകുമാരൻ എന്നാണു് അയാളുടെ പേർ. അയാൾ സുരേന്ദ്രൻനായർക്കു് ഉദ്യോഗമുള്ള കോളേജിൽ ഇന്റർമീഡിയററു് ഒന്നാംവർഷക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയു

മാണ്. തഹശീൽദാരുടെ പുത്രൻെറ പ്രൊഫസ്സർ എന്ന നില കൂടി ഉള്ളതുകൊണ്ടു്, സർട്ടിഫിക്കററു വാങ്ങിക്കുന്നതിൽ സാധാരണക്കാർ അനുഭവിക്കാറുള്ള വൈഷമ്യങ്ങൾ തനിക്കു് അനുഭവപ്പെട്ടുകയില്ലെന്നും സുരേന്ദ്രൻനായർ നിനച്ചു.

നേരേ ആഫീസുമുറിയിലെത്തി. അവിടെ ആരെയും കണ്ടില്ല. അവിടെ ഉണ്ടായിരുന്ന രണ്ടുമൂന്നു കസാലകളിൽ ഒരു ഒഴിഞ്ഞകോണിൽ കിടന്ന ഒന്നിൽ ഇരിപ്പായി. കുറെ നേരം ഇരുന്നിട്ടും ആരും പുറത്തുവരുന്ന ലക്ഷണം ഒന്നും കണ്ടില്ല. പുറത്തേയ്ക്കു യാദൃച്ഛികമായി ഒന്നു നോക്കിയപ്പോൾ ഒരാൾ ഗേററിങ്കൽ തണൽപററിവന്നു നില്ക്കുന്നതു കണ്ടു. അയാൾ സുരേന്ദ്രൻനായരെ വിനീതമന്ദസ്മിതത്തോടെ വന്ദിച്ചിട്ടു പുറത്തേയ്ക്കു നീങ്ങുന്നതുപോലെ തോന്നി. തഹശീൽദാർ ഇല്ലായിരിക്കും എന്നു പ്രൊഫസ്സർ തീരുമാനിച്ചു. അതിനിടയ്ക്കു് ഒരു ചൊടിചൊടിപ്പൻ ചെറുപ്പക്കാരൻ ഹാളിലേയ്ക്കു ദ്രുതഗതിയിൽ നടന്നുവന്നു. തലയിൽ വാസനയുള്ള മുടിവളർത്തും, എണ്ണ പുരട്ടി അതിന്മീതേ വാസലിൻ ഇട്ടു ചീകിമിനുക്കി രേഖയിട്ടു മാടിവച്ചിട്ടുണ്ടു്. അലക്കിത്തേച്ചെടുത്ത ഒരു മുണ്ടെടുത്തു് ജാനുക്കളിൽവച്ചു മടക്കിക്കെട്ടി ഉടുത്തിരിക്കുന്നു. വെള്ള ടെനീസ് ഷർട്ടു് അലക്കിത്തേച്ചതു കൈമുട്ടുവരെ മടക്കി വട്ടംതെറുത്തുകയററി ധരിച്ചിരിക്കുന്നു. പ്രൊഫസ്സർ അയാളെ ഒന്നു നോക്കി. തഹശീൽദാരെപ്പോലെ ഇരിക്കുന്ന ഛായ. ഹേയ്, അദ്ദേഹത്തിനു പ്രായം വളരെ കൂടുതൽ ഉണ്ടല്ലൊ. ഇതു പയ്യൻ സുകുമാരൻ! ഓ! അതേ. ശരി. "മിസ്റ്റർ സുകുമാരൻനായർ! അച്ഛൻ ഇല്ലേ?—ഇവിടെ എനിക്കു് അദ്ദേഹത്തെ കാണേണ്ട ആവശ്യമുണ്ടു്."

ശിഷ്യൻ ഗുരുവിനെക്കാണുമ്പോൾ സാധാരണമായി വെള്ളക്കാരുടെ ഇടയിൽപ്പോലും ഇന്നും നിലവിലിരിക്കുന്ന

ഉപാചരമൎയ്യാദകളോ വെറും ഭോഷ്ക്കുവന്ദനമോ ഒന്നും സുകുമാരനിൽനിന്നു് ഉണ്ടായില്ല.

"ആ പ്യൂണിനെ കണ്ടില്ലേ ഗേററിങ്കൽ?" എന്നൊരു അദ്ധ്ഭർത്സനമായ ചോദ്യമാണു് ആ ചെറുപ്പക്കാരന്റെ മുഖത്തുനിന്നു് ഉണ്ടായതു്. സുരേന്ദ്രൻനായർ അവിടെ ഇരുന്നു വിസ്മയംകൊണ്ടു. തഹശീൽദാരുടെ മകൻ തുടൎന്നു: "ഇവിടെ ഇരുന്നുകൂടാ. ഇറങ്ങി പുറത്തുനില്ക്കണം. പിന്നെ പറയാം മററു കാൎയ്യങ്ങൾ."

പ്രൊഫസ്സർ അന്തയിരിപ്പിൽ ഇരുന്നു സ്തംഭിച്ചുപോയി, ചില നിമിഷങ്ങൾവരെ.

പിന്നീട്ടു് ഒരക്ഷരവും പറയാതെ അദ്ദേഹം പുറത്തിറങ്ങി, കുട നിവർത്തുപിടിച്ചുകൊണ്ടു് ആ ഇളവെയിലത്തു നിലകൊണ്ടു. ധൃഷ്ടനായ ആ പയ്യൻ ഉടനേ ഗേററിനുസമീപത്തേയ്ക്കു പാഞ്ഞുചെന്നു പ്യൂണിനെക്കണ്ടു് ഒരുപടി ശകാരം നല്കി. "അദ്ദേഹം കൊച്ചുണ്ണുന്നിൻെറ കോളേജിലെ ലക്ചററല്ലേ എന്നാല്യം," എന്നുമാത്രം അയാൾ പിറുപിറുത്തു. അതു സുരേന്ദ്രൻനായരും കേട്ടു.

ഒരു പതിനഞ്ചുമിനിററു കഴിഞ്ഞപ്പോൾ തഹശീൽദാർ തൻെറ സ്വീകരണമുറിയിൽ എത്തി. പ്രധാനപ്പെട്ട ആസനത്തിൽ ഉപവിഷ്ടനായി. അതുകണ്ട സുരേന്ദ്രൻനായർ കുടമടക്കി കൈയിൽത്തന്നെ ചുരുട്ടിപ്പിടിച്ചുകൊണ്ടു് അകത്തേയ്ക്കുകയറി തഹശീൽദാരുടെ മേശയ്ക്കുസമീപംചെന്നു നിലയായി.

തഹശീൽദാർ ഗൗരവസ്വരത്തിൽ ചോദിച്ചു: "എന്താ കാൎയ്യം?"

സുരേന്ദ്രൻനായർ:—ഒരു കാര്യംപ്രമാണിച്ചു കാണാൻവന്നതാ.

തഹശീൽദാർ:—നിങ്ങളൊക്കെ ഇങ്ങനെ സൎക്കാർകാൎയ്യങ്ങൾക്കു് എന്നെ വീട്ടിൽവന്നു ബദ്ധപ്പെടുത്തിയാൽ ആവില്ല.

പതിനൊന്നര മണിക്കു ഞാൻ ആഫീസിൽ വരും. ഇന്നു സ്ക്യൂട്ട് ഇല്ല. അതുകൊണ്ടു് അവിടെവന്നു കാൎയ്യംപറയണം.

സുരേന്ദ്രൻനായർ:—അത്രവലിയ കാൎയ്യം ഒന്നും എനിക്കില്ല. അങ്ങു് ക്യാമ്പിൽ പോയേക്കുമെന്നു ശങ്കിച്ചു് നേരെ ഇങ്ങട്ടുപോന്നു. എന്റെ വീട്ടും ഇവിടെ അടുത്തുതന്നെയാ.

തഹശീൽദാർ ആ യുവാവിനെ സൂക്ഷിച്ചുനോക്കി. "നിങ്ങൾ ഏതാ? എന്താ സംഗതി?" എന്നൊരു ചോദ്യം.

സുരേന്ദ്രൻനായർ:—എന്നെ അറിയുമെന്നാ നിനച്ചതു്. ഞാൻ ചന്ദ്രികാഭവനത്തിലെയാണു്. പേർ സുരേന്ദ്രൻനായർ. കെമിസ്ത്രിയെടുത്തു് എം. എസ്സി. ഡിഗ്രി സമ്പാദിച്ചിട്ടുണ്ടു്. നമ്മുടെ കോളേജിൽ ഒരു പ്രൊഫസ്സർ ഉദ്യോഗവുമുണ്ടു്. ഓക്സ്ഫോർഡിലെ ഒരു റിസർച്ചു സ്കാളർഷിപ്പിനു് അപേക്ഷിക്കാൻ ഒരു ഏജ് ആൻഡ് ഐഡൻറിറ്റി സർട്ടിഫിക്കേററ് വേണ്ടിയിരിക്കുന്നു.

തഹശീൽദാർ ദുർമ്മുഖത്തോടെ പറഞ്ഞു: "നിങ്ങളൊക്കെ ഇങ്ങനെവന്നു ബദ്ധപ്പെടുത്തിയാൽ എങ്ങനെയാ? ഇവിടത്തെ ജോലിത്തിരക്കു്, ഒന്നിനും നേരമില്ല. ഉണ്ണാനും ഉറങ്ങാനും മനുഷ്യർ സമ്മതിക്കുകയില്ല. ഏതു മല്ലുവന്നാലും തഹശീൽദാരുടെ പിടലിക്കു്. ഈ ഉദ്യോഗം വേണ്ടെന്നുവച്ചേക്കാമായിരുന്നു. ഉള്ള സർവ്വീസു വകവച്ചു പെൻഷൻതന്നേച്ചാലുംമതി. പ്രൊമോഷൻ ഒന്നും വേണ്ടേവേണ്ട—ഇരിക്കണം അവിടെ."

സുരേന്ദ്രൻനായർക്കു തെല്ലു് ആശ്വാസമായി. 'ആവൂ. മകനേക്കാൾഭേദം അച്ഛൻ എന്നു പ്രൊഫസ്സർ ആ ഉദ്യോഗസ്ഥനു് ഒരു സ്വഭാവസാക്ഷ്യപത്രം മനസാ കൊടുത്തുകഴിഞ്ഞു. അടുത്തു് ഒരു കസാലയിൽത്തന്നെ അദ്ദേഹം ഇരുന്നു. എന്നിട്ടു് ഇങ്ങനെ പറഞ്ഞു: "ഞാൻനിമിത്തം ബദ്ധപ്പാടിനു് ഇടയാകുന്നെങ്കിൽ ക്ഷമിക്കണം. സർട്ടിഫിക്കേററിന്റെ കാൎയ്യം

ലഘൂകരിക്കാനുവേണ്ടി സ്ക്കൂൾഫൈനൽമുതൽ ബി. എ. ഓണേഴ്സ്വരെയുള്ള സർട്ടിഫിക്കേററുകളും ഡിഗ്രികളും കൊണ്ടുവന്നിട്ടുണ്ട്. എന്നെ പ്രസവിച്ചതു കൊല്ലത്തുവച്ചാണ്. അന്ന് അച്ഛന് അവിടെയായിരുന്നു ഉദ്യോഗം.''

തഹശീൽദാർ:—അച്ഛൻ! ഞാൻ ഓർമ്മിക്കുന്നില്ല.

സുരേന്ദ്രൻ:—അങ്ങ് ഓർമ്മിക്കാൻ ഇടയില്ല. അച്ഛൻ മരിക്കുമ്പോൾ പേഷ്ക്കാരായിരുന്നു. മരിച്ചിട്ട് ഇപ്പോൾ വർഷം 28 ആയി. എനിക്ക് അന്ന് ഒരു വയസ്സ്.

തഹശീൽദാർ ഒരുനിമിഷം ആലോചനയിൽ ഇരുന്നു് വിസ്മൃതി നീക്കിയിട്ട് ഒരു മന്ദഹാസത്തോടെ പറഞ്ഞു: "ഓ! ഇപ്പോൾ ഞാൻ എല്ലാം ഓർമ്മിച്ചു. ആൾ മനസ്സിലായി. എക്സ്ക്യൂസ് മീ.''

സുരേന്ദ്രൻനായർ:-കൊല്ലത്തുവച്ചു ജനിച്ചതുകൊണ്ട് അക്കാലത്തെ ജനനരജിസ്റ്ററിലെ എൻട്രിയുടെ പകപ്പുകൂടി എടുപ്പിച്ചുകൊണ്ടുവന്നിട്ടുണ്ട്. ഇതെല്ലാം വച്ചുകൊണ്ട് ഒരു സർട്ടിഫിക്കേററ് എഴുതിത്തന്നാൽ വലിയ ഉപകാരമായിരിക്കും. അപേക്ഷ അയയ്ക്കുവാനുള്ള അവസാനത്തീയതിയാണിതു്. അങ്ങ് തുടരെ നാലഞ്ചുദിവസം ക്യാമ്പിലായിരുന്നതുകൊണ്ട് ഇക്കാര്യം ഇത്ര നീട്ടിവയ്ക്കേണ്ടിവന്നു.

തഹശീൽദാർ:—എന്തെല്ലാം രേഖകൾ ഇവിടെക്കാണിച്ചാലും അതിനൊന്നും ഞാൻ വിലവയ്ക്കുകയില്ല. അതിനെയൊക്കെ അടിസ്ഥാനപ്പെടുത്തി എഴുതിത്തരാനും സാധിക്കുകയില്ല. ഞാൻ ഇങ്ങനെ കാര്യം തുറന്നുപറയുന്നകൂട്ടത്തിലാ. അതുകൊണ്ടു പലക്കും എന്നോടു രസക്കേടാ, പല വലിയവർക്കുംകൂടെയും. നിങ്ങൾ ഒരു കാര്യം ചെയ്യണം. എൻെറ ആഫീസിരിക്കുന്ന പകുതിയിലെ പാർവ്വത്യകാരെക്കൊണ്ട് ഒരു റിപ്പോർട്ട് എഴുതിവാങ്ങണം. അപേക്ഷ കൊണ്ടുവന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ എടുക്കണം.

സുരേന്ദ്രൻനായർ അപേക്ഷ എടുത്തു മേശപ്പുറത്തുവെച്ചു. തഹശീൽദാർ അക്ഷരംപ്രതി രണ്ടുമൂന്നു പരിവൃത്തി വായിച്ചുനോക്കി തൃപ്തിപ്പെട്ടശേഷം അതിൻെറ തലയ്ക്കൽ എന്തോ കുത്തിക്കുറിച്ചിട്ടു പറഞ്ഞു: "ഞാൻ പാർവ്വത്യകാരുടെ റിപ്പോർട്ടിനു് ഓർഡർ ചെയ്തിരിക്കുന്നു. നിങ്ങൾ നേരിട്ടു് ഇവിടെ വന്ന സ്ഥിതിക്കു് ഞാൻ വീട്ടിൽവച്ചുതന്നെ ഓർഡർചെയ്തുതരുകയാണു്. ഇനി ഈ ഹരജി മുറയ്ക്കു് ആഫീസിൽ അയച്ചു രജിസ്റ്ററിൽ കൊള്ളിച്ചു് ഡാക്കററു് ഉത്തരവോടുകൂടി പകുതിയിലേയ്ക്കു് അയയ്ക്കണം. അതാണു ശരിയായ നടപടി. ഇന്നു് അവസാനദിവസമാണെന്നല്ലേ പറഞ്ഞതു്? അതുകൊണ്ടു് കൈയിൽ ഏല്പിച്ചുതരുന്നു. തനിയേ പാർവ്വത്യകാരുടെ അടുക്കൽ കൊണ്ടുചെന്നു് സർട്ടിഫിക്കേററിനു് ഉതകുന്ന ഒരു റിപ്പോർട്ടു് എഴുതിച്ചു് ആഫീസിൽ കൊണ്ടുവരണം. ഞാൻ സർട്ടിഫിക്കേററു് എഴുതിച്ചു് ഒപ്പും മുദ്രയുംപതിച്ചു തന്നുകൊള്ളാം."

സുരേന്ദ്രൻനായർ അപേക്ഷ കൈയിൽ വാങ്ങി ദീർഘമായി ഒന്നു നിശ്വസിച്ചു. തനിക്കു പററിയ ഇളിഭ്യതകൾ ഓർത്തു് അല്പം ഖിന്നനാകാതിരുന്നില്ല. എങ്കിലും തഹശീൽദാർക്കു് അസുഖമായി എന്തെങ്കിലും പറഞ്ഞു് ആ ഉദ്യോഗസ്ഥനെ മുഷിപ്പിക്കുന്നതു് കൂടുതൽ വൈഷമ്യങ്ങൾക്കു കാരണമാകുമെന്നുള്ള വിവേകബുദ്ധിനിമിത്തം ആ യുവാവു് മൗനമായി ആ ഉദ്യോഗസ്ഥനെ വന്ദിച്ചിട്ടു് അവിടംവിട്ടിറങ്ങി നേരെ പാർവ്വത്യകാരുടെ വീടു് അന്വേഷിച്ചറിഞ്ഞു് അവിടെ കയറിച്ചെന്നു.

പാർവ്വത്യകാരുടെ പുത്രൻ ഫോർത്തുഫാറത്തിൽ പഠിക്കുന്ന ഒരു പയ്യൻ സുരേന്ദ്രൻനായരെ ഗേററിങ്കൽ കണ്ടയുടനെ ഓടി അകത്തുചെന്നു് വസ്തുത അച്ഛനോടു പറഞ്ഞിട്ടു്, ദ്രുതഗതിയിൽ ചാവടിപ്പുരയിൽവന്നു് ആദരപൂർവ്വം പാർവ്വത്യകാരുടെ വലിയ ഇരിപ്പുകസേരയിൽത്തന്നെ ആ ബഹുമാന്യനായ

അതിഥിയെ ഇരുത്തി; അടുത്തുനിന്നു കുശലം പറഞ്ഞുതുടങ്ങി. അഞ്ചുമിനിററിനകം പാർവ്വത്യകാരും എത്തി കൂപ്പുകൈകളോടെ ആഗതനെ വന്ദിച്ചു. പാർവ്വത്യകാർ അകലെ മാറി ഒരു കയററുകട്ടിലിന്റെ വക്കത്തു് ഇരുന്നുകൊണ്ടു പറഞ്ഞു: "എന്താണോ പ്രൊഫസ്സർഅദ്ദേഹംതന്നെ നേരിട്ടു് ഇങ്ങോട്ടു പോന്നതു്? മകൻ ഓടിവന്നു പറഞ്ഞു. കുളിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. വേഗം തലയൊന്നു തോർത്തി ബദ്ധപ്പെട്ടു വന്നതാ. വലിയ ആളുകളല്ലേ? വേണ്ടവരെ വേണ്ടവിധം മാനിക്കേണ്ടേ?"

സുരേന്ദ്രൻനായർ പറഞ്ഞു: "ഞാൻ രാവിലെ കയറിവന്നു ബദ്ധപ്പെട്ടെത്തി. ഒരു കാര്യവശാൽ വന്നതാണു്."

എന്നുപറഞ്ഞു് അപേക്ഷ കൈയിൽ കൊടുത്തു. പാർവ്വത്യകാർ അതു് ഒന്നു കണ്ണോടിച്ചു നോക്കിയിട്ടു മഷിയും പേനായും എടുത്തു റിപ്പോർട്ടു് എഴുതുവാൻതുടങ്ങി. അതിനിടയ്ക്കു് ഇങ്ങനെ പറഞ്ഞു: "ഇത്രേ ഉള്ളോ? ഇതിനു് അവിടത്തെ പ്യൂണിനെ ഇതും കൊടുത്തയച്ചാൽ മതിയായിരുന്നു. ഏതായാലും ഈ വീട്ടിൽ വരാൻ ഇങ്ങനെയെങ്കിലും ഒരു ഹേതു ഉണ്ടായല്ലോ. അങ്ങേപ്പോലുള്ള വലിയ ആളുകൾ ഇവിടെ വരുന്നതിനുതന്നെ സുകൃതംചെയ്യണം. ഇത്ര കാപ്പി കൊണ്ടുവരട്ടയോ?"

സുരേന്ദ്രൻനായർ മന്ദസ്മിതം തൂകി. എന്നിട്ടു പറഞ്ഞു: "തഹശീൽദാരദ്ദേഹത്തെ ബംഗ്ലാവിൽ ചെന്നുകണ്ടു. അപ്പോൾ ഇങ്ങനെയാ ഓർഡർ ഇട്ടുതന്നതു്."

കെററിലിൽ കാഫിയും ഒരു കപ്പും സാസറും ഒരു വിശേഷപ്പെട്ട പ്ലേററിൽ രണ്ടുമൂന്നുതരം പലഹാരവുമായി പാർവ്വത്യകാരുടെ ഭാര്യയും ഒരു വേലക്കാരൻ പയ്യനുംകൂടെ അവിടെ വന്നെത്തി അതിനകം.

"ഇനി ഇത്തിരികാപ്പികുടിച്ചിട്ടു മറ്റു കാര്യങ്ങൾ. രാവിലേ

ഇങ്ങനെ ഒരു കാപ്പിയേ വീട്ടിൽനിന്നുള്ളൂ. ഉച്ചയ്ക്ക് ഊണും മിക്കവാറും വല്ലടത്തുമൊക്കെ, കിട്ടുന്നിടത്ത്. അതൊക്കെയേ ഞങ്ങളുടെ ജോലിക്രമത്തിനു സാധിക്കൂ,'' എന്നു പാർവ്വത്യകാർ.

സുരേന്ദ്രൻനായരും പാർവ്വത്യകാരുംകൂടി കാഫിയും പലഹാരവും കഴിച്ചു. ഇടയ്ക്കു പാർവ്വത്യകാർ ഇരുന്നുപറഞ്ഞു: "ഞങ്ങടെ യജമാനൻ ഇതുവീട്ടിൽവെച്ച് ഉത്തരവിട്ടതുതന്നെ പണ്ട് ഉണ്ടായിട്ടില്ലാത്ത കാര്യം. ആളും അവസ്ഥയും നോട്ടമൊന്നും അവിടെ ഇല്ല. ഒക്കെ റൂളിന്റെ മുനയ്ക്ക്. എപ്പോഴും എല്ലായിടത്തും എല്ലാരോടും അങ്ങനെ റൂൾ എടുത്താൽ ചിലപ്പോൾ ഉണ്ടാംപിണഞ്ഞേക്കും. അങ്ങനെ പററാറുമുണ്ട്. മേലാവിന്റെകാര്യമല്ലേ, ഒന്നും പറഞ്ഞുകൂടാ. ഈ പരീക്ഷാസർട്ടിഫിക്കേററുകളും ജനനരജിസ്റ്ററുംമാത്രം നോക്കി സർട്ടിഫിക്കേററ് എഴുതിത്തരാമായിരുന്നു വേണമെങ്കിൽ. അതൊന്നും ചെയ്യുകയില്ല അദ്ദേഹം. സ്വർഗ്ഗത്തിലേ കട്ടുറുമ്പാ—എന്തു ചെയ്യാം. ഇത്തരം കുറേ പുതിയ യജമാനന്മാരെ നിയമിച്ചയച്ചിട്ടുണ്ട്. അവരേക്കൊണ്ടു ഞങ്ങൾ പൊറുതിമുട്ടിയിരിക്കുകയാ. മിണ്ടുന്നതിനും തുമ്മുന്നതിനും ഒക്കെ ടൗൺപകുതി പാർവ്വത്യകാരുടെ റിപ്പോർട്ട്. അങ്ങേ, പോരെങ്കിൽ നേരിട്ടു പരിചയവുമുണ്ട്. അടുത്ത അയൽക്കാരൻ. ആ കൊച്ചന്റെ പ്രൊഫസറും. കൊച്ചൻ എന്നുകേട്ടാൽ തുടിയിട്ടുകളയും. ഞങ്ങളൊക്കെ അയാളെ കൊച്ചങ്ങുന്ന് എന്നു വിളിക്കണം. അയാളുടെ അമ്മയെ കൊച്ചമ്മയെന്നും.''

സുരേന്ദ്രൻനായർ:-നമ്മുടെ ഉദ്യോഗസ്ഥന്മാർ അവരുടെ പഴയ രീതികളൊക്കെ മാററാൻ കാലം വൈകിയിരിക്കുന്നു. അവർ യജമാനന്മാരും അവരുടെ അട്ടത്തു കാര്യവശാൽ ഇടപെടുന്ന ജനങ്ങൾ അവരുടെ ഭൃത്യന്മാരുമെന്നാണവരുടെ ബോദ്ധ്യം. ഉദ്യോഗതിമിരം വല്ലാത്തൊരു രോഗംതന്നെ.

പാർവ്വത്യകാർ:—ജനകീയക്കരുമൂളകു കണ്ണിൽ എഴുതിയാലേ രോഗം മാറൂ.

സുരേന്ദ്രൻനായർ:—മന്ത്രിമാർ പിടിപ്പുകുറഞ്ഞവരെന്നു കണ്ടാൽ അവരെയിട്ടുകറക്കുന്ന ഉദ്യോഗസ്ഥന്മാർ ഇന്നും കുറവല്ല.";

പാർവ്വത്യകാർ:—ഇനീം കുറേവർഷംകൂടെ ചെന്നാലേ ഈ മട്ടൊക്കെ മാറിക്കിട്ടൂ. റിപ്പോർട്ട് എഴുതിത്തീൎന്നു. കാപ്പിയും മുഴുവനായി. ഇത്രയേയുള്ളു സംഗതി. ഇന്നു് ഇനിയും വല്ലടത്തേയ്ക്കും സർക്യൂട്ടു കണ്ടേയ്ക്കും. ഉടനെചെന്നു പിടിച്ചപിടിയാലേ എഴുതി ഒപ്പിട്ടുവിച്ചു വാങ്ങിക്കൊള്ളണം. കൊല്ലത്തു ജനിച്ച വിവരത്തിനു ജനൻസർട്ടിഫിക്കേററിരിക്കുന്നു. അതിന് അമ്പിളികുന്നത്തു പാർവ്വത്യകാരുടെ റിപ്പോർട്ടുവേണംപോലും. എന്തൊരു പേ പിടിച്ച നടപടിയോ ഇതു്.

സുരേന്ദ്രൻനായർ കാഫികുടിച്ചു് എഴുനേററു പ്രക്ഷാളനം കഴിച്ചു റിപ്പോർട്ടും ഹർജിയുമായി നേരേ തഹശീൽദാരുടെ ആഫീസിലേയ്ക്കു തിരിച്ചു. യാത്രയ്ക്കു മുൻപു പാർവ്വത്യകാരുടെ മനോഗുണത്തെയും സൗശീല്യത്തെയുംകുറിച്ചു നായർ ഒട്ടധികം അഭിനന്ദിക്കുകയും അച്ഛനെയും മകനെയും തന്റെ ഗൃഹത്തിലേയ്ക്കു ക്ഷണിക്കുകയുംചെയ്തു. രാവിലെ തനിക്കു സന്ദർശിക്കുവാൻ ഹേതുഭൂതരായ രണ്ടു് ഉദ്യോഗസ്ഥന്മാരുടെയും അവരുടെ കുട്ടികളുടെയും സ്വഭാവത്തിലും നടപടികളിലും മനോഭാവത്തിലും കാണപ്പെട്ട അജഗജാന്തരതയെക്കുറിച്ചു മാർഗ്ഗമദ്ധ്യേ സുരേന്ദ്രൻനായർ പരിചിന്തനംചെയ്യാതിരുന്നില്ല.

# 11

## രഹസ്യസമ്മേളനം

സുരേന്ദ്രൻനായർ തഹശീൽദാരെ കാണാൻ പുറപ്പെട്ട ദിവസം രാവിലെ റിപ്പബ്ളിക്കൻകക്ഷിയുടെ ഒരു രഹസ്യ സമ്മേളനം കൂട്ടുവാൻ മുൻകൂട്ടി നിശ്ചയിച്ചിരുന്നു. പാർട്ടിയുടെ ആഫീസിൽ വച്ചായിരുന്നു പതിവുപോലെ യോഗംകൂടിയതു്. ബഹുഭൂരിപക്ഷം അംഗങ്ങളും യോഗത്തിൽ സംബന്ധിച്ചിരുന്നു. പാർട്ടിയുടെ സ്ഥിരം പ്രസിഡണ്ടായ ഭാരതിതന്നെ അദ്ധ്യക്ഷം വഹിച്ചു. ഒരു പ്രമേയം അവതരിപ്പിക്കാൻ നിയുക്തനായിരുന്ന സുരേന്ദ്രൻനായർ വന്നുചേരാത്തതിന്റെ കാരണം എന്തെന്നു് ഒരു മെമ്പർ ഉന്നയിച്ച പ്രശ്നത്തിനു് തനതാവശ്യം പ്രമാണിച്ചു് ആ മെമ്പർ ഒരു ഉദ്യോഗസ്ഥനെ കാണാൻപോയിരിക്കുന്നതായി അറിവുകിട്ടിയിട്ടുണ്ടെന്നു് അദ്ധ്യക്ഷ പ്രസ്താവിച്ചു. റിപ്പബ്ളിക്കൻപാർട്ടിയിലെ അംഗങ്ങൾക്കു തനതാവശ്യം പ്രമാണിച്ചു് സ്റ്റേററിലെ ഉദ്യോഗസ്ഥന്മാരെ കാണാമോ എന്നു് മറെറാരു മെമ്പർ ചോദിച്ചപ്പോൾ, ഈ സ്റ്റേററിലെ ഒരു പൗരനായി ജീവിക്കുന്നകാലത്തോളം അത്തരം ആവശ്യങ്ങൾ ഉണ്ടായ്വരാം എന്നായിരുന്നു അദ്ധ്യക്ഷസ്ഥാനത്തുനിന്നുണ്ടായ സമാധാനം. ഇപ്രകാരം സമ്മേളനം പുരോഗമിച്ചുകൊണ്ടിരുന്നു. ഇപ്പോൾ നാടാകെ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യദാരിദ്ര്യത്തിനു സ്ഥായിയായ പരിഹാരം കണ്ടുപിടിക്കുവാനുള്ള പല മാർഗ്ഗങ്ങളേയുംപററി പാർട്ടി അവഗാഢമായി ചർച്ചകൾ നടത്തി. വസ്ത്രക്ഷാമം, ഭവനരാഹിത്യം, ഭൂപ്രശ്നം, ആദിയായ പലേ പ്രധാന പ്രശ്നങ്ങളും ചർച്ചാ വിഷയീഭവിച്ചു. സ്റ്റേററിൽ പ്രതിവർഷം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ജനസംഖ്യ, ഭൂമിയുടെ പരിമിതാവസ്ഥ, എന്നീ ഗൗരവാവഹങ്ങളായ പരിതഃസ്ഥിതികൾ പരി

ഗണിക്കുമ്പോൾ ജനനനിയന്ത്രണമോ നൂതനങ്ങളായ ഉപവേശപ്രദേശങ്ങളുടെ ആവശ്യമോ ഏതാണ് കൂടുതൽ അഭിലഷണീയം എന്ന വിചിന്തനം, ഇപ്പോഴത്തേ അന്തർദ്ദേശീയ സ്ഥിതിഗതികളുടെ നിലയും ജനപ്പെരുപ്പവും ഇവിടുത്തേ ഭൂമിയുടെ പരിമിതാവസ്ഥയും നിമിത്തം പുറംരാജ്യങ്ങളിൽ പുതിയ കാളനികൾ തേടിപുറപ്പെടുവാൻ അന്തർദ്ദേശീയനിയമങ്ങൾ അനുകൂലമായിരിക്കുന്നുവോയെന്നു്, അതല്ല ജനനനിയന്ത്രണ പദ്ധതിയാണു കൂടുതൽ അഭിലഷണീയമെങ്കിൽ അതു് പാശ്ചാത്യമായ യാന്ത്രികമോ സാംസ്കാരികമായ ഭാരതീയമോ രണ്ടിൽ ഏതു മാർഗ്ഗമാണു് സ്വീകാര്യം, ഓരോ വ്യക്തിക്കും കുറഞ്ഞതു പത്തുസെൻറു ഭൂമി വീതിച്ചുകൊടുക്കുകയെന്ന ആധുനികാഭിപ്രായം പ്രായോഗികമാണോയെന്നു്, സ്റ്റേറ്റിലെ ഭൂമിയുടെ പരിമിതാവസ്ഥയ്ക്കു് ജനസംഖ്യയുടെ പെരുപ്പം തുടന്നു വരുന്നതോടുകൂടി പത്തുസെൻറു പദ്ധതി പ്രായോഗികമല്ലാതെ വരുകയില്ലേ? കൃഷികരായ വ്യക്തികളേ ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥരായി പ്രഖ്യാപിക്കണമെന്നുള്ള പ്രമേയം ഭൂമി പൂർവ്വാധികം ഒരു വ്യക്തിയിൽത്തന്നെ കുമിക്കുന്നതിനു വഴിതെളിക്കുകയല്ലേ? സ്റ്റേറ്റിലെ ഓരോ പകുതിയെയും സൗകര്യാനുസൃതം വിവിധ ഗ്രാമപ്പഞ്ചായത്തുകളായി വിഭജിച്ചു് കൃഷി മുഴവൻ ദേശീയവല്ക്കരിക്കുന്നതല്ലേ കൂടുതൽ പ്രായോഗികം? കപാസി ഗവണ്മെൻറുസ്ഥാപനങ്ങളുടെ നിലയുള്ള ഗ്രാമപ്പഞ്ചായത്തുകളേത്തന്നെ സഹകരണാടിസ്ഥാനത്തിൽ അതതു പഞ്ചായത്തിലെ ഭക്ഷ്യങ്ങളുടെ കൃഷിച്ചുമതല ഏല്പിച്ചു നടത്തിക്കുകയല്ലേ ഭക്ഷ്യപ്രശ്നത്തിനു നിപുണമായ പരിഹാരമാർഗ്ഗം? വ്യക്തികൾ ഉടമസ്ഥാവകാശവഴിയും പാട്ടാവകാശവഴിയും ഇപ്പോൾ കൈവശംവച്ചു് കൈകാര്യം ചെയ്തുവരുന്ന കൃഷിനിലങ്ങളും വെറും തറകളും ചേരിക്കല്ലുകളും നിയമത്തിന്റെ അവലംബത്തോടുകൂടി ഓരോ പഞ്ചായത്തിനുമായി

കൈവശം കൊടുപ്പിക്കുകയല്ലേ കൂടുതൽ കാര്യക്ഷമം? ഇങ്ങനെ കൂട്ടുവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട ഭക്ഷ്യധാന്യമായ നെല്ലു മാത്രമല്ല, മരച്ചീനി, കൂവരക്, കൂവ, പയറ്, കടല, മുതിര മുതലായ ഇതരഭക്ഷ്യങ്ങളും, എള്ള്, നിലക്കടല മുതലായ എണ്ണക്കുരുക്കളും, തൈലധാന്യങ്ങളും, കരിമ്പും, തെങ്ങ്, കാഫി, റബ്ബർ, തേയില, കുരുമുളക് മുതലായ ദീർഘകാലദേഹണ്ഡങ്ങളും നടത്തിക്കേണ്ടതാണ്. പുറംദേശങ്ങളിൽനിന്നു് ഇപ്പോൾ ഇവിടെ ഇറക്കുമതി ചെയ്തു വരുന്ന ഉള്ളി, മല്ലി, കടുക്, ജീരകം, ഉലുവാ മുതലായ വ്യഞ്ജനധാന്യങ്ങളും ഇവിടെത്തന്നെ കൃഷിചെയ്യപ്പെടാൻ വ്യവസ്ഥകൾ ഉണ്ടായിരിക്കണം. എല്ലാവിധ കൃഷികളും എല്ലാത്തരം വ്യവസായങ്ങളും ഗവണ്മെൻറ് ദേശീയവല്ക്കരിക്കുകയും അതതു തൊഴിലിൽ പരിചയവും പരിശീലനവുമുള്ളവരെ ശമ്പളവും ബോണസ്സും നല്കി അതതു വകുപ്പുകളിൽ സേവനത്തിനു നിയമിക്കുകയുംവേണം. ഗ്രാമപ്പഞ്ചായത്തതിർത്തിക്കകംതോറും ഭക്ഷ്യങ്ങളും ഇതരസാധനങ്ങളും ന്യായമായ വിലയ്ക്കു ജനങ്ങൾക്കു നല്കത്തക്കവിധം മിതവില സെയിൽസ് ഡിപ്പോകൾ ഗവണ്മെൻറിൻെറ നേരിട്ടുള്ള ചുമതലയിൽ നടത്തിക്കണം. ഗ്രാമപ്പഞ്ചായത്തുകൾതോറും ഭവനരഹിതരുടെ ഉപയോഗാത്ഥം ഓരോ ഭവനരഹിതാഭയകേന്ദ്രം പണിയിച്ച് അത്തരക്കാക്കു വാസത്തിനായി വിട്ടുകൊടുക്കണം. ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനായി ഒരു ദശവത്സരപദ്ധതിയുടെ പശ്ചാത്തലത്തിൽ ഉടനേ നടപടികൾ ആരംഭിക്കുവാൻ അധികാരത്തിലിരിക്കുന്ന ഗവണ്മെൻറിനെ ഉൽബോധിപ്പിക്കണം. ഇത്യാദി ദേശീയപ്രാധാന്യം അർഹിക്കുന്ന അനേകം പ്രമേയങ്ങൾ ആ യോഗത്തിൽ പാസ്സാക്കി.

യോഗത്തിൽ താമസിച്ചു ഹാജരായ സുരേന്ദ്രൻനായർ

35324

തഹശീൽദാരുടെ വസതിയിൽവച്ചു താൻ അഭിമുഖീകരിക്കേണ്ടിവന്ന അവശതകളേയും; പാശ്ചാത്യകാരുടെ ഭവനത്തിൽ ലഭിച്ച ഹൃദ്യമായ സ്വീകരണത്തേയുംപററി അനൗപചാരികമായി യോഗാംഗങ്ങളെ ധരിപ്പിച്ചു. നാട്ടിലെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിനു് ശമനം വരുത്തുവാൻ, അധികാരത്തിലിരിക്കുന്ന ഗവൺമെണ്ടിനു് സകല പിൻതുണകളും നൽകേണ്ടതാണെന്നു് ഒരു പ്രമേയംകൂടി പാസ്സാക്കി യോഗനടപടികൾ സമാപിച്ചു.

റിപ്പബ്ളിക്കൻപാർട്ടിയുടെ ആദർശവും പരിപാടികളും ധ്വംസകവും വിനാശകവും അല്ലെന്നും സംസ്ക്കാരവികാസവും സൃഷ്ടിപരപരിപാടികളുമാണു് അതിൻെറ ലക്ഷ്യമെന്നും, ആ തത്വം മനസ്സിൽവച്ചുകൊണ്ടു മെംബറന്മാർ വ്യാപരിക്കേണ്ടതാണെന്നും അദ്ധ്യക്ഷ ഉപസംഹാരപ്രഭാഷണമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി.

# 12

## അതിഥി

നിശ്ചയം അനുസരിച്ചു ഗോപികാരമണമേനവൻ മെയ് 22-ാംനു രാവിലത്തെ പ്ലെയിൻമാർഗ്ഗം സിററിയിൽവന്നെത്തി. സ്റ്റേററുകാറിൽ, മന്ത്രി നേരത്തേ വിമാനത്താവളത്തിൽചെന്നു കാത്തിരുന്നു്, അതിഥിയെ വസതിയിലേക്കു കൂട്ടിക്കൊണ്ടുവന്നു. വിഭവസമൃദ്ധമായ സദ്യക്കു് അവിടെ വട്ടം ഇണക്കിയിരുന്നു. ആകെപ്പാടെ, സ്വീകരണത്തിൻെറ എല്ലാവിധ ചടങ്ങുകളും, ഗോപികാരമണമേനവനു്, അത്യന്തം ഹൃദ്യമായിത്തോന്നി. ഭക്ഷണംകഴിഞ്ഞു വിശ്രമിക്കുമ്പോൾ അതിഥിയും ഗൃഹനാഥനും ഗൃഹനാഥയുംകൂടിയിരുന്നു്, ഒരു മന

15324

സ്സുതുറന്ന സുഹൃൽസംഭാഷണം നടത്തി. അങ്ങനെ പരസ്പരം ആശയവിനിമയം ചെയ്തു് അവർ തൃപ്തിയടഞ്ഞു. ജൂൺ 7–ാംനു-ക്കു വിവാഹം നടത്തണമെന്നും, അതിനുമുൻപു് ഒരു ദിവസം ഔപചാരികമായ വിവാഹനിശ്ചയം നടത്തുന്നതിൽ വിരോധമില്ലെന്നും, അതിലേക്കായി തന്റെ മാതുലനും പ്രധാനബന്ധുവുമായ ദേവേന്ദ്രൻനമ്പൂതിരിപ്പാടും വന്നുചേരുമെന്നും ഉടനേ ആ തിയ്യതി ക്ലിപ്തപ്പെടുത്തിയാൽ മതിയെന്നും ഗോപികാരമണമേനവൻ അഭിപ്രായപ്പെട്ടു. ഭാരതിയോടുകൂടി ആലോചിച്ചിട്ടു നിശ്ചയത്തിന്റെ തിയ്യതി നിർണ്ണയിക്കാമെന്നു മന്ത്രി മേനവനോട്ടു് അഭിമാനപുരസ്സരം പ്രസ്താവിച്ചപ്പോൾ അദ്ദേഹത്തിന്റെ നേത്രങ്ങളിൽ ആനന്ദബാഷ്പം നിറഞ്ഞുനിൽക്കുന്നതു് അതിഥി നിരീക്ഷിച്ചു് ഇമ്പംപൂണ്ടു.

"അവൾക്കു വല്ല ദൂരസ്ഥലത്തും പ്രോഗ്രാം ഇല്ലാത്തദിവസമായിരിക്കണം അതു്," എന്നു മന്ദസ്മിതപൂർവ്വം ചെമ്പകക്കുട്ടിഅമ്മ പ്രഭാഷിച്ചു.

"വലിയ പൊളിററിക്കൽ വക്കറാ നമ്മുടെ ഭാരതി," എന്നു മേനവൻ പറഞ്ഞപ്പോൾ പിതൃസഹജമായ ചാരിതാർത്ഥ്യത്തോടേ മന്ത്രി പുഞ്ചിരിതൂകി.

"അവൾ എനിക്കു് എതിരായ ഒരു വാമപക്ഷം അസംബ്ളിയിൽ സൃഷ്ടിച്ചിരിക്കയാ. വളരെ ശക്തിയായ പ്രചരണവേലകളും നടത്തുന്നു. ആ പാർട്ടിയുടെ ലീഡറാ ഭാരതി. ഏതായാലും സൃഷ്ടിപരങ്ങളായ പരിപാടികളേ അവക്കുള്ളൂ. അതു വലിയൊരാശ്വാസംതന്നെ," എന്നു് അദ്ദേഹം തുടന്നു.

"അങ്ങനെയല്ലായിരുന്നുവെങ്കിൽ ഇവിടെ മനസ്സുമുട്ടി ധർമ്മസങ്കടത്തിലായിപ്പോകുമായിരുന്നേനേ," എന്നു ചെമ്പകക്കുട്ടിയമ്മ.

"എല്ലാംനേർവഴിക്കല്ല്യോ വന്നുഭവിക്കു ഇവിടെ. അത്രശ്ശു മനഃശുദ്ധിയുള്ള ആളാ ഇദ്ദേഹം. അക്കഥ എനിക്കു നിശ്ചയം

ഇണ്ടു്. എന്നാൽ ജനങ്ങൾ പലരും അങ്ങനെയല്ലാ ധരിച്ചു വശായിരിക്കുക. രാജ്യഭരണത്തിനു് ഇത്തിരി നയമെല്ലാം കൂടാതെ ആവില്ല.”

മന്ത്രി:-സ്ഥാനാൎത്ഥികളുടെ പേരുവിവരവും തെരഞ്ഞെടുപ്പുഗതിയും കൂട്ടിവച്ചു പരിശോധിച്ചാൽ എൻെറ അഭിപ്രായം വളരെ ശരിയാണെന്നു ബോദ്ധ്യപ്പെടുന്നതാണു്.

ഗോപികാരമണൻ:-റിപ്പബ്ളിക്കൻപാർട്ടിക്കു് വിജയസാദ്ധ്യത കാണുന്നുണ്ടു്.

മന്ത്രി:-കുറച്ചോക്കെ.

ഗോപികാരമണൻ:- അച്ഛനും മകളുംതമ്മിൽ ഒരു വടംവലിനടക്കുന്ന ലക്ഷണങ്ങളാണു കാണുന്നതു്. പാർട്ടിപ്രവൎത്തനങ്ങളെപ്പററി പലരും തെററിദ്ധരിച്ചിട്ടുണ്ടു്. ഗവൺമെൻറിൻെറ പ്രവൎത്തനങ്ങളെപ്പററിയും അതുപോലെതന്നെ ജനകീയത്തിൽ പഴക്കമില്ലാത്ത ജനങ്ങൾ എല്ലാം തെററി വ്യാഖ്യാനിക്കുകയാ. അതു നാമാരുടെയും കുററമല്ലാ. ഞങ്ങൾക്കു സെൻട്രലിലും ഇതിനേക്കാൾ കുഴഞ്ഞ വിഷമതകൾ പലതും കൂടെക്കൂടെ എതിരിടേണ്ടതായിട്ടുണ്ടു്.

മന്ത്രി:-അടുത്ത തെരഞ്ഞെടുപ്പിനു് ഇവിടെ വളരെ പാടുപെടേണ്ടതായിട്ടുണ്ടു്. ഗ്രൂപ്പുകളും സബ്ഗ്രൂപ്പുകളും സ്വതന്ത്രപാർട്ടികളും അത്രവളരെ.

ഗോപികാരമണൻ:-തെരഞ്ഞെടുപ്പുകഴിഞ്ഞാൽ ഒരു സംയുക്തമന്ത്രിസഭ,ആൾപാട്ടിബേസിസിൽ ഉണ്ടാവാനാ സാദ്ധ്യത. ഒരുകക്ഷിക്കും സ്വതന്ത്രമായ മന്ത്രിസഭാരൂപീകരണത്തിനുതക്ക മെജോറിററി കിട്ടുക സാദ്ധ്യമല്ല അതാണെൻെറ അഭിപ്രായം. അതു് ഇപ്പോൾ പുറത്തു പറഞ്ഞുകൂടാ. പ്രമാണികൾ പലരുടെയും ഊഹാപോഹങ്ങൾ അതുതന്നെയാ.

മന്ത്രി:-അങ്ങനെ സംഭവിച്ചേക്കാനാ ന്യായം. ഏതാ

യാലും ഞങ്ങൾ പലരും വീണ്ടും നില്ക്കുന്നുണ്ട് തെരഞ്ഞെടുപ്പിൽ.

ചെമ്പകക്കുട്ടിഅമ്മ:– ഭാരതി ഇപ്പോഴേ താളംചവുട്ടി കലാശം മുറുക്കുകയാ.

ഗോപികാരമണൻ:– ഇംഗ്ലണ്ടിലെയോ, അമേരിക്കയിലേയോ പോലെ ഒരേ കുടുംബത്തിൽത്തന്നെ പല പാർട്ടിയിലെയും അംഗങ്ങൾ ഇവിടെ ഉണ്ടാവണം. ആളുകൾ അത്ര പ്രബുദ്ധരായെങ്കിലേ നാടു നന്നാകയുള്ളു: ഭാരതിയുടെ ആദർശം അത്തരത്തിലുള്ളതാ.

മന്ത്രി:–അമേരിക്കയിൽ ഒരേ കുടുംബത്തിൽ വിവിധ മതങ്ങൾ സ്വീകരിച്ചിട്ടുള്ളവർ അപൂർവ്വമല്ല. അച്ഛൻ കത്തോലിക്കനായിരിക്കും. മകൻ ഹിന്ദുവായിരിക്കും. മററൊരു മകൻ മുസ്ലീംമതക്കാരനായിരിക്കും. അവരുടെ സോദരി ജൂദമതക്കാരിയായിരിക്കും. അമ്മ ആംഗ്ലിക്കൻപള്ളിവിശ്വാസക്കാരിയായിരിക്കും. വേലക്കാരി ബുദ്ധമതക്കാരിയായിരിക്കും. അവർതമ്മിൽ സ്പർദ്ധയോ വൈരുദ്ധ്യമോ ഒന്നുമില്ലതാനും. മതങ്ങളെയും മതങ്ങളിലെ അവാന്തരവിഭാഗങ്ങളെയും ഇതുപോലെ വീക്ഷിക്കുന്ന ഒരു മനോഭാവം നമ്മുടെനാട്ടിൽ ഉണ്ടാവണം. അക്കാലത്തേ ഇവിടത്തെ ജനങ്ങൾ പുരോഗമിക്കയുള്ളു.

ഗോപികാരമണൻ:–ഇവിടത്തെ ജാതിസ്പർദ്ധയും വർഗ്ഗീയവൈരുദ്ധ്യവും കുറെ ജാസ്തിതന്നെ. നമ്മുടെ ഭാരതിയുടെ പാർട്ടി വളർന്നുവന്നാൽ ഈ നാടിൻെറ നിലയാകെ മാറും. പുരോഗമനപരങ്ങളായ പരിവത്തനങ്ങൾ ഇവിടെ ഉണ്ടാവാതെ തരമില്ല അപ്പോൾ. ഒരേ കുടുംബത്തിൽനിന്നുതന്നെ വിഭിന്നങ്ങളായ രണ്ടു രാഷ്ട്രീയകക്ഷികളുടെ നേതാക്കൾ ഉണ്ടാവുക ഒരു അസാധാരണ സംഭവമല്ലേ ഈ നാടിൻെറ സ്ഥിതിക്ക്. വിശേഷിച്ച് അച്ഛനും മകളും. വളരെവളരെ അഭിമാനകരം.

മന്ത്രി:—ഭാരതിയെപ്പററി നാട്ടിലെങ്ങും വലിയ മതിപ്പാ. അവളുടെ അഭിപ്രായസ്ഥിരതയും; ആത്മാത്ഥതയും ജനങ്ങൾ ശരിക്കു മനസ്സിലാക്കിയിട്ടുണ്ടു്. ഞാൻ അവളോടു് അതൊന്നും അത്ര ഭാവിക്കാറില്ല. അവരുടെ പാർട്ടിപ്രചരണയോഗങ്ങളിൽ എന്തു ശക്തിയായ വിമശ്നങ്ങളാ ഭരണത്തെയും മന്ത്രിമാരെയും പററിയെന്നു് അറിയാമോ?

ഗോപികാരമണൻ:—ഒയ്യി പ്രസംഗങ്ങളെല്ലാം മലയാളം ഡെയിലികളിൽനിന്നു ന്യൂഡൽഹിയിൽവച്ചു വായിക്കാറുണ്ടു്. അപൂർവ്വം ചില പ്രസംഗങ്ങൾ ഹിന്ദുവിലും എക്സ്പ്രസ്സിലും റിപ്പോർട്ടുചെയ്തു കാണാറുമുണ്ടു്.

ചെമ്പകക്കുട്ടിഅമ്മ:—നിങ്ങൾതമ്മിൽ കണ്ടു സംസാരിച്ചിട്ടില്ലല്ലോ.

ഗോപികാരമണൻ:—കാണുക ഉണ്ടായിട്ടില്ല്യ. ആ ഫോട്ടോ കണ്ടതു മാത്രം. കണ്ടിട്ടില്ലെങ്കിലും അതിൽക്കൂടുതൽ നല്ല പരിചയമാ ആളിനെ. കണ്ടു സംസാരിച്ചേക്കാം. ഇപ്പോഴ് ഇവിടെ ഉണ്ടാവില്ലേ?

ചെമ്പകക്കുട്ടിഅമ്മ:—ഉണ്ടു്. ഉണ്ടു്. അച്ഛൻെറനേരെ സാധാരണ വരാറില്ല ഇയ്യിടെ.

ഗോപികാരമണൻ:—വേണ്ട. ഇങ്ങട്ടു വരണമെന്നില്ല്യ. ഞാൻ അങ്ങട്ടു പോയി സംസാരിച്ചുകൊള്ളാം. നൊമ്മുടെ പഴയ രീതികളും മാമൂലുകളും ഒക്കെ കാസർപ്പുഴ കടന്നില്ലേ്യ—പോരെങ്കിൽ ആൾ വലിയൊരു പബ്ളിക്ക്ഫിഗറും ആയിക്കഴിഞ്ഞു. ആരറിഞ്ഞു അടുത്ത തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ക്യാബിനററിൽ വരുകയില്ലെന്നു്.

മന്ത്രി:—പിതാവിൻെറ ഉള്ളലിഞ്ഞ ആശിസ്സുകൾ എപ്പോഴും അവൾക്കുണ്ടു്. ചിലപ്പോൾ അവൾതന്നെ ക്യാബിനററു രൂപീകരിക്കാൻ സംഗതി വന്നേക്കാം. ആരറിഞ്ഞു

സംഭവഗതികൾ എന്തുമെന്നെയെല്ലാം രൂപംപ്രാപിക്കാൻ പോകുന്നുവെന്നു്.

ഗോപികാരമണൻ:- അങ്ങയോളം പുത്രവാത്സല്യമുള്ള ഒരു അച്ഛനെ ഞാൻ കണ്ടിട്ടില്ല. അങ്ങു് പരമഭാഗ്യവാൻതന്നെ. ഇങ്ങനെയുള്ള ഒരു പുത്രിയെ ലഭിക്കയാൽ—സന്ദേഹമില്ല ഈ അമ്മയും പരമഭാഗ്യവതിതന്നെ.

ചെമ്പകക്കുട്ടിഅമ്മ:– ഭാരതിയേ ഭാൎയ്യയായി ലഭിക്കുവാൻ പോകുന്ന അങ്ങാണു് ഞങ്ങളെ രണ്ടുപേരെയുംകാൾ ഭാഗ്യവാൻ. ഭാരതി മന്ത്രിയാകുമ്പോഴേയ്ക്കു് അങ്ങു് ഇവിടെ ഗവൎണ്ണറായി വരണം.

ഗോപികാരമണൻ:-വലിയൊരു ആശീൎവ്വാദമാണിതു്.

എല്ലാവരും പൊട്ടിച്ചിരിച്ചു.

# 13

## അഭിമുഖസന്ദർശനം

മന്ത്രിയും മന്ത്രിപത്നിയുമായി നടത്തിയ സുഹൃൽസംഭാഷണത്തിനുശേഷം ഗോപികാരമണമേനവൻ മെല്ലെ ഭാരതിയുടെ മുറിയിലേക്കു കടന്നു. ആ യുവതി ഹൃദയാവൎജ്ജകമായ ഒരു മന്ദസ്മിതത്തോടുകൂടി സ്വസ്ഥാനത്തുനിന്നു് എഴുന്നേറ്റു് ആഗതനു ഹസ്തദാനം ചെയ്തു് സ്വാഗതം അരുളി. അനന്തരം രണ്ടുപേരും അടുത്തടുത്തു് ഓരോ കസാലകളിൽ ഇരുന്നു.

"യാത്രയൊക്കെ സുഖമായിരുന്നല്ലോ?" എന്നു ഭാരതി.

"ബഹുസുഖമായിരുന്നു. പുറപ്പെട്ടപ്പോൾ അല്പം ചില കാറും കറുപ്പും അന്തരീക്ഷത്തിൽ ഉണ്ടായിരുന്നു. എങ്കിലും ക്രമേണ ആകാശം തെളിഞ്ഞു. സൂര്യൻ ഉജ്ജ്വലമായി പ്രകാശിച്ചുതുടങ്ങുകയും ചെയ്തു."

KOTTAYAM PUBLIC ... KOTTAYAM

ഭാരതി ഒന്നു മന്ദഹസിച്ചു: "എന്റെ പത്മത്തിനും മറ്റും ക്ഷേമംതന്നല്ലോ." എന്നുള്ള ഭാരതിയുടെ പ്രശ്നത്തിനു്, "അല്ലാതെ വരാൻ തരമുണ്ടോ ഇങ്ങനെ ഒരു ഏട്ടത്തി ഉള്ളപ്പോൾ?" എന്നായിരുന്നു മേനവൻ നൽകിയ പ്രത്യുത്തരം.

ഭാരതി:–ഇയ്യിടെ ദ്രുതഗതിയിലുള്ള പ്രോഗ്രാമായിരുന്നു അങ്ങേയ്ക്കെന്നു് എനിക്കു മനസ്സിലായി. നന്നേ ബദ്ധപ്പെട്ടിരിക്കണം.

ഗോപികാരമണമേനവൻ പുഞ്ചിരിച്ചു. ഒരു നിമിഷം കഴിഞ്ഞു് അദ്ദേഹം പറഞ്ഞു: "അസുലഭസാധനങ്ങൾ ലഭിക്കണമെങ്കിൽ ഇങ്ങനെ അല്പസ്വല്പം ബദ്ധപ്പെടാതെ കഴിവുണ്ടോ?"

ഭാരതി:-അതെല്ലാം ഭാഗ്യായത്തം. ചിലർക്കു് ഒരു വൈഷമ്യവുംകൂടാതെ ചിലപ്പോൾ കരസ്ഥമാകും. മററു ചിലക്കു് വലിയ ബദ്ധപ്പാടുകൊണ്ടേ സാദ്ധ്യമാവൂ. മററു പലർക്കും എത്രകണ്ടു ബദ്ധപ്പെട്ടാലും ഉദ്ദിഷ്ടവസ്തു കരഗതമായില്ലെന്നും വരാറുണ്ടു്.

ഗോപികാരമണൻ:–ഈവക പൊളിററിക്കൽ ഫിലോസഫികൾ ഒന്നും നമുക്കു് അറിഞ്ഞുകൂടേ. വെറും സിവിൽ സർവൻറ്.

ഭാരതി:–എന്നെ കളിയാക്കാൻകൂടെ ഒരുക്കമുണ്ടെന്നു തോന്നുന്നു. നാം രണ്ടുകൂട്ടരും എപ്പോഴും വൈരുദ്ധ്യത്തിലാനില—സ്ഥിരംസർവ്വീസും ജനപ്രതിനിധികളുംതമ്മിൽ—അങ്ങനെയല്ലേ?

ഗോപികാരമണൻ:– ആവോ! എനിക്കതിനു് ഇതുവരെ അവസരം ഉണ്ടായിട്ടില്ല. അക്കൂട്ടരിൽ ചിലരുമായി ഇയ്യിടെ ഫോണിൽ സംസാരിക്കാൻമാത്രം അവസരം കിട്ടുകയിണ്ടായി. അത്രത്തോളം അടുത്തു പെരുമാറാൻ മാത്രമേ

സന്ദർഭം ഉണ്ടായിട്ടില്ല. ഇനി അടുത്തു പരിചയിക്കണമെന്നു് ഇത്തിരി ആഗ്രഹം ഇല്ലാതില്ല.

ഭാരതി:-'ആൾ അടുത്തും പൊന്നു് ഉരച്ചും അറിയണം' എന്നാ പഴമൊഴി.

ഗോപികാരമണൻ:- അടുത്തു് അറിഞ്ഞിട്ടില്ലെങ്കിലും ശാണഘർഷണം ഒട്ടു നടത്തിക്കഴിഞ്ഞു, പരസ്പരം.

ഭാരതി:-നല്ല നോട്ടക്കാർക്കല്ലേ മാററു നിശ്ചയിക്കാൻ സാധിക്കൂ. എനിക്കു് ആ ലൈനിൽ പരിചയിക്കുവാൻ ഇതുവരെ ഇടയുണ്ടായിട്ടില്ല.

ഗോപികാരമണമേനവൻ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "അതു് ഒരു തിരിച്ചടിയാ എനിക്കു്. വിഷമിക്കേണ്ട. ഇനി അതിനെല്ലാം ഇടയിണ്ടാവും. ഖേദിക്കേണ്ട—കേട്ടോ?"

ഭാരതി ചിരിച്ചുതകർത്തുകൊണ്ടു്: "ഇപ്പോൾ പകരത്തിനു പകരം ആയിക്കഴിഞ്ഞു. ഒരടിക്കു നല്ല ഊക്കൻ തിരിച്ചടി."

ഗോപികാരമണൻ:—അതുകൊണ്ടു ഞാൻ പറയുന്നു, ഇനി കൂടുതൽ പരീക്ഷകൾക്കു പുറപ്പെട്ടുക നന്നേ സൂക്ഷിച്ചുവേണം, കേട്ടോ.

ഭാരതി മന്ദഹസിച്ചു. എന്നിട്ടു തുടന്നു: "അങ്ങേയ്ക്കു് ഉള്ളേടത്തോളം പരീക്ഷകളൊന്നും എനിക്കില്ല. എങ്കിലും അത്യാവശ്യം വേണ്ടതൊക്കെ പാസ്സായക്കൂട്ടത്തിൽത്തന്നെയാ. പരിശീലനംമാത്രം ഇല്ലെന്നേ ഒരു കുറവുള്ളൂ."

ഗോപികാരമണൻ:—ഇതും നമുക്കു് ഒരു അടിയാ. ആവട്ടെ, ആയിക്കൊള്ളൂ.

രണ്ടുപേരും പരസ്പരം മുഖാനുമുഖം വീക്ഷിച്ചു മന്ദഹസിച്ചു.

ഭാരതി:—എന്താ ഇനിയത്തെ പ്രോഗ്രാം?

ഗോപികാരമണൻ:-രാഷ്ട്രീയപ്രവത്തകക്കാണു പ്രോഗ്രാ

മിന്നു പ്രാധാന്യം. ആ പ്രോഗ്രാം അനുസരിച്ചു ഞങ്ങൾ മററു പ്രോഗ്രാം ക്രമപ്പെട്ടത്താനാ ആലോചന.

ഭാരതി:—ഇഷ്ടംപോലെ തീർച്ചയാക്കിക്കൊള്ളു. സർവ്വവും വിട്ടുതന്നിരിക്കുന്നു.

ഗോപികാരമണൻ:—ഇത്രത്തോളം ഗൗരവംവിട്ട് ഈ തിരുനാവിൽനിന്നു പുറപ്പെട്ടുക ഉണ്ടായല്ലോ. ഇപ്പോ സർവ്വ സൗഭാഗ്യവും തികഞ്ഞു—കേട്ടോ.

ഭാരതി:—ഇതു കേട്ടാൽത്തോന്നും അത്രസ്സു പിണക്കമുള്ള ഒരു മദയാനയോടാ ഇതുവരെ മല്ലിട്ടതെന്നു്.

ഗോപികാരമണൻ:—സാധാരണ കുഴിയിൽവീഴുന്ന ആനകളെ താപ്പാനകൾ പിടിച്ചുകയററി പാപ്പാനെ ഏല്പിച്ചു കഴിഞ്ഞാൽ പാപ്പാനാ ചട്ടമാക്കുക. പാപ്പാനേ ചട്ടമാക്കുന്ന ഒരു ദന്തിഗാമിനിയോടാ ഇടപെട്ടതെന്നു ഫോണിൽ സംസാരിച്ചപ്പോൾത്തന്നെ മനസ്സിലായി.

മേനവൻ ഒന്നു ചിരിച്ചു.

“കൈയിൽക്കിട്ടിയ ആനയെ ബോധിക്കാതെ വേറെ ആനതേടിനടക്കുന്ന പാപ്പാന്മാർ ചില വിഷമക്കാരുണ്ടു്. അവരെ ചട്ടമാക്കുന്ന കുട്ടിപ്പിടിയാനകൾ ഇടസ്സു കണ്ടേക്കും. അതു മനസ്സിലായിരിക്കും ഇതിനകം?”

എന്നുപറഞ്ഞു ഭാരതിയും ചിരിച്ചു.

“ഇങ്ങനെ കളിപറഞ്ഞിരുന്നാൽ ആവില്ല. കളിച്ചിരിക്കാനുള്ള കുട്ടിക്കാലംകഴിഞ്ഞിരിക്കുന്നു, നോക്കു രണ്ടാൾക്കും.” എന്നു മേനവൻ.

“നാം രണ്ടുപേരും വെറും കളിക്കുട്ടികൾ എന്നുതന്നെ എനിക്കു് ഇപ്പോൾ തോന്നുന്നു,” എന്നു ലജ്ജാവനമ്രമുഖിയായി ഭാരതി.

“നോക്കു ദിവസം നിശ്ചയിക്കേണ്ടേ, നല്ല മുഹൂർത്തംനോക്കി തുടങ്ങാൻ,” എന്നു ചിരിച്ചുകൊണ്ടു മേനവൻ.

"അമ്പോ! നാവിനു വഴക്കം കട്ടി." എന്നു ഭാരതി.

"വിഡ്ഢിത്തം വല്ലതും ഞാൻ പറഞ്ഞുവോ?" എന്നു ഗോപികാരമണൻ.

"ഹേയ്! ഒന്നുമില്ല. എപ്പോഴും ഗൗരവപുരുഷനായിരുന്നാൽ കൊള്ളാമോ? നാം പുതിയ ആളുകളോ? ഒരായിരംവർഷത്തെ പഴക്കംചെന്നവരെപ്പോലെ തോന്നുന്നു, എനിക്ക്." എന്നു ഭാരതി.

"അനേകജന്മാന്തരമായി അങ്ങനെ ജീവിച്ചവരായിരിക്കണം നോം രണ്ടാളും," എന്നു പ്രസന്നമുഖനായി മേനവൻ.

"എന്നാൽ ബഹുശിക്ഷയായി. ഇത്ര ശതവഷമായിട്ടും മോഹസംതൃപ്തിവരാത്തതുതന്നെ കട്ടപ്പം!" എന്നു ഭാരതി.

"മോഹമെന്നല്ലേ പറയുക. അതു് അങ്ങനെ പടൎന്നുപിടിച്ചു കിടക്കും. അതിനു് ഒരു ആദിയും അന്തവുമില്ല. മോഹമില്ലെങ്കിൽ ഈ ലോകവ്യാപാരങ്ങൾ നടക്കുകയില്ല്യ ഇങ്ങനെ," എന്നു മേനവൻ.

"ഞാൻ ഇതിൽനിന്നൊക്കെ അതീതയാ. ഇതിനെല്ലാം ഉപരിയായ ഒരു മണ്ഡലത്തിലാ എന്റെ ജീവിതം," എന്നു ചിരിച്ചു കുഴഞ്ഞുകൊണ്ടു ഭാരതി.

"അതു വാസ്തവാ! ശക്തിയല്ലേ! ഈ പ്രാപഞ്ചികവിഷയങ്ങളിൽ ഉപരിമണ്ഡലത്തിൽ ശക്തി നിലകൊള്ളുന്നതുകൊണ്ടാ ശിവശക്തിസമ്മേളനം ഇത്ര അഭികാമ്യമായിത്തീരുക ലോകത്തിനു്," എന്നു മേനവൻ.

"ഇങ്ങനെ അതിചമൽക്കാരമായി തെറിപറഞ്ഞു് ഒപ്പിക്കാനും വിരുതുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല," എന്നു ഭാരതി വൈരസ്യഭാവത്തിൽ.

"എല്ലാവരുടെപക്കലും ആവശ്യാനുസരണം അരവെടിക്കെങ്കിലും മരുന്നുണ്ടാവാതെവരില്ല. അതു് എനിക്കു് അറിയാം, കേട്ടോ?" എന്നു ഫലിതോക്തിയിൽ മേനവൻ.

"ഇത്ര പച്ചയായി വിളിച്ചുപറയാൻ എന്നാൽ ആവില്ലേ!" എന്നു രണ്ടു കണ്ണുങ്ങളും പൊത്തിക്കൊണ്ടു ഭാരതി.

"ഇതെന്തൊരു കഥയാ! ഇവിടെ ആരെങ്കിലും വല്ലതും പറഞ്ഞോ നെറികേട്?" എന്നു മേനവൻ.

"മര്യാദരാമൻെറ കാലം കഴിഞ്ഞുപോയല്ലോ." എന്നു ഭാരതി.

"എന്താ, നോക്കു് ഒരു നിശ്ചയം വേണ്ടേ?" എന്നു മേനവൻ.

"ഒരു നിശ്ചയംകൂടാതെ ഒന്നും ആവില്ല. അതു നിശ്ചയിച്ചുറച്ചോളൂ," എന്നു ഭാരതി.

"വലിയ പ്രോഗ്രാമൊന്നും ഇല്ലാത്തദിവസം നോക്കിയാവട്ടെ."

"അങ്ങനെതന്നെ. അന്നു് ഇവിടെ കൂടെ വരില്ലല്ലോ. പിന്നെ എന്നായാലെന്താ?" എന്നു ഭാരതി.

"ഇഷ്ടംപോലെ തീയതി നിശ്ചയിച്ചു പറഞ്ഞോളിൻ." എന്നു മേനവൻ.

"എന്നേക്കൊണ്ടുതന്നെ പറയിക്കണം, അല്ലേ? ആവട്ടെ. ഇന്നേയ്ക്കു് ഏഴാംദിവസം. തരമാവുമെങ്കിൽ കൂടെ ഇങ്ങു പോരുക," എന്നും ഭാരതി.

"അതു മാമൂലിനു വിരുദ്ധമെന്നു വല്ലവരും പറഞ്ഞേക്കും," എന്നു മേനവൻ.

"മാമൂൽ നോക്കിത്തന്നെയോ ഇപ്പോഴത്തേ നടപടികൾ?" എന്നു ഭാരതി.

"അടിയറവു പറഞ്ഞിരിക്കുന്നു. അങ്ങനെതന്നെ," എന്നു ഗോപികാരമണൻ.

രണ്ടുപേരും പ്രണയസ്ഫുരണത്തോടേ മന്ദസ്മിതംതൂകി.

# 14

## വാർത്ത പുറത്തുവന്നശേഷം

ഭാരതിയുടെ വിവാഹനിശ്ചയം അടുത്തുവരുന്നുവെന്ന വാർത്ത ക്രമേണ സിററിയിലും നാടൊട്ടുക്കും പ്രചരിച്ചു. പാർട്ടി നേതാവിൻെറ വൈവാഹികജീവിതം പാർട്ടിയുടെ പ്രവർത്തനത്തിനു വിഘാതമായിത്തീർന്നേക്കുമോയെന്നൊരു ശങ്ക റിപ്പബ്ളിക്കൻകക്ഷിയിലെ അംഗങ്ങളുടെ ഇടയിൽ അങ്കുരിക്കാതെയിരിക്കുന്നില്ല. പാർട്ടിയിലെ ഒരു പ്രമുഖാംഗവും പരിപാടികളിൽ ഭാരതിയുടെ പ്രധാന സഹകാരിയും സഹചാരിയുമെന്ന നിലയിൽ ആ യുവതിയുമായി അധികം അടുത്തു പെരുമാറിവന്ന കമലോത്ഭവൻനായർ, പ്രസ്തുത വാർത്തയിൽ കൂടുതൽ ചിന്താപരവശനായിത്തീർന്നു. ദിവസം അതിക്രമിച്ചതോടുകൂടി നായരുടെ ഉൽക്കണ്ഠ ക്രമാനുഗതമായി വർദ്ധിച്ചുവന്നു. പാർട്ടിനേതാവുമായി അതിനിടയ്ക്കു നടന്ന സന്ദർശനവേളകളിൽ ചിന്താവിഷ്ടത സ്പഷ്ടമായി മുഖത്തു കാണപ്പെട്ടുതുടങ്ങി. വിവാഹനിശ്ചയത്തീയതിക്കു തലേന്നാൾ ഔപചാരികമായ ക്ഷണപത്രം ആ യുവാവിനു ലഭിച്ചു. എങ്കിലും ആ കാര്യത്തിൽ അത്ര കൗതുകവും ശ്രദ്ധയും പ്രദർശിപ്പിക്കുന്ന ഭാവം കണ്ടില്ല. അന്നു സായാഹ്നത്തിൽ പാർട്ടിയാഫീസിൽ ഭാരതിയും സഖാക്കളും സഖികളും പതിവുപോലെ സമ്മേളിച്ചപ്പോൾ, അവിടെ സന്നിഹിതരായിരുന്ന സുഹൃത്തുക്കളെ, ക്ഷണപത്രികയ്ക്കുംപുറമെ നേരിട്ടു ക്ഷണിക്കുകയുമുണ്ടായി. പലരും നായികയെ അനുമോദിക്കുകയും ആ യുവതിക്കു സിദ്ധിക്കുവാൻപോകുന്ന ആ ഭാഗ്യത്തിൽ സന്തോഷം പ്രദർശിപ്പിക്കുകയും ചെയ്തു. മിക്കവാറും അംഗങ്ങൾ പിരിഞ്ഞശേഷം ഭാരതിയും കമലമ്മ എന്നൊരു കമ്മിററിമെമ്പറും കമലോത്ഭവൻനായരും മാത്രം അവിടെ ശേഷിച്ചു. നായരുടെ മുഖത്തു കാണ

പ്പെട്ട ജാള്യതകണ്ടു ഭാരതി ചോദിച്ചു: "എന്താ നല്ല സുഖമില്ലെന്നു തോന്നുന്നു?"

കമലോത്ഭവൻനായർ:—എന്തോ എനിക്കു തീരെ സുഖം തോന്നുന്നില്ല. ഒരുപക്ഷേ, നാളത്തെ ചടങ്ങിൽ സംബന്ധിച്ചില്ലെന്നു വന്നേക്കും. ആ വീഴ്ച ക്ഷമിക്കണം.

ഭാരതി:—എന്തൊരു കഥയാ ഇതു്. നിങ്ങളൊക്കെ വന്നില്ലെങ്കിൽ, പിന്നീട്ട് ആരാ ഇക്കാര്യത്തിൽ മുന്നിട്ടുനിന്നു സഹകരിക്കാൻ?

കമലമ്മ:—ഞാൻ നേരത്തെ എത്തിയേക്കാം. ഇദ്ദേഹത്തിന്, എന്തുകാരണവശാലോ കുറേദിവസമായി ഒരു മൗനം. കാരണം എന്തെന്നു ചോദിക്കാൻ പലതവണ ഞാൻ ഉന്നിയതാ.

കമലോത്ഭവൻനായർ:—അകാരണമായി എന്തോ ഒരു അസുഖം. അതിൻെറ ഹേതു എനിക്കുതന്നെ രൂപമില്ല.

ഭാരതി:—ഇതു വളരെ വിചിത്രംതന്നെ. സുഖക്കേടു് ഉണ്ടെന്നു സമ്മതിക്കുന്നു. അസുഖം എന്തെന്നു് അറിഞ്ഞുകൂടാ. കാരണവും പറയാനൊന്നുമില്ല.

കമലമ്മ:—ഡാക്ടരേക്കണ്ടു് ഒന്നു കൺസൽറ്റുചെയ്തുകളഞ്ഞാലോ?

ഭാരതി:—ഹേയ്. അത്രയ്ക്കൊന്നും ഉണ്ടെന്നു തോന്നുന്നില്ല.

കമലമ്മ:-ഭാരതി ഞങ്ങളുടെ ലീഡറാണെങ്കിലും ഡാക്ടരാണെന്നു ഞങ്ങൾ സമ്മതിക്കുല്ല. ഒരു ഡാക്ടർ ഇദ്ദേഹത്തെ ശരിക്കു് ഒന്നു പരിശോധിച്ചിട്ടു സുഖക്കേടിൻെറ സ്വഭാവം നിർണ്ണയിക്കണം. അങ്ങനെയാ എനിക്കു തോന്നുക.

ഭാരതി:-പെട്ടെന്നുണ്ടായ നെർവെൻ കംപ്ലെയിൻറു വല്ലതുമാണോ ഈ മന്ദതയ്ക്കു കാരണമെന്നു ഞാൻ സംശയിക്കുന്നു. ഏതായാലും നല്ല തേനിൽ ഒരു ഡോസ് 'അഗസ്ത്യസിന്ദൂരം' സേവിച്ചുനോക്കൂ. പൊയ്പ്പോയിരിക്കുന്ന പ്രസന്നത പെട്ടെന്നു വീണ്ടുകിട്ടും. വേണമെങ്കിൽ അതു ഞാൻ വരുത്തിത്തരാം.

കമലമ്മ:-സമാധിത്തോപ്പുവരെ ഒരു ആൾ അയച്ചാൽ മതിയല്ലോ.

കമലോത്ഭവൻനായർ:-നിങ്ങൾ രണ്ടുപേരുംകൂടി എന്നെ കളിയാക്കാനാ ഭാവമെന്നു തോന്നുന്നു. ആ ഔഷധം വളരെ നന്നുതന്നെ. വളരെ ഗുണവും ശക്തിയും ഉള്ള ഒരു ദിവ്യസിന്ദൂരമാണതെന്നു് എനിക്കും അറിയാം. എന്നാൽ ഇപ്പോൾ ഔഷധസഹായം ഒന്നും ആവശ്യമില്ല.

ഭാരതി:-പിന്നെ എന്തൊരു സഹായമാണാവശ്യം? ഞങ്ങൾ രണ്ടു സഹോദരികൾ ഇവിടെ ഉണ്ടു്. നമുക്കു മൂന്നുപേർക്കുംകൂടി മ്യൂസിയം പാർക്കുവരെ പോയി അവിടെയിരുന്നു കാററുകൊള്ളാം. അല്ലെങ്കിൽ ശ്രീകുമാറിൽ പോകാം. നല്ലൊരു ഫിലിം ഇന്നവിടെ റിലീസുചെയ്യുന്നുണ്ടു്.

കമലോത്ഭവൻനായർ ഒന്നു മന്ദഹസിച്ചു. ആ പുഞ്ചിരിയിലൂടെ ഒരു ശോകരസം നടനംചെയ്തുകൊണ്ടിരുന്നു.

"ഇതു വെറും ഭ്രുക്കക്കാരൻെറ ചിരിതന്നെ. ഇതു ശരിയായ മന്ദസ്മിതമെന്നു് എനിക്കു് അഭിപ്രായമില്ല," എന്നു കമലമ്മ പറഞ്ഞു ചിരിച്ചു.

കമലോത്ഭവൻനായർ:-എങ്ങനെയും മനോധർമ്മം അനുസരിച്ചു വ്യാഖ്യാനിച്ചുകൊള്ളിൻ.

ഭാരതി:-എൻെറ കാർ ഇവിടെ ഉണ്ടല്ലോ. നമുക്കു മൂന്നാൾക്കുംകൂടി അതിൽക്കയറി പാക്കിലേയ്ക്കു് ഒരു പ്ലഷർട്രിപ്പ്. അതുകൊണ്ടു് ഈ മ്ലാനഭാവം നീങ്ങിയേക്കും.

കമലമ്മ:-അതു ശരിതന്നെയെന്നു് എനിക്കും തോന്നുന്നു. ഞങ്ങളാൽ കഴിവുള്ള ഒത്താശകൾ ഒരു സോദരൻെറ ഖിന്നത തീക്കാൻ അത്രയൊക്കെ ഇപ്പോൾ ആവാം.

ഭാരതി:-എന്നാൽ എഴുന്നേക്കൂ. പുറപ്പെട്ടേയ്ക്കാം.

കമലോത്ഭവൻനായർ:-ഏതായാലും അതൊന്നും ഈ ഗഡുവിൽ വേണമെന്നില്ല. ഞാൻ വീട്ടിലേയ്ക്കു പൊയ്ക്കൊള്ളാം.

ഭാരതി:-നാം ഒന്നിച്ച് എവിടെയെല്ലാം രാവും പകലും അർദ്ധരാത്രിയിലും കാറിൽ സഞ്ചരിച്ചിരിക്കുന്നു. ഈ ഗഡു വിൽ പാക്കുവരെ പോകുന്നതിൽ എന്താ അലോഹ്യമെന്ന് എനിക്കു മനസ്സിലാകുന്നില്ല.

കമലോത്ഭവൻനായർ:-നാം ആരും റൗഡികളും മദ്യപരും മററുമല്ല. ആഭാസരുമല്ല. നല്ല സ്ഥിരചിത്തരും സംസ്കാരം തികഞ്ഞവരും അഭിമാനവും അന്തസ്സും ഉള്ളവരുമല്ലേ? എപ്പോഴായാലും എവിടെയായാലും ഒന്നിച്ചു കാറിൽ പോകുന്നതുകൊണ്ടോ ഒന്നിച്ചിരുന്നു സംസാരിക്കുന്നതിലോ ഭക്ഷണം കഴിക്കുന്നതിലോ ഒന്നും അല്ലോഹ്യം ഉണ്ടാവാനില്ല. ആക്കും ഒന്നും പറയാനും ആവില്ല. അതു് എനിക്കും പൂർണ്ണബോദ്ധ്യമാ. എങ്കിലും ഇപ്പോൾ അങ്ങനെ ഒരു ഉല്ലാസയാത്രയ്ക്കു് പ്രസക്തി ഉദിക്കുന്നില്ല ഇവിടെ. നിങ്ങളുടെ രണ്ടാളുടെയും സന്മനസ്സിനും അനുകമ്പയ്ക്കും വളരെ നന്ദിയുണ്ടു്.

ഭാരതി ചിരിച്ചു. ആ യുവതി പറയുകയാണു്: "മതി. സ്ലിരിട്ടു തിരിച്ചുവന്നുകഴിഞ്ഞു. ഇത്രയുമേ എനിക്കു് ഉദ്ദേശ്യമുണ്ടായിരുന്നുള്ളു. ഇനി വീട്ടിലേയ്ക്കു പൊയ്ക്കൊള്ളാം. ഇന്നു കാർ കൊണ്ടുവന്നില്ലേ? എന്റെ കാറിൽ കൊണ്ടുവിട്ടേയ്ക്കാം. എന്നിട്ടു ഞങ്ങൾ തിരിച്ചു പോരാം."

കമലോത്ഭവൻനായർ:-ബദ്ധപ്പെടണമെന്നില്ല. ഞാൻ തിരിയേ പൊയ്ക്കൊള്ളാം.

ഭാരതി:-ഹേയ്! എന്തു കഥയില്ലായ്മയാ ഇതെല്ലാം? ഞാൻ വിവാഹംകഴിക്കാൻപോകുന്നുവെങ്കിലും, അതിലേയ്ക്കു് ഒരു അഭിനവലോകം സൃഷ്ടിക്കാൻ പോകുന്നില്ല. കമലമ്മയേ നോക്കു, ഭത്താവിനോടും രണ്ടു കുട്ടികളോടും ഒന്നിച്ചുജീവിക്കുന്ന ഒരു യുവതിയല്ലേ? അതുകൊണ്ടു വല്ല ഭാവഭേദവും ഉണ്ടോ? എഴുനേൽക്കു. പുറപ്പെടാം.

അവർ മൂന്നുപേരുംകൂടി ഭാരതിയുടെ കാറിൽ കയറി

അരവിന്ദമന്ദിരത്തിലേയ്ക്കു് ഓടിച്ചുപോയി. മാർഗ്ഗമദ്ധ്യേയും ഫലിതസംഭാഷണങ്ങൾക്കു് ലേശവും വിലോപം വരുത്തിയില്ല. എപ്പോഴും എവിടേയും സ്ത്രീ സ്ത്രീയും, പുരുഷൻ പുരുഷനുമായിരുന്നാൽമതി. വൈകല്യം ഒന്നും സംഭവിക്കുമെന്നു ശങ്കവേണ്ട അത്തരക്കാർക്കു്. ഒരുപക്ഷേ, മൂഢലോകം അപവാദം പരത്തിയേക്കാം. അതു കാലഗതി നേരെ ആക്കിക്കൊള്ളും.

# 15

## ദുർവ്വാസനയുടെ ഗതി

പരശ്രീയിൽ അസഹിഷ്ണുതയുള്ളവരാണു മനുഷ്യരാശിയിൽ ബഹുഭൂരിപക്ഷവും. ആ സ്ഥിതിക്കു് അത്യുന്നതാവസ്ഥയിൽ ഇരിക്കുന്ന ഒരു ഭർത്താവു് സുലഭമാകുന്ന വാർത്ത അസൂയയും പൈശുന്യവും നിറഞ്ഞ മനോഭാവത്തിൽ പലരും വീക്ഷിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ഓരോരുത്തരും അവരവരുടെ പാരമ്പര്യത്തിനും ദുർവ്വാസനയുടെ ഗതിക്കും അനുരൂപമായ ദുർവ്യാഖ്യാനവും ദുഷ്പ്രചരണവും നൽകുകയാണു പതിവു്, ഏതൊരു നല്ല പരിതസ്ഥിതിക്കും. അത്തൊഴിലിൽ പേരെടുത്ത ഒരു തരുണീമണിയാണു വള്ളിയമ്മ. വളരെ ചെറുപ്പംമുതൽക്കേതന്നെ കൊട്ടാരങ്ങളിലും കോവിലകങ്ങളിലും പ്രഭുമന്ദിരങ്ങളിലും വൻകിട ഉദ്യോഗസ്ഥന്മാരുടെ ബംഗ്ലാവുകളിലും കയറിയിറങ്ങിയും നാടകക്കമ്പനികളോടും നടനകലാസംഘങ്ങളോടും ഒത്തൊരുമിച്ചു നാടാകെ സഞ്ചരിച്ചു് ആടിയഴിഞ്ഞും യശസ്വിനിയായി ജീവിച്ചശേഷം ബാഹ്യഭാവത്തിൽ ഒരു ശമിച്ച അഗ്നിപർവ്വതംപോലെ ദ്വിതീയാശ്രമത്തിലേയ്ക്കു പരസ്യമായി ലൈസൻസ്സെടുത്തു് ഒരു നവ്യജീവിതപദ്ധതി ആരംഭിച്ചിരിക്കുകയാണു പ്രസ്തുത പ്രൗഢ. ജീവിതത്തിലെ

തൻെറ അഭിമാനത്തിനും പ്രൗഢിക്കും ഏകാവലംബമായി, മാതൃവഴിയോ പിതൃവഴിയോ എങ്ങനെയെന്നു നിണ്ണയിച്ചുകൂടാ, അങ്ങനെ സിദ്ധിച്ചു, പുഷ്ടിപ്പെടുത്തി, വസ്ത്രാലങ്കാരാദികളാൽ മോടിയും മിനുക്കും വരുത്തി, നിത്യം പുതുക്കി പരിപോഷിപ്പിച്ചുപോരുന്ന ഓജസ്സമയമായ മാംസളവപുസ്സിനെ യൗവനം വിട്ടുപിരിയാതെ കാത്തുകൊള്ളുവാനുള്ള ശ്രദ്ധയും ചിട്ടയും വള്ളിയമ്മയിൽനിന്നു് ഇതരവനിതകൾ കണ്ടുതന്നെ പഠിക്കേണ്ടതാണു്. ആ വിഷയത്തിൽ മാത്രം സ്ത്രീലോകത്തിനു് ആദശ്ശവതിയാണു വള്ളിയമ്മയെന്നു പരിചിതലോകം പരക്കെ പ്രശംസിക്കുന്നുണ്ടു്, പ്രസ്തുത യുവപ്രൗഢയേ. പല പല ദാമ്പത്യബന്ധങ്ങളിലായി അരഡസനോളം വരുന്ന നിഷ്കളങ്കശിശുക്കളുടെ മാതൃസ്ഥാനം വഹിക്കുന്ന വള്ളിയമ്മ പ്രസൂതികാപദം പ്രാപിച്ചവളാണെന്നു് അപരിചിതർ ആരും സന്ദേഹിക്കകപോലുമില്ല. പ്രകൃതീദേവിയുടെ അനുഗ്രഹീതനേട്ടമോ, അഥവാ അതിൻെറ സ്മാരകമോ ആണു പ്രസ്തുത നവോഢ. അതേ! നവോഢതന്നെ ചമഞ്ഞിരിക്കുകയാണു് ഇക്കാലം ആ മഹിള. തൻെറ ഇളയ സഹോദരനോളം കഷ്ടിച്ചു പ്രായംവന്നേക്കാവുന്ന ഒരു സാഹസികനായ യുവാവിനെ പ്രേമകൈവത്തകവിദ്യയിൽ പ്രശസ്തിനേടിയ ആ യോഷാരത്നം ഭത്തൃവൽ പരിഗ്രഹിച്ചു വിജയിക്കുകയാണിപ്പോൾ. അഭൂതപൂവ്വമായ തൻെറ വിജയത്തിൻെറ ജയഭേരി താക്കുന്ന കോലാഹലത്തിനിടയ്ക്കു്, മാനംമയ്യാദയായി ജീവിതം നയിച്ചുവരുന്ന സമീപസ്ഥരായ കുലസ്ത്രീകൾ ചകിതചിത്തരായിത്തീന്നുകൊണ്ടിരിക്കുകയാണു്. സൗന്ദയ്യവും സമ്പത്തും ആകഷികങ്ങളായ സാഹചര്യങ്ങളുംകൊണ്ടു മാന്യതയിൽ കാലയാപനം ചെയ്യുന്ന സ്ത്രീകൾക്കു് അപവാദങ്ങൾ പ്രഭാഷിച്ചും ആരോപണങ്ങൾ കെട്ടിച്ചമച്ചും ദുഷ്പ്രചരണം ചെയ്യുന്നതിൽ അതിപ്രവീണയാണു് നമ്മുടെ സുന്ദരഗാത്രി. തന്നിമിത്തം

അഭിമാനമുള്ള സ്ത്രീപുരുഷന്മാർ ഏവരും ആ ദിവ്യമൂത്തിയായ ദേവലോകകന്യകയെ ഭയപ്പെട്ടുകതന്നെ ചെയ്യുന്നു. പേരും പെരുമയും ഉള്ള പഴയ തൊഴിലുകൾ പലതും മാമൂൽവിടാതെ ഈ കാലത്തും നിവ്വിഘ്നം നടത്തിക്കൊണ്ടുപോരുന്ന വള്ളിയമ്മയുടെ വസതിയിൽ പഴഞ്ചൻരീതിയിലുള്ള ഒരു ഹുണ്ടിയൽ വ്യാപാരം വളരെ ഗോപ്യമായും എന്നാൽ ഏറെക്കുറെ ധീരമായും അടക്കത്തിലും നടത്തിവരുന്നു. സിറ്റിയിലും പരിസരങ്ങളിലുംനിന്നു വന്നുകൂടിക്കൊണ്ടിരിക്കുന്ന മുഷ്ടവിഭവങ്ങളുടെ ഒരു പണ്ടകശാലയാണു വള്ളീഭവനം. അവിടെ കടന്നുകൂടിയാൽപ്പിന്നെ വിലോപികൾക്കും വിലോപിതധനങ്ങൾക്കും രക്ഷയായി. അത്ര സ്വാധീനശക്തിയുണ്ടു് വള്ളിയമ്മയ്ക്കു്. ഹോട്ടലിൽ ഊണും വേശ്യാലയങ്ങളിൽ നിദ്രയും ആയിക്കൊള്ളാൻ ഗൃഹനാഥ ഭത്താവിനെ മുക്തഹസ്തം വിട്ടിരിക്കുകയാണെങ്കിലും ലോകദൃഷ്ടിയിൽ തന്റെ മുതലുകൾക്കു നാഥനും പ്രധാന കണക്കപ്പിള്ളയും പൈതങ്ങളുടെ പിതാവും എന്ന സ്ഥാനം ആ വ്യക്തിക്കു പരസ്യമായി നൽകിയിട്ടുണ്ടു്. അക്കാരണവശാൽ ഗൃഹനാഥനു ചില ചില്ലറ സ്ഥാനങ്ങളും അവകാശങ്ങളും വള്ളീസദനത്തിൽ അനുവദിച്ചുകൊടുത്തിട്ടുമുണ്ടു്.

മന്ത്രിമന്ദിരത്തിൽ വിവാഹനിശ്ചയത്തിനു വള്ളിയമ്മയ്ക്കും ഭത്താവിനും ക്ഷണപത്രിക ലഭിക്കാൻ നേരത്തേ ചില പൊടിക്കൈകൾ പ്രയോഗിച്ചിരുന്നുവെങ്കിലും അക്കായ്യം നടപ്പായില്ല. തന്നിമിത്തം ആ കെട്ടിലമ്മ കോപമൂത്തിയായ ദുർവ്വാസാവിനേക്കാൾ ക്ഷുഭിതയായി ചമഞ്ഞിരിക്കുകയാണു്. തന്റെ പദവി അത്ര അവഗണിച്ച സ്ഥിതിക്കു് ആ വിവാഹം ഏതുവിധവും തന്റെ സവ്വകഴിവുകളും ഉപയോഗപ്പെടുത്തി മുടക്കിക്കളയുമെന്നു വള്ളിയമ്മ ഒരുഗ്രശപഥംതന്നെ ചെയ്തുകഴിഞ്ഞു. പ്രതിജ്ഞാസാദ്ധ്യത്തിനു് ആവശ്യമായ സവ്വ

നടപടികളും ശുദ്ധമായി നടത്തുവാൻ ഭൃത്താവായ ശശിധരൻ നായർക്കു് ഓർഡർ കൊടുക്കയും ആയി. അയാളോ "പെണ്ണിന്റെ ചൊൽകേട്ട ചാടിപ്പുറപ്പെട്ടും പൊണ്ണൻ, മഹാഭോഷൻ!"

അന്നു് ഉച്ചതിരിഞ്ഞു ഹുണ്ടിയിൽ ഇടപാടുസംബന്ധിച്ചു വസതിയിൽ കൂടിയ ചില സ്ത്രീപുരുഷന്മാരുമായി ഒരുമിച്ചിരുന്നു്, തന്റെ വമ്പിച്ച കഴിവുകളെയും വിശാലവും പ്രബലവുമായ സാഹചര്യങ്ങളേയും കുറിച്ചു് ഗൃഹനാഥ പതിവുപോലെ ഒരു പ്രഭാഷണം നടത്തി. അപ്പോൾ ഭാരതിയുടെ വിവാഹനിശ്ചയം സംഭാഷണവിഷയമായുന്നു. തത്സമയം ഒരു സ്ത്രീ ചോദിച്ചു: "നിശ്ചയത്തിനു് ഇവിടുന്നു പോയില്ലേ?"

വള്ളിയമ്മ അലക്ഷ്യഭാവത്തിൽ പറഞ്ഞു: "എനിക്കാണെങ്കിൽ ഒന്നിനും സാവകാശമില്ല. അത്ര വലിയ തിരക്കാ ഇവിടെ. കുട്ടികളുടെ ഗവർണ്ണസ് അവധിവാങ്ങി പോയിരിക്കുകയാ. പകരം ആൾ വച്ചിട്ടില്ല. അദ്ദേഹത്തിനാണെങ്കിൽ നൂറായിരംകൂട്ടം കാര്യങ്ങളാണു് തലയിൽ മറിഞ്ഞുകൊണ്ടിരിക്കുന്നതു്. അച്ഛൻ പോയിരുന്നു. അദ്ദേഹത്തിനു് ഇങ്ങനെയുള്ള ഇടങ്ങളിലെല്ലാംനിന്നു് ക്ഷണവും, ചെന്നാൽ അവിടെ മുൻകൈയും നിശ്ചയം."

മറെറാരുസ്ത്രീ:—അടുക്കളയിൽനിന്നിരുന്ന ആ വെളുത്ത പെണ്ണു പൊയ്ക്കളഞ്ഞോ?

വള്ളിയമ്മ:—ആ ധിക്കാരി! അവളുടെ തോന്ന്യാസങ്ങൾ വല്ലതും ഇതിനകത്തു പററുമോ? ഇവിടെ ആ മണിക്കണക്കിനു തെററാതെ മുറയ്ക്കു് എല്ലാം വന്നുകൊണ്ടിരിക്കണം. അടുക്കളയിലും ഒരു മണി വച്ചിരിക്കയാ. അതനുസരിച്ചുവേണം കാര്യങ്ങൾ. ഇറച്ചി, മുട്ട, മീൻ, സാമ്പാറു്, പുളിശ്ശേരി, പരിപ്പു്, നെയ്യു്, പപ്പടം, ഉപ്പിലിട്ടതു്, വറുത്തുപ്പേരി, കുഞ്ഞതു് ഒരു പ്രഥമൻ—ഇത്രയുമൊക്കെ വേണം ഊണിനു്. കാപ്പി

ക്കാണെങ്കിൽ മൂന്നാല്വകൂട്ടം പലഹാരങ്ങൾ കൂടിയേതീരൂ. ട്ടമാറോ, സബർജിൽ, കിസ്സ്മിസ്സ്, ആങ്കോർ, ആറഞ്ച്, പലതരം വാഴപ്പഴങ്ങൾ ഇവ എപ്പോഴും കൂടിയേതീരൂ. വരിക്കച്ചക്ക വളരെ പ്രധാനം. അതിൻെറ ചുള അടത്തി തേനും പഞ്ചസാരയും കലത്തി വെള്ളിത്തട്ടത്തിൽ അടച്ചുവച്ചിരിക്കണം. അതുകൊണ്ടും തൃപ്തിപോര ഇവിടെ. ചുളവരട്ടി ഭരണിയിൽ ആക്കി വച്ചിരിക്കണം. ആവശ്യംപോലെ കൂടെക്കൂടെ പുറത്തെടുക്കണം. പിന്നെ ഓവൽട്ടിൻ, ഗ്ളൂക്കോസ്, ഹോർലിക്ക്സ്, കൊക്കോ, കാഫി, ചായ ഇങ്ങനെ മാറിമാറി. ഇവിടെനിന്നു, നല്ല പേരെടുക്കാൻ സാമാന്യക്കാരായ അച്ചിയേയും ചെറുക്കനേയുംകൊണ്ടു് ആവില്ല.

ആദ്യത്തേസ്ത്രീ:-കുഞ്ഞുങ്ങളും നാലഞ്ചില്ലേ പല കുടിയിലായി?

വള്ളിയമ്മ ഈർഷ്യയോടെ പറഞ്ഞു: "ഇവിടെ ആ ഭാവമേ ഇല്ല. എല്ലാം അദ്ദേഹത്തിൻെറ മക്കൾതന്നെ എല്ലാരും."

ഒരു പുരുഷൻ:-നിങ്ങളൊക്കെ നിശ്ചയത്തിനു പോയിരിക്കുമെന്നാ കരുതിയതു്.

വള്ളിയമ്മ:-ഒരു കണക്കിനു പോകാഞ്ഞതും നന്നായി.

പുരുഷൻ:-അതെന്താ!

വള്ളിയമ്മ:-എന്തു പറയുന്നു! ഇപ്പോൾ വലിയ ആളുകളല്ലേ? അതു മുഴക്കുവാൻപോകുന്നില്ല. നടക്കുമോ എന്തതന്നെ കണ്ടറിയണം. നടന്നാൽത്തന്നെയും നീണ്ടുനില്ക്കുകയില്ല. നിശ്ചയം.

പുരുഷൻ ഔത്സുക്യത്തോടേ മന്ദസ്വരത്തിൽ ചോദിച്ചു: "അതിനു് എന്താ സംഗതി?"

വള്ളിയമ്മ:-എന്തുപറയാനാ? അങ്ങു ചോദിച്ചാൽ ഉള്ള കാര്യം പറയാതിരിക്കുന്നതെങ്ങനെ? അയാൾ വലിയ ആൾ.

പക്ഷേ, സ്വന്തത്തിൽ കിളിപോലിരിക്കുന്ന ഒരു പെണ്ണിനെ ദ്രോഹിച്ചിട്ടാ വന്നിരിക്കുന്നതു്. അവളുടെ കണ്ണീർ എവിടെ തങ്ങും. ഒരുകണക്കിനു് ഈ ആട്ടക്കാരിക്കു പററിയവൻതന്നെ അയാൾ. ഇവൾ എത്ര ചെറുപ്പക്കാരെ വഴിതെററിച്ചു! ആ കമലോത്ഭവൻനായക്കു ഭ്രാന്താണെന്നുകേട്ടു. അയാൾ എന്തുപണം വാരിക്കൊടുത്തതാ. കാര്യം അറിയിക്കാതെ ഇന്നലെയും രാത്രിയിൽ ക്യാമ്പിൽ കൊണ്ടുനടക്കുകയായിരുന്നു. പോരേ വിശേഷം! അയാളുടെ തള്ളയുടെയും തന്തയുടെയും കണ്ണീർ ഇവൾക്കു് ഒരു കോടാലിയല്ലേ?

പുരുഷൻ:-ഓഹോ! വലിയ ഇടങ്ങളിലും ഇങ്ങനെതന്നെയോ?

വള്ളിയമ്മ:-ചെറിയ ഇടങ്ങളിൽ കുറച്ചൊക്കെ അറിവും മര്യാദയുമുണ്ടു്. വലിയ ഇടങ്ങളിൽ തീരെ ഇല്ല അതു്.

പുരുഷൻ:-കുററവും കുറവും ഇല്ലാത്ത സംഗതിയേ ഇല്ല ഇയ്യിടയായി ഇത്തരം ഇടപാടുകളിൽ. ഇതു് പൊല്ലാത്ത നാടാ. ആരെയും വെറുതേ വിടുകയില്ല. രസികന്മാർ ഇടയ്ക്കുണ്ടു്. വിവാഹത്തിനു സദ്യയ്ക്കു വട്ടംവരെ ആയ ഇടങ്ങളിൽനിന്നു വരനേ ഒളിപ്പിച്ചു മറുനാടുകടത്തിയ സംഭവങ്ങളും അപൂർവ്വമല്ല.

“എന്തിനുപറയുന്നു, അക്കഥയൊക്കെ! ഒന്നും പറയാതിരിക്കുകയാ ഭംഗി. നാമായിട്ടു് ഒന്നും പറയേണ്ട. അനുഭവംകൊണ്ടു് അറിഞ്ഞുകൊള്ളും ജാതകത്തിൻെറഫലം.” എന്നിങ്ങനെ പറഞ്ഞു വള്ളിയമ്മ ആ വിഷയം പെട്ടെന്നുമാറ്റി. അവിടെ ഉണ്ടായിരുന്ന മററുരണ്ടുസ്ത്രീകൾ പരസ്പരം അർത്ഥഗർഭമായി മുഖത്തോടുമുഖം നോക്കി പുഞ്ചിരിതൂകി.

“പിന്നെ എന്താ! എല്ലാരും ഇരുട്ടത്തുവന്നതു്?” എന്നു വള്ളിയമ്മ.

പുരുഷൻ:- ഞങ്ങളോരോരുത്തർ ഓരോകാര്യവശാൽ—

ഇങ്ങനെയുള്ള വലിയ ഇടങ്ങളിൽ വരാതെ ഒക്കുമോ പൊള്ളഅന്തസ്സു നടിച്ചിരുന്നാൽ—കുറച്ചുപണം—വേണം. പിടിപ്പതു് ഉരുപ്പടി കൊണ്ടുവന്നിട്ടുണ്ടു്.

ഒരുസ്ത്രീ:-ഞാനും അങ്ങനെ ഒരു കാര്യത്തിനാ പുറപ്പെട്ടിരിക്കുന്നതു്.

മറേറസ്ത്രീ:—എനിക്കും അതേ ആവശ്യം തന്നെ.

വള്ളിയമ്മ:-ഇവിടെ വലിയവരുംചെറിയവരും പലതരക്കാരും ഇങ്ങനെ സാധാരണ വരും. എത്രപേരാ നിത്യവും വന്നുകൊണ്ടിരിക്കുക? മനസ്സറിഞ്ഞു പണം ഇരിപ്പുണ്ടെങ്കിൽ ആരെയും വെറുംകൈയോടെ അയക്കാറില്ലേ. ഇന്നു രാവിലെ അങ്ങേതിലെ അഡ്വോക്കെററിൻെറ ഭാര്യവന്നു നൂറുരൂപ വാങ്ങിക്കൊണ്ടുപോയി. വലിയ ദാരിദ്ര്യമാ അവിടെ. ഒരു വലിയകച്ചവടക്കാരൻവന്നു 500 രൂപാ കൊണ്ടുപോയി. കുറയില്ലാത്ത സ്വർണ്ണമാ പണയം. ഇക്കാലസ്ഥിതിക്കു പവനു പത്തുരൂപയിൽ കൂടുതൽ കൊടുക്കാനും തരമില്ല. രൂപക്കു് ഒരു ചക്രംവീതം കമ്മീഷൻ എടുത്തുകൊണ്ടേ കൊടുക്കയുമുള്ളു. രൂപക്കു് ദിവസം ഒരു ചക്രം പലിശയുമാണു്. നല്ല സമ്മതമുള്ളവർ കൊണ്ടുപോയാൽമതി. എന്തു് ഉരുപ്പടിയും വിശ്വസിച്ചു് ഇവിടെ ഏല്പിക്കാം. കാലാവധികഴിഞ്ഞെന്നുപറഞ്ഞു് വിററുകളയുകയോ മറുപണയംവച്ചു കൂടുതൽവാങ്ങി കൊപ്പത്തിലാക്കിക്കളയുമെന്നോ, പകരം മുക്കു്ഉരുപ്പടിവച്ചു പററിക്കുമെന്നോ പേടിക്കേണ്ട. പലിശയും മുതലും കൂടി വിലഅറുതിവന്നുപോയാൽ ഉടമസ്ഥർവന്നു് അവതാപറയുമ്പോൾ അല്പസ്വല്പംകൂടി കൊടുത്തേ പണയപ്പണ്ടം അടക്കംചെയ്യാറുള്ളു. അത്ര ന്യായമാ ഇവിടത്തേ ഇടപാടുകൾ. സക്കാരും കോർപ്പറേഷനും മററും അറിഞ്ഞ ഒരു സ്ഥാപനമായി നടത്തുന്നുമില്ല. വെറും സ്വകാര്യം.

ഒരുസ്ത്രീ:—അയ്യോ! ഇവിടം നന്നായിരിക്കട്ടെ. ഇങ്ങനെ

ഓടിവന്നു വാങ്ങിച്ചുകൊണ്ടുപോയി കാര്യം കാണാമല്ലോ. കുത്തിക്കൊലപോലല്ലേ വേങ്ങുകളിൽനടക്കുന്ന കട്ടക്കെ.

ഓരോരുത്തരോട്ടും പണയം വാങ്ങി തുക്കവും മാററും തിട്ടപ്പെട്ടത്തി, വള്ളിയമ്മ തക്കയോഗ്യംപോലെ പണംകൊട്ടുത്തു് അവരെയെല്ലാം യാത്രയാക്കി.

# 16

## മനസ്സിൻെറ ഫോട്ടോ

ഭാരതിയുടെ കാറിൽത്തന്നെ കമലമ്മയെ ആ യുവതിയുടെ ഭവനത്തിൽ കൊണ്ടുചെന്നുവിട്ടശേഷം കാർ നേരെ കടപ്പുറത്തുള്ള ടാജ്മഹൽ ഹോട്ടലിലേക്കു വിട്ടവാൻ ഭാരതി ഡ്രൈവർക്കു് ആജ്ഞനൽകി. അതനുസരിച്ചു ഡ്രൈവർ കാറിൻെറ ഗതി തിരിച്ചുവിട്ടപ്പോൾ കമലോത്ഭവൻനായർ മന്ദസ്വരത്തിൽ ചോദിച്ചു: "എന്താ സംഗതി! എന്നെ എവിടെക്കൊണ്ടുപോകാനാ ഭാവം?"

ഭാരതി ഹൃദയം കവരുന്ന ഒരു മന്ദഹാസത്തോടെ പറഞ്ഞു: "മനസ്സിനു് എന്തോ ചലനം തട്ടിയലക്ഷണം കാണുന്നു. എനിക്കു് ഇയ്യിടെ മാനസചികിത്സ കുറേശ്ശെയുണ്ടു്. ഇന്നു ടാജ്മഹൽ ഹോട്ടലിൽ കയറിത്താമസിച്ചു മനസ്സിൻെറ ഒരു ഫോട്ടോ എടുത്തുനോക്കി ചികിത്സിച്ചു നാളെത്തേയ്ക്കു സുഖക്കേടിനു കുറവില്ലെന്നുകണ്ടാൽ നേരെ മെൻറൽ ആസ്പത്രിയിൽ ആക്കാനാ ഭാവം.

കമലോത്ഭവൻനായർ:— അച്ഛനു് ആവക അധികാരം എല്ലാം കൈകാര്യം ചെയ്യാം. മകൾക്കുമുണ്ടോ ഇതിനൊക്കെ അധികാരം!

ഭാരതി:—അവനവനില്ലാത്ത അധികാരം കവരുന്നേടുക്കുന്ന കാലമല്ലേ? സൂക്ഷിച്ചുവേണം ഇനി പെരുമാറാൻ.

കമലോത്ഭവൻനായർ:-അതെനിക്കു മനസ്സിലാകായ്കയല്ല. ഐ. സി. എസ്സ്. ഉദ്യോഗസ്ഥൻെറ ഭാര്യാപദത്തിലേയ്ക്കു കാലൂന്നിയിരിക്കയല്ലേ?

ഭാരതി:—എന്നെ ഇങ്ങനെ ആക്ഷേപിച്ചുകൊള്ളൂ. സന്ദർഭംപോലെ കൊള്ളിവാക്കുകൾ പറഞ്ഞുകൊള്ളൂ. ഞാൻ ഈ ശകാരമൊക്കെ അർഹിക്കുന്നുണ്ട്. അതു് എനിക്കു് നല്ല ബോദ്ധ്യമാ. എന്തിനുവേണ്ടി ഞാൻ ഇതിനുവഴിപ്പെട്ടു, എന്നറിയാമോ? അടുത്ത ഇലക്ഷൻവരെ ഒന്നുമൊന്നുംകൂടാതെ നമ്മുടെപാർട്ടി ഇവിടെ പററിപ്പിടിച്ചു നിന്നെങ്കിലേ നമ്മുടെ മഹോദ്ദേശ്യം സഫലമാകയുള്ളു. ഈ ഘട്ടത്തിൽ അച്ഛനെ പിണക്കിയാൽ കാര്യം സമസ്തവും തെററും. പാർട്ടിഅംഗങ്ങളിൽ പ്രമാണികൾ ജയിലിൽ പോകേണ്ടിയുംവരും. പിന്നെ അടുത്ത ഇലക്ഷൻകൊണ്ടു സാധിക്കാമെന്നുള്ള ആശകളെല്ലാം വെറും ദിവാസ്വപ്നമായിത്തീരുകയില്ലേ? ഈ മിസ്റ്റർ ഗോപികാരമണൻെറ പിൻതുണക്കു വളരെ ശക്തിയുണ്ടു്. അതു നമുക്കു് ലഭിപ്പാൻ ഒരു എളുപ്പവഴികൂടെയായി. നമുക്കു് എന്തു ചേതം. ആടിയിട്ടുപോകട്ടെ ഈ പൊളിററിക്കൽ ഡ്രാമാ. വെറും പൊളിററിക്കൽ മാരിയേജ്.

സംഭാഷണം ഈ ഘട്ടത്തിൽ എത്തിയപ്പോൾ കാർ ഹോട്ടൽടാജിൽ എത്തി. ഉടൻതന്നെ രണ്ടുപേരും അവിടെ ഇറങ്ങി. ഒരു ഡബിൾ ബെഡ്ഡ്റൂം എടുത്തു് താമസമായി. കാഫിയും അത്താഴത്തിനുള്ള വിഭവങ്ങളും മററുസജ്ജീകരണങ്ങളും സംവിധാനങ്ങളും, സർവ്വവും ചട്ടമായി. ഡ്രൈവർ അമ്പരപ്പുപൂണ്ടു് കാർ അവിടത്തേ ഒരു ഷെഡ്ഡിലിട്ടു പൂട്ടിയശേഷം പുറമേ തനിക്കു സുപരിചിതമായ ഒരു ഭോജനശാലയിലേക്കു് ഭക്ഷണത്തിനായി പുറപ്പെട്ടു. പിറേറന്നാൾ

രാവിലെ ഏഴുമണിക്കു വണ്ടി തയ്യാറായിരിക്കണമെന്നായി രുന്നു അയാൾക്കു് ഒടുവിൽലഭിച്ച ആർഡർ.

ഹോട്ടലിൽ അവരുടെ മുറിയിൽ ലഞ്ച്കഴിച്ചുകൊണ്ടി രിക്കുമ്പോൾ കമലോത്ഭവൻനായർ ഭാരതിയേ പ്രേമപൂർവ്വം തഴുകിക്കൊണ്ടു് ഇങ്ങനെപറഞ്ഞു: "എന്റെ തങ്കം! ഈ ആന്തരോദ്ദേശ്യം ഒന്നും എനിക്കു മനസ്സിലായില്ല. വസ്തുതകൾ നേരത്തേ ധരിപ്പിച്ചിരുന്നെങ്കിൽ ഇത്ര ആധിപിടിച്ചു് ഉഴലേണ്ടി വരില്ലായിരുന്നു."

ഭാരതി മദാലസവാഗ്ധോരണിയോടെ പറഞ്ഞു: "തക്ക സമയത്തു് എല്ലാം വെളിപ്പെടുത്തിക്കൊള്ളാമെന്നു കരുതി ക്കൂട്ടി ഇരിക്കുകയായിരുന്നു. അതല്ലേ ഇന്നു് ആഫീസിൽ മനഃപൂർവ്വം ഇത്രവളരെ നേരം കാത്തിരുന്നതു്, ഇങ്ങടു പോരാൻ തന്നെ. കുറേദിവസമായി ഈ മൗനഭാവം ഞാൻ നോട്ടുചെയ്തുവരുകയാ. ആളിന്റെ നിഷ്കപടത ഓർത്തു് ഉള്ളിൽ എപ്പോഴും ഒരു ഊറിയ പുഞ്ചിരിയും."

കമലോത്ഭവൻനായർ ഒരു ബിസ്കറ്റു് എടുത്തു ഭാരതിയുടെ ശോണിമയേറിയ അധരങ്ങൾക്കിടയിലേയ്ക്കു തിരുകിക്കൊടുത്തിട്ടു്, ആ തന്വംഗിയുടെ ഓജസ്സമ്പൂർണ്ണമായ കപോലങ്ങളിൽ ഇടവിട്ടിടവിട്ടു ചുംബനം നൽകിക്കൊണ്ടു് ഇപ്രകാരം പ്രകാശിച്ചു: "എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്, അമ്പേ, ഈ ഭാരതി ഇത്ര വജ്രഹൃദയയോയെന്നു്."

പകുതി ചവച്ച ബിസ്കറ്റു് നാവിന്മേൽ ആക്കി കാമകിങ്കരനായ കമലോത്ഭവൻനായരുടെ അർദ്ധവികസ്വരങ്ങളായ അധരോഷ്ഠങ്ങളുടെ ഇടയിലേയ്ക്കു നീട്ടിക്കൊടുത്തശേഷം, പിന്നീടു തുടരെ നടത്തിയ അധരപാനചടങ്ങിൽ ആ യുവാവിനെ പാരവശ്യം കൊള്ളിച്ചു. സംതൃപ്തയായ ഭാരതി കാമുകന്റെ കവിൾത്തടങ്ങളിൽ മാറിമാറി സീൽക്കാരചുംബനങ്ങൾ നൽകിക്കൊണ്ടു് ആവേശഭരിതയായി പറഞ്ഞു:

“കണ്ടോ! ഇങ്ങനെയാണു് ഈ വജ്രഹൃദയയുടെ പ്രവൃത്തി. ഇത്രയ്ക്കു കഠിനമാണീഹൃദയം. മനസ്സിലാക്കിക്കൊള്ളൂ ഇനിയെങ്കിലും, എന്റെ ഓമനക്കുട്ടാ! വിട്ടുവിട്ടൂ! വജ്രംപതിച്ച ഹൃദയമേ! എങ്കിലും ഇത്ര അന്തസ്സാരമില്ലാതെപോയല്ലോ. വലിയ ലീഡറെന്നാ ഭാവം! പടിഞ്ഞാറേ കടപ്പുറത്തുകൂടി ഒരു വടക്കൻ കാററു തെക്കോട്ടു വീശിയതേ ഉള്ളൂ. ഇവിടെ ഉണ്ണിക്കൃഷ്ണൻ വാടിയുറങ്ങി. അരമണിയും ഊർന്നു താഴെപ്പോയി. കിങ്ങിണിയും പോയി. ആകെ കുഴഞ്ഞു വശംകെട്ടു.”

പ്രേമപരാധീനയായിച്ചമഞ്ഞ ഭാരതി പ്രണയാധിക്യത്താൽ കമലോത്ഭവൻനായരെ ഗാഢഗാഢം കെട്ടിപ്പുണന്നു് അയാളുടെ അധരപുടങ്ങളിലും ഗണ്ഡങ്ങളിലും തെരുതെരെ കടിച്ചു ദന്തക്ഷതങ്ങൾ ഏല്പിക്കുന്ന ബഹളത്തിനിടയിൽ ആ യുവാവു പ്രേയസിയുടെ കണ്ണുകളിൽ മന്ത്രിക്കുന്നു: “അതേ! ആ ജനലിന്റെ വെളിയട അല്പം മാറിയിരിക്കുന്നു. വല്ലവരും കാണും. അതു വലിച്ചു നേരെയിട്ടിട്ടു വരൂ.”

ഭാരതി:—ഹേയ്! എന്തൊരു കഥയില്ലായ്മ! ഈ അസമയത്തു് ആരു വരാൻപോകുന്നു, ഇവിടെ? രണ്ടാമത്തേ നിലയിലുള്ള ഒററത്തെ മുറി. ഇവിടെ ഇരുന്നാൽ വടക്കേഅററത്തുള്ള ലിഫ്ററുമുറിയിൽനിന്നു് ആരെങ്കിലും വരാന്തയിലേയ്ക്കു വരുന്നതു നമുക്കു കാണാം. അതിനുവേണ്ടി ഞാൻ മനഃപൂർവ്വം നീക്കിഇട്ടതാ ആ ബ്ളൈൻഡർ.

“എന്റെ മിട്ടുമിട്ടുക്കീ! കൊച്ചു താപ്പാനേ!” എന്നുപറഞ്ഞു് ആ യുവാവു് പ്രാണപ്രിയയുടെ അനുഭവയോഗ്യങ്ങളായ അധരങ്ങൾ ദ്രുതഗതിയിൽ നുകരുവാൻ തുടങ്ങി.

അതിനിടയ്ക്കു് അയാൾ പറയുകയാണു്: “എന്തൊരു മാധുര്യം! അമൃതവർഷംതന്നെ!”

ഭാരതി പുഞ്ചിരിതൂകി. ആ യുവതി ചോദിച്ചു: “എന്താ മൗനം ഒട്ടു നീണ്ടിയോ? ഇനി കുളിയും ഊണും കഴിഞ്ഞിട്ടു്.”

KOTTAYAM PUBL...

മേശപ്പുറത്തിരുന്ന ആഫീസുബെല്ലിൽ ഭാരതി ഒന്നമർത്തി. തെരുതെരെ മണിയടി. വിശേഷപ്പെട്ട നിക്കറും ഷർട്ടും ധരിച്ച ഒരു കോമളഗാത്രൻ പയ്യൻ അവിടെ പാഞ്ഞെത്തി തൊഴുതു വിനയംനടിച്ചു പുഞ്ചിരിയിട്ടുകൊണ്ടു നില്പായി.

മന്ദസ്മിതത്തോടുകൂടി ഭാരതി അവനോടു ചോദിച്ചു: "കുളിമുറിയിൽ ചൂടുവെള്ളം തയ്യാറുണ്ടോ? യജമാനനും എനിക്കും കുളിക്കു സമയമായി. കുളികഴിഞ്ഞാലുടൻ ഊണുകൊണ്ടുവന്നേക്കണം. ഇറച്ചി, മുട്ട, മീൻ, സാമ്പാർ, രസം, പപ്പടം, ഉപ്പിലിട്ടതു്, മോരു്, ഉപ്പേരി, രക്തപൂവൻപഴം—ഇത്രയും എങ്കിലും കൂടിയേ തീരൂ."

പയ്യൻ:—വെർമിസിലി പ്രഥമനും തയ്യാറുണ്ടു്. അതു് ഓരോ കപ്പുകൂടെ ഓർഡർ ചെയ്യട്ടെയോ?

ഭാരതി:—മിടുമിടുക്കൻ. അങ്ങനെതന്നെ. ബോയിതന്നെ എല്ലാം കൊണ്ടുവന്നു വിളമ്പിത്തരണം. മററാരും വരണമെന്നില്ല ഇവിടെ. ബോയിക്കു ഞാൻ പ്രത്യേക പ്രസൻറു തരുന്നുണ്ടു്. ഊണുകഴിഞ്ഞു കിടക്കാൻനേരം കുടിക്കാൻ ഓരോകപ്പു ചെറുചൂടുള്ള കാച്ചിയപാലും കൊണ്ടുപോരണം.

പയ്യൻ:—ഉത്തരവു് കൊച്ചമ്മോ! സിഗററു് ഏതുജാതി വേണം?

ഭാരതി പയ്യൻെറ ചോദ്യംകേട്ടു പുഞ്ചിരിതൂകി: "അപ്പനേ! ഞാൻ സാധാരണ സിഗററുവലി തുടങ്ങിയിട്ടില്ല. യജമാനനു് അതു കൂടിയേ തീരൂ. അദ്ദേഹംതന്നെ പറയട്ടെ. ഗുണദോഷങ്ങൾ അദ്ദേഹത്തിനേ അറിഞ്ഞുകൂടൂ."

എന്നു് ആ യുവതി പറഞ്ഞുനിർത്തിയപ്പോൾ കമലോത്ഭവൻനായർ പറഞ്ഞു: "ഒരു പായ്ക്കററു് പ്ലെയേഴ്സ് ബാച്ചിലർ."

ബോയി വീണ്ടും കൊളുത്തിട്ടു് പുറത്തേയ്ക്കു് ഒരു ഓട്ടം.

ഉടനേ ഭാരതി കമിതാവിനോടു പറഞ്ഞു: "ആ സിഗററ്റിന്റെ പേരു നന്നായിരിക്കുന്നു."

കമലോത്ഭവൻനായർ:—കുറേശ്ശെ സിഗററ്റു വലിക്കുന്നതു നാം പബ്ളിക്‌വർക്ക്സിനു വളരെ നന്നാ. നിരന്തരസഞ്ചാരം, നേരംതെററിയുള്ള ഭക്ഷണം, ശീതോഷ്ണസ്ഥിതഭേദങ്ങൾ ഗൗനിക്കാതെയുള്ള യാത്രയും പരിപാടികളും—ഇത്തരക്കാക്ക് സിഗററ്റ് ഒരു രക്ഷകനാ.

"എന്നാൽ ഞാനും ഇന്നുമുതൽ പതിവായി കുറേശ്ശെ തുടങ്ങിയേക്കാം," എന്നു പറഞ്ഞു ഭാരതി സഖൻെറ മുഖത്തുനോക്കി ഒരു പൊട്ടിച്ചിരി.

"ആയിക്കൊള്ളൂ. ആയിക്കൊള്ളൂ. രോഗി കൊതിച്ചതും വൈദ്യൻ വിധിച്ചതും പാൽ," എന്നുപറഞ്ഞു നായരും മന്ദഹാസപൂർവ്വം ഒരു ശിരക്കമ്പനം.

"എനിക്കു് ഒന്നുതോന്നുന്നു. ഈ സിഗററ്റിൻെറ പേരു് 'ബാച്ചിലർ ആൻഡ് മെയിഡ് വിത്ത് മാരീഡ് ഇഫക്റ്റ്സ്' എന്നാക്കിയാലെന്തെന്നു്," എന്നു് ഒരു ഊറിയ മന്ദഹാസത്തോടെ ഭാരതി പറഞ്ഞപ്പോൾ, ആ യുവതിയുടെ കോമളകപോലങ്ങളിൽ ചുംബനം നൽകിയും ഗാഢാശ്ലേഷം ചെയ്തുകൊണ്ടും കമലോത്ഭവൻനായർ പറഞ്ഞു: "നമ്മുടെ ഈ രഹസ്യം നേരത്തേ മനസ്സിലായിരുന്നുവെങ്കിൽ ഒരുപക്ഷേ, അവർ അങ്ങനെതന്നെ പേരിട്ടമായിരുന്നു."

# 17

## വിവാഹനിശ്ചയം

വിവാഹനിശ്ചയം പ്രമാണിച്ചു രാമൻകുട്ടിനായർ, ദേവേന്ദ്രൻനമ്പൂരിപ്പാടു്, മററൊരു ബന്ധു എന്നിവരാൽ അനു

ഗതനായി ഗോപികാരമണമേനവൻ വിമാനത്തിൽ വന്നിറങ്ങിയപ്പോൾ ഭാരതിയുടെ പിതാവായ മുഖ്യമന്ത്രി അത്ഭുതവിക്രമൻനായരും ഏതാനും സുഹൃത്തുക്കളും കാറുകളും മററു സ്വാഗതസംവിധാനങ്ങളുമായി വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നു. കുശലപ്രശ്നങ്ങൾ പരസ്പരം വിനിമയം ചെയ്തശേഷം ലഘുഭക്ഷണംകഴിച്ചിട്ട് അതിഥികൾ പുറപ്പെടാറായി. ആ സന്ദർഭത്തിൽ ഒരു പോസ്ററുമാൻ ആ സദസ്സിൽ നിർവ്വിശങ്കം കടന്നുവന്നു് ഒരു എക്സ്പ്രസ്സ് കത്തു് രാമൻകുട്ടിനായരുടെ പക്കൽ കൊടുത്തു കൈയൊപ്പുവാങ്ങി മറഞ്ഞു. "ഇതെന്താ ഇത്ര അർജൻറായ തപ്പാൽ?" എന്നുപറഞ്ഞു് ആ ലോകതന്ത്രകുശലനായ വയോധികൻ ഒരു മന്ദഹാസത്തോടെ ആ കത്തിനെ ഗോപികാരമണൻെറ കൈയിൽ അഗണ്യഭാവത്തിൽ ഏല്പിച്ചു് ഇതരകാര്യങ്ങളിൽ വീണ്ടും വ്യാപൃതനായി.

"നാട്ടിൽ കുടികിടപ്പുകാരുടെ വിപ്ലവം വല്ലതും വീണ്ടും തുടങ്ങിയായിരിക്കാം. മാനേജരുടെ ലറ്ററാ ഇതു്," എന്നു ഗോപികാരമണൻ.

"അതു ശരിയായിരിക്കാം. പോക്കററിൽ ഭദ്രമായി വച്ചോളൂ. സാവകാശമായി വായിച്ചുനോക്കിയാൽ മതിയാവും, കേട്ടോ?" എന്നു രാമൻകുട്ടിനായർ.

അതിഥികളോടൊന്നിച്ചു പ്രധാന ആതിഥേയിയും മററു സുഹൃത്തുകളും യഥായോഗ്യം ഓരോ കാറുകളിൽ കയറി. മന്ത്രിഭവനത്തിലേക്കു പുറപ്പെട്ടു. അരമണിക്കൂർ നേരത്തേ ഘോഷയാത്രയോടുകൂടി എല്ലാവരും നിശ്ചിതസ്ഥാനത്തു് എത്തി. അവിടെയും സാമാന്യം ഒരുനൂറോളം അതിഥികൾ ഹാജരുണ്ടായിരുന്നു. ഉദ്യോഗസ്ഥപ്രമാണികളും എം. എൽ. ഏ.മാരും ഗവണ്മെൻറിനെ സദാ പിന്താങ്ങി വാഴ്ത്തിനിൽക്കുന്ന അവസരസേവകന്മാരായ ഏതാനും ഒന്നാംഗ്രേഡ് പെൻഷൻ

ഉദ്യോഗസ്ഥന്മാരും അക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. മന്ത്രിതന്നെ അവരിൽ പ്രമുഖന്മാരെ തന്റെ ബഹുമാന്യാതിഥിക്കും സ്വജനങ്ങൾക്കും പരിചയപ്പെടുത്തിക്കൊടുത്തു. അനന്തരം ഒരു കാൽമണിക്കൂറോളം എല്ലാവരും സ്വീകരണശാലയിൽ വിശ്രമിച്ചു വെടിപറഞ്ഞിരുന്നു.

അതിനിടയ്ക്കു ഭക്ഷണശാലയിൽ സദ്യയ്ക്കു് ഇലവയ്പും, വിളമ്പിൽ ഒട്ടുമുക്കാലേഅരയ്ക്കാൽപങ്കും പൂർത്തിയായിക്കഴിഞ്ഞു. പ്രൈവററ് സെക്രട്ടറി വന്നു മന്ത്രിയുടെ മുഖത്തുനോക്കി ഒന്നു് ആംഗ്യം കാണിച്ചയുടൻ അദ്ദേഹം സ്വയം അതിഥികളെ ക്ഷണിച്ചു് ഭക്ഷണശാലയിലേക്കു നയിച്ചു. അവർ യഥാസ്ഥാനങ്ങളിൽ ഇരുന്നു ഭക്ഷണം ആരംഭിച്ചപ്പോൾ പ്രധാന പന്തിവിചാരക്കാരന്റെ നിലയിൽ കൈയിൽ ഒരു ജപ്പാൻ വിശറിയുമായി പുത്രിയുടെ പിതാവുതന്നെ ഹാജർകൊടുത്തു. ഉണ്ണാനിരിക്കാതെ സേവപ്രമാണിച്ചു മാറിനിന്ന ചില ഉദ്യോഗസ്ഥവീരന്മാരും ചില പെൻഷൻ പഴഞ്ചന്മാരും അതുകണ്ട മുഖ്യമന്ത്രിയുടെ പിന്നാലെ കൂടി. രാമൻകുട്ടിനായരും അടുത്ത ബന്ധുക്കാരനായ ഒരു നായർ പ്രഭുവും ഗോപികാരമണമേനവനും അടുത്തടുത്തുതന്നെ ഇരുന്നിരുന്നു. അവരുടെ ഇടയ്ക്കു മാമൂൽ വിദ്ധ്വംസകവ്രതക്കാരനായ ദേവേന്ദ്രൻനമ്പൂരിപ്പാട്ടു് ഇരുന്നു ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന കാഴ്ച അതിഥികളിൽ പലരെയും കൗതുകം കൊള്ളിക്കാതിരുന്നില്ല.

"ഹേ! അത്ഭുതവിക്രമപ്പിള്ളേ! നിങ്ങൾ—തെക്കരുടെ—കുറുക്കകാളനും, വറത്തെരിശ്ശേരിയും, പോരെങ്കിൽ കടുമാങ്ങയും, ഞങ്ങൾ വടക്കരേ തോല്പിച്ചു തൊപ്പിയിട്ടുവിച്ചു കഴിഞ്ഞിരിക്കുന്നു കേട്ടോ!" എന്നു നമ്പൂരിപ്പാട്ടു മുഖ്യമന്ത്രിയോടു് അഭിനന്ദനപൂർവ്വം വിളിച്ചുപറഞ്ഞ സ്വരം അതിഥികളിൽ പൊതുവിൽ ഒരു കൗതുകം ഉളവാക്കി.

35324

"വടക്കൻകാളനും വറുത്തെരിശ്ശേരിയുംതന്നെയാണിതു്."
എന്നുപറഞ്ഞു മന്ത്രി ഒരു ചിരി.

അപ്പോൾ ഒരു പെൻഷൻഡ് ഉദ്യോഗസ്ഥവയോധികൻ പറഞ്ഞു: "ഞങ്ങൾ ചിലരിണ്ടു് ഇവിടെ, വടക്കരെന്നും തെക്കരെന്നും അഭിമാനം കൊള്ളുന്നോർ. വടക്കർ അഭിമാനിക്കും ഞങ്ങൾ വടക്കരെന്നു്. തെക്കർ അവകാശപ്പെടും തെക്കരെന്നു്. രണ്ടേടത്തുമുണ്ടു ഞങ്ങൾ."

നമ്പൂരി:—അപ്പോ പൊതുമനുഷ്യരാ നിങ്ങൾ! പക്ഷിയുമല്യ, മൃഗവുമല്യ, വവ്വാലുകൾ എന്നു പറയാം. ആക്ഷേപമില്ല കേട്ടോ.

എല്ലാവരും പൊട്ടിച്ചിരിച്ചു. ചിരിയുടെ രസം മുറുകിയപ്പോൾ ഒരു വയോധികൻഉദ്യോഗസ്ഥനു ചോറു വിക്കി. ആ സംഭവം പന്തിയിൽ വലിയ ബഹളം ഉണ്ടാക്കി. എങ്കിലും ദൈവാധീനംനിമിത്തം ആപത്തൊന്നും പിണയാതെ എല്ലാം ശാന്തമായി അല്പനേരത്തിനകം. വീണ്ടും സദ്യയുടെ രസം മുറുകിയപ്പോൾ ഒരു പെൻഷൻകാരൻ വിളിച്ചുപറഞ്ഞു: "എല്ലാവരും ഉണ്ണുമ്പോൾ ചിരിക്കുന്നതു സൂക്ഷിച്ചുവേണം. പറയാം. വിരോധമില്ല. 'പണ്ടു് വടക്കൊരു വീട്ടിൽ രണ്ടു സോദരിമാർ ഊണുകഴിച്ചു പഴംഗ്രന്ഥങ്ങളും അഴിച്ചുവിട്ടുകൊട്ടത്തു. അങ്ങനെയിരിക്കെ ചിരിക്കേണ്ട ഘട്ടം വന്നു. രണ്ടുപേരും വായിൽ ചോർ ഇരിക്കെ, ചിരിച്ചു തകൎത്തു. രണ്ടുപേൎക്കും ചോറു വിക്കി. പിന്നെ സംഭവിച്ചതൊന്നും ഈ ശുഭാവസരത്തിൽ പറഞ്ഞുകൂടാ.

വേറൊരാൾ:—സ്ഥലവും ആളും ഒക്കെ എനിക്കു മനസ്സിലായി. നമ്മുടെ പഴയ ചീഫിൻെറ അമ്മയും കൊച്ചമ്മയും. അങ്ങനെയല്ലേ?

പെൻഷൻ:—അതേ! അതേ! അതുകൊണ്ടു ഭക്ഷണംകഴിക്കുമ്പോൾ ചിരിക്കരുതാരും."

35324

ഗോപികാരമണൻ:- ധ്വരമാരുടെ ഡിന്നർവേളയിൽ അങ്ങനെ ധാരാളം സംസാരിക്കാറും ചിരിക്കാറും ഒക്കെയുണ്ട്. അപകടം ഒന്നും പററിയതായി കണ്ടിട്ടും കേട്ടിട്ടും ഇല്ല. അതാണത്ഭുതം.

ഒരു വയോധികൻ:-അയിത്തങ്ങടെ തീനും നമ്മുടെ സദ്യയും രണ്ടും രണ്ടുവിധമല്ലേ? എറച്ചിക്കഷണവും, റൊട്ടിസ്സെല്ലസും, ബിസ്ക്കൂറ്റും ഒക്കെ പതുക്കെ ചവച്ചു ചവച്ചു്, നുണഞ്ഞിറക്കി, ബ്രാൻഡിയിൽ കൊപ്ളിച്ചു് ഇറക്കിയിട്ടേ അവർ ചിരിക്കുകയും തകർക്കുകയുംചെയ്യാറുള്ളൂ സാറേ! നമുക്കു് അങ്ങനെ വല്ലതും പാടുണ്ടോ. (കൂട്ടം ചിരി)

"പാടില്ലാതെവരുത്തിയതിൽ ഖേദമായിരിക്കും. ഒരുകാര്യം ചെയ്യണം: കുടെക്കൂടെ വടക്കോട്ടു വടക്കോട്ടു സർക്യൂട്ടുവച്ചേക്കണം," എന്നു മററൊരാൾ.

"ഹേയ്. എന്തൊരലോഹ്യം പറച്ചിലാ! ഈ പിള്ളകൾ!?' എന്നു മററൊരു വൃദ്ധൻ.

"പിള്ളകൾ ഇങ്ങനെയൊക്കെ വല്ലതും അബദ്ധം വെട്ടിവിട്ടേക്കും. വയസ്സും പ്രായവും ഉള്ളവർ അതൊക്കെ ഒരു ഭൂഷണമായെടുത്തുകൊള്ളണം," എന്നൊരു യുവാവു്.

ഏതാദൃശങ്ങളായ സരസഭാഷണങ്ങളോടുകൂടി സദ്യ യഥാവിധി തുടന്നു. ക്രമേണ പൂർത്തിയായി. അതിഥികൾ എഴുന്നേററു പ്രക്ഷാളനക്രിയ നടത്തി വീണ്ടും ആസനസ്ഥരായി താംബൂലചർവ്വണാദിയും ധൂമപാനക്രിയയും—അങ്ങനെ തിരക്കു കുറേനേരം.

പിന്നീടു് എല്ലാവരും 'ജാതകദാനം' എന്ന ചടങ്ങുപ്രമാണിച്ചു് അകത്തേ ഹാളിൽ പ്രവേശിച്ചു, വിരിച്ചൊരുക്കപ്പെട്ടിരുന്ന വിശേഷപ്പെട്ട പരവതാനികളിലും കവളപ്പാറപ്പുൽപ്പാകളിലും മററുമായി നിരന്നിരുന്നു. വധൂവരന്മാരുടെ സ്വജനങ്ങൾ സദസ്സിൻെറ മദ്ധ്യത്തിൽ പരസ്പരാഭിമുഖമായി

ഇരുന്നു. വിശേഷപ്പെട്ട ഒരു പട്ടിൽ പൊതിഞ്ഞ വധൂജാതകം ഷഡ്കോണാകൃതിയുള്ള ഒരു വെള്ളിത്തളികയിൽ വച്ചു മന്ത്രി പുഷ്പഫലതാംബൂലാദിസമേതം രാമൻകുട്ടിനായരുടെ ഹസ്തങ്ങളിൽ വിനയപുരസ്സരം സമപ്പിച്ചു. തദനന്തരം അതേ ചടങ്ങുകളോടുകൂടി വരന്റെ ജാതകം രാമൻകുട്ടിനായർ മന്ത്രിയുടെ ഹസ്തങ്ങളിലും സമർപ്പിച്ചു. അപ്പോൾ സ്ത്രീകൾ വായ്ക്കുരവ ഇട്ടും മംഗളവാദ്യഘോഷം കേൾക്കാറായി.

1951 ജൂൺമാസം 7–ാംനു പകൽ പത്തേകാൽമണിക്കു വിവാഹം നിശ്ചയിച്ചിരിക്കുന്നതായി മന്ത്രി സദസ്സിൽ പ്രസ്താവിച്ചുകഴിഞ്ഞതോടെ അതിഥികൾക്കു താംബൂലപുഷ്പാദി നിറച്ച വിവാഹനിശ്ചയക്കുട്ടകൾ സമ്മാനിച്ചു. അനന്തരം മിക്കവാറും അതിഥികൾ ഗൃഹനാഥനെയും ഭാവിവരനെയും ബന്ധുക്കളെയും വന്ദിച്ചുകൊണ്ടു യാത്രയായി. ആഗതരുടെകൂട്ടത്തിൽ കമലോത്ഭവൻനായർ ഉൾപ്പെടെയുള്ള റിപ്പബ്ളിക്കൻപാർട്ടി അംഗങ്ങൾ പലരും പ്രസ്തുത അടിയന്തിരത്തിൽ സംബന്ധിക്കുകയുണ്ടായി.

പരിപാടികൾ പൂർത്തിയായശേഷം രാമൻകുട്ടിനായരും ഗോപികാരമണമേനവനുംമാത്രം ഒരു മുറിയിൽ തനിച്ചിരുന്നു കുടുംബസംബന്ധമായ ചില ആലോചനകൾ നടത്തുകയായിരുന്നു. ജൂൺ 5–ാംനു പാത്മിനിയുടെ വിവാഹംകഴിഞ്ഞയുടൻ ഇങ്ങോട്ടു പുറപ്പെടേണ്ടതിനു മുൻകൂട്ടി ചെയ്യപ്പെടേണ്ടിയിരുന്ന വിവാഹസജ്ജീകരണം മുതലായ ഒരുക്കങ്ങളേസംബന്ധിച്ചായിരുന്നു അവരുടെ സംഭാഷണം. അതിനിടയ്ക്കു രാമൻകുട്ടിനായർ യാദൃച്ഛികമായി ചോദിച്ചു: "അ! ഒരു കാര്യം തീരെ വിട്ടുപോയി. രാവിലെ ദുരിശത്തിൽ വന്ന ആ കത്ത് ആരുടേതാ?"

ഗോപികാരമണമേനവൻ:–ഒ! അതൊന്നുമില്ല. ഒരു വെറും വാറോലയാ. വികടന്മാരാരുടേയോ പണിയാ. നുള്ളി

ക്കീറി ഉടനേതന്നെ ചവററുകുട്ടയിൽ എറിഞ്ഞു. അക്കഥയും അങ്ങനെ മറന്നു.

രാമൻകുട്ടിനായർ:—ഈ നാട്ടു് ഇത്രയ്ക്കു വഷളോ! വലിയ പരിഷ്ക്കാരവും പഠിപ്പും ഏറിയ നാട്ടു്. വാറോലകളുടെ കാലം ഇനിയും നിലച്ചില്ലേ?

ഗോപികാരമണമേനവൻ:—വിഡ്ഢികൾ എല്ലായിടത്തും കാണണ്ടേ, ഇശ്ശി. അതേപ്പററി ഒന്നും ചിന്തിപ്പാനില്ല്യ.

# 18

## സുഹൃൽസമ്മേളനം

ഭാരതിയുടെ വിവാഹനിശ്ചയം നടന്നദിവസം സായാഹ്നത്തിൽ അരവിന്ദമന്ദിരത്തിൽവച്ചു റിപ്പബ്ളിക്കൻപാർട്ടിയിലെ അംഗങ്ങൾക്കായി ഒരു സുഹൃൽസമ്മേളനം നടത്തപ്പെട്ടു. ആ അവസരത്തിൽ ഗോപികാരമണമേനവനേക്കൂടി പ്രത്യേകം ക്ഷണിച്ചുവരുത്തിയിരുന്നു. വിഭവസമൃദ്ധമായ ഒരു ചായസല്ക്കാരമായിരുന്നു പ്രധാനചടങ്ങു്. അനന്തരം സുഹൃത്തുക്കൾ പലരും ഓരോ ഗ്രൂപ്പുകളായി അവിടവിടെ ഇരുന്നു സംഭാഷണത്തിൽ ഏർപ്പെട്ടു. അല്പസമയംകഴിഞ്ഞു് അവർ ഓരോരുത്തരായി പിരിഞ്ഞുപോയി. ഒടുവിൽ ഗോപികാരമണമേനവനും ഭാരതിയും കമലമ്മയും കമലോത്ഭവൻനായരും മാത്രം അവശേഷിച്ചു. മന്ത്രിസദനത്തിൽവച്ചുതന്നെ നേരത്തേ ഗോപികാരമണമേനവനും കമലോത്ഭവൻനായരും സുഹൃത്തുക്കളായിക്കഴിഞ്ഞു. അവർതമ്മിൽ ഉദിച്ച സ്നേഹബന്ധം ദൃഢീഭവിപ്പിക്കുവാനും റിപ്പബ്ളിക്കൻപാർട്ടിയോടു് മേനവനെ കൂടുതൽ അടുപ്പിക്കുവാനുംവേണ്ടി, ഭാരതി പ്രയോഗിച്ച ഒരു പുതിയ അടവാണു് പ്രസ്തുത സുഹൃൽസമ്മേളനം.

പ്രസ്തുത നാലുസുഹൃത്തുക്കളുടെ സംഭാഷണഗതി അത്യന്തം ഹൃദ്യമായ ഒരു പന്ഥാവിലേക്കു തിരിഞ്ഞു. അപ്പോൾ ഭാരതി ഗോപികാരമണമേനവനോടായിട്ടു പറഞ്ഞു: "ഉത്തരേന്ത്യയിൽ ബിർളാവിനുള്ള നിലയും വിലയുമാണ് ഇന്ന് ഇവിടെ ഈ കുടുംബത്തിന്. ഈശ്വരാനുകൂല്യംകൊണ്ടു് വലിയൊരു കോടീശ്വരനാണിദ്ദേഹത്തിൻെറ അച്ഛൻ. ഇന്നിവിടെ ഇല്ല; അല്ലെങ്കിൽ പരിചയപ്പെട്ടുത്തിത്തരാമായിരുന്നു. ഈ നാട്ടിലെ രാഷ്ട്രീയവും വ്യാവസായികവുമായ സകല പുരോഗമനങ്ങളുടെയും ആണിക്കല്ലാണു് ഈ കുടുംബം. ഇത്ര സംസ്ക്കാരവും സമ്പത്തും ഒത്തുകൂടിയിരിക്കുന്ന കുടുംബം മററൊന്നില്ല ഇവിടെ. എൻെറ പാർട്ടിയുടെ സർവവിജയത്തിനും അടിസ്ഥാനം ഈ മാന്യകുടുംബമാണെന്നു സമ്മതിക്കുവാൻ ലേശവും മടിയില്ല."

കമലോത്ഭവൻനായർ:-ഞങ്ങളുടെ ഈ ബഹുമാന്യസോദരി പ്രശംസിക്കുന്നിടത്തോളം കഥയൊന്നുമില്ല. എങ്കിലും ദൈവാനുഗ്രഹത്താൽ ഞങ്ങൾ ഒരുവിധം മാനംമര്യാദയായി കഴിഞ്ഞുകൂട്ടുന്നു. ഈ പാർട്ടിയുടെ എന്നു മാത്രമല്ല പുരോഗമനപരങ്ങളായ എല്ലാ പ്രസ്ഥാനങ്ങളുടെയും വികാസത്തിനായി കഴിവതെല്ലാം ചെയ്തുവരുന്നുമുണ്ടു്.

നായരുടെ വിനയസ്വഭാവംകണ്ടു് മേനവൻ അദ്ദേഹത്തിൻെറ മുഖത്തുനോക്കി മന്ദസ്മിതം തൂകി. എന്നിട്ടു് അദ്ദേഹം പറഞ്ഞു: "ഞാൻ റിട്ടയർചെയ്തു വന്നോട്ടെ. നിങ്ങളുടെ പാർട്ടിയിൽ ചേന്നു പ്രവത്തിക്കാം, എന്നിട്ടു്."

കമലോത്ഭവൻനായർ:-റിട്ടയാർചെയ്യാൻ കുറഞ്ഞതു് ഇനി ഇരുപത്തഞ്ചുവഷംകൂടെയെങ്കിലും വേണ്ടിവന്നേയ്ക്കും എന്നു ഞാൻ ഊഹിക്കുന്നു.

ഗോപികാരമണമേനവൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "അല്ല. മുപ്പതു്. ഇപ്പോൾ മുപ്പതു്. സർവ്വീസ് അറുപതുവയസ്സു

വരെ എന്നു നീട്ടിയല്ലൊ. അപ്പോൾ മുപ്പതുവർഷം സുമാർ. അതിനകം നിങ്ങളുടെ പാർട്ടിയിൽ എന്തെല്ലാം സ്ഥിതിവ്യത്യാസങ്ങൾ സംഭവിക്കുന്നുവോ ആരറിഞ്ഞു?"

കമലോത്ഭവൻനായർ:–അതുകൊണ്ടു് അടുത്ത കാലംമുതല്ക്കുതന്നെ അങ്ങയുടെ സേവനം ഞങ്ങളുടെ പാർട്ടിക്കു സിദ്ധിക്കാൻ സംഗതിയാകട്ടെ.

ഗോപികാരമണമേനവൻ:-നിർബ്ബന്ധമെങ്കിൽ ഇപ്പോഴേ പണി രാജികൊടുത്തു വന്നേക്കാം.

കമലോത്ഭവൻനായർ:-അതു് ഏതായാലും വേണമെന്നില്ല. അങ്ങയുടെ നിപുണമായ സേവനം പലരൂപത്തിൽ ഇൻഡ്യ ആവശ്യപ്പെടുന്ന ഒരു ഘട്ടമാണിതു്. അതുകൊണ്ടു് രാജി കൊടുക്കണമെന്നല്ല ഞാൻ പറയുക. അങ്ങയുടെ ഔദ്യോഗികസേവനം, ഏററവും ഉന്നതമായ നിലയിൽ ഞങ്ങൾക്കു് സിദ്ധിക്കട്ടെ. നിങ്ങൾ രണ്ടുപേരുടെയും അഭ്യുദയകാംക്ഷിയായ ഒരു എളിയ സുഹൃത്തിൻെറ നിലയിൽ ഇങ്ങനെ ഒരാശംസയാണു് ഈ വിവാഹനിശ്ചയത്തെ അനുബന്ധിച്ചു് ഞാൻ ചെയ്യുക—വിദൂരമല്ലാത്ത ഭാവിയിൽ കേരളപ്രവിശ്യ ഉണ്ടാവും. അപ്പോൾ അതിൻെറ ഗവണ്ണർ. ഞങ്ങളുടെ പാർട്ടി അധികാരത്തിൽ വരുകയുംചെയ്യും. അങ്ങയുടെ ധർമ്മപത്നീപദസ്ഥാനികയായിരിക്കുന്ന ഈ മാന്യസോദരിതന്നെയായിരിക്കും ആദ്യത്തെ ക്യാബിനററു രൂപീകരിക്കുന്നതും.

ഭാരതി മന്ദസ്മിതംതൂകി. നായരുടെ ആശിസ്സിൽ അഭിനന്ദനം പ്രദർശിപ്പിച്ചു. എന്നിട്ടു പറഞ്ഞു: "ആ ക്യാബിനറ്റിൽ ഈ മാന്യസോദരൻകൂടെ അംഗമായിരിക്കുമെന്നുകൂടി ഞാൻ ഭാവനചെയ്യുന്നു."

ഗോപികാരമണമേനവൻ പൊട്ടിച്ചിരിച്ചു. എല്ലാവരും അദ്ദേഹത്തോടൊപ്പം ചിരിച്ചുരസിച്ചു. അപ്പോൾ കമലമ്മ പറഞ്ഞു: "ഞങ്ങൾ ഇതിനകം ഭാവനാലോകത്തു് എത്തിയിട്ടേ

ഉള്ളു. ഭാവനാലോലമായ ചിത്തത്തോടെ പലരും ഭാവനചെയ്യുമ്പോൾ ഉദ്ദിഷ്ടഫലപ്രാപ്തി താനേ സിദ്ധിക്കും. ബാലിശമല്ല ഈ അഭിപ്രായമെന്നു് അങ്ങു് ഉറപ്പായിരിക്കണം."

ഗോപികാരമണമേനവൻ:-പ്രഥമശ്രവണത്തിൽ ബാലിശമെന്നു തോന്നിപ്പോയേക്കാം പലക്കും. എന്നാൽ ജനകീയതയുടെ വിവിധസംഭവഗതികൾ ശരിക്കു ധരിച്ചുവച്ചിട്ടുള്ള എനിക്കു് പൂണ്ണബോദ്ധ്യം അക്കായ്യത്തിൽ. എൻെറ മനസ്സു് ഇപ്പോഴേ വെമ്പൽകൊണ്ടുതുടങ്ങി നിങ്ങടെ പുതിയ സ്റ്റേററിൻെറ ഗവണ്ണരായി വരാൻ. അപ്പോൾ ഒരു സാങ്കേതികസന്ദേഹമാണു് ഉദിക്കുക. മുഖ്യമന്ത്രിപദവും ഗവണ്ണരുടെ പത്നീപദവുംകൂടി ഒരേ വ്യക്തിക്കു വഹിക്കുവാൻ ഭരണഘടനാനിയമത്തിനകത്തു് സാങ്കേതികമായ വല്ല പ്രതിബന്ധവുമിണ്ടാവോ മിസ്റ്റർ നായർ?

കമലോത്ഭവൻനായർ:—അങ്ങനെ ഒരു സാങ്കേതികതടസ്സം ഒന്നും ഉള്ളതായി തോന്നിയിട്ടില്ല.

എല്ലാവരും ചിരിച്ചുതകത്തു.

# 19

## ദുഷ്ക്കമ്മങ്ങളുടെ ഫലം

അവരവരുടെ കമ്മങ്ങളുടെ ഫലം അവരവർ അനുഭവിച്ചേ മതിയാവൂ. സൽക്കമ്മങ്ങൾ ചെയ്യുന്നവർക്കു് സൽഫലങ്ങൾ അനുഭവമാകും. ദുഷ്കമ്മങ്ങൾ ചെയ്യുന്നവർ ദുരന്തംതന്നെ അനുഭവിക്കേണ്ടിവരും. അനവരതം ദുഷ്പ്രവൃത്തികൾ ചെയ്തു ജീവിക്കുന്ന ചില ആളുകൾക്കു് ഒരു മുട്ടന്യായവും മിഥ്യാധാരണയുമുണ്ടു്; ഇജ്ജന്മത്തെ പുണ്യപാപങ്ങളുടെ ഫലം അടുത്ത ജന്മത്തേ ഉണ്ടാവുകയുള്ളുവെന്നു്. പാപകമ്മങ്ങൾ പകൽ

മുഴവനും രാത്രിയിൽ ഉറക്കംവരുന്നതുവരെയും തുടരെ പ്രവൃത്തിച്ചിട്ട്, ഉറങ്ങുന്നതിനുമുൻപ് പശ്ചാത്താപപരമായ ഒരു പ്രാൎത്ഥന നടത്തിയെച്ചാൽ അന്നത്തേ പാപങ്ങൾക്കു പരിഹാരംവന്നുവെന്നുള്ള മിഥ്യാബോധത്തിൽ വ്യാപരിക്കുന്നവർ പലരുമുണ്ട്. എത്ര ഉഗ്രതരങ്ങളായ ദുർവ്യാപാരങ്ങൾ നടത്തിയാലും, അങ്ങനെ അനർഹമായി നേടിയ മുതലിൻെറ എത്രയും തുച്ഛമായ ഒരു അംശമെങ്കിലും അവരവർ വിശ്വസിക്കുന്ന ദേവാലയത്തിൽ ഒരു നേർച്ചയായോ വഴിപാടിനോ വിനിയോഗിച്ചാൽ പരിഹാരമായെന്നുള്ള ധാരണയോടുകൂടി അങ്ങനെ പ്രവർത്തിച്ച് ആശ്വാസംകൊള്ളുന്നവരുടെ സംഖ്യയും കുറഞ്ഞൊന്നുമല്ല. ന്യായമോ അന്യായമോ ആയ കാര്യസാദ്ധ്യങ്ങൾ അഭിലഷിച്ച് ഉപഹാരരൂപത്തിലോ കൈക്കൂലിയായോ ദേവസ്ഥാനങ്ങളിൽ വഴിവാടുകൾ നടത്തി ചാരിതാൎത്ഥ്യം കൊള്ളുന്നവരും ധാരാളം ഉണ്ട്. മനുഷ്യൻെറ ഐഹികങ്ങളായ സകല സൗഭാഗ്യങ്ങൾക്കും നിദാനമായ പ്രകൃതിയുടെ നിയന്താവായ പരാശക്തിയെ സ്മരിച്ചും കാമ്യവിഭവങ്ങൾ ആ പരബ്രഹ്മത്തിനായി ഭാവനയിൽ സമൎപ്പിച്ചും പൂജ നടത്തുന്നതിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വം ആദരണീയം തന്നെ. എന്നാൽ ആ ആദ്ധ്യാത്മികതത്ത്വത്തെ തെററിദ്ധരിച്ച് മനുഷ്യൻ നിത്യവും അധഃപതിച്ചുകൊണ്ടിരിക്കുകയാണ്.

വള്ളിയമ്മയും ഭർത്താവു ശശിധരൻനായരും ആദ്ധ്യാത്മികതത്ത്വങ്ങൾ തെററിദ്ധരിച്ചു മൃഗീയജീവിതം നയിച്ചുവരുന്ന രണ്ടു വ്യക്തികളാണ്. ദീർഘകാലമായി ദുർവ്യാപാരങ്ങൾ നടത്തി ആർജ്ജിച്ചുവരുന്ന സ്വത്തു വിനിയോഗിച്ചു നിരന്തരം കളവുമുതലുകൾ പണയമായും വിലയായും അല്പസംഖ്യമൂല്യം കൊടുത്തു വാങ്ങി സംഭരിച്ചും ന്യായവിരോധമായ പലിശ വാങ്ങി സ്വരൂപിച്ചും പൊതുജനവഞ്ചനയും ജനദ്രോഹവും നടത്തിവരവെ, അവർ നിയമത്തിന്റെ കക്ഷമുഷ്ടിയിൽ

KOTTAYAM.

അകപ്പെട്ടവാൻ തക്കതായ ഒരു സന്ദർഭമുണ്ടായി. പലേ മോഷണങ്ങളിലും പിടികിട്ടാതെ ഒളിവിൽ നടന്നിരുന്ന രണ്ടു കുററവാളികളെ വിദഗ്ദ്ധനായ ഒരു പോലീസ് ഉദ്യോഗസ്ഥൻ തേടിപ്പിടിച്ചു കസ്റ്റഡിയിലാക്കി. അവരെ റിമാൻഡിൽവച്ചു നടത്തിയ അന്വേഷണങ്ങളുടെ വെളിച്ചത്തിൽ വെളിപ്പെട്ടു, വള്ളിയമ്മയും ഭത്താവുമാണ് അവക്കു പ്രസ്തുത മോഷണങ്ങളിൽ പ്രേരണയും പിൻതുണയും നൽകിക്കൊണ്ടിരുന്നതെന്ന്. തന്നിമിത്തം പ്രസ്തുത കേസ്സുപ്രമാണിച്ചു വള്ളിയമ്മയെയും ശശിധരൻനായരെയും പോലീസുകാർ ബന്ധിച്ചു ലാക്കപ്പിലടച്ചു. അവരുടെ കൈവശത്തിൽവച്ചു തനതായി ഉപയോഗിച്ചുവന്നതും, അവർ ഗോപ്യമായി വിററുപോയതുമായ ആഭരണങ്ങളുടെയും മററുപലേ വെള്ളി, വെങ്കലഉരുപ്പടികളുടെയും തുമ്പുകിട്ടുകയാൽ അവയെല്ലാം തൊണ്ടിയായിഎടുക്കപ്പെട്ടു. കേസ്സു ഗൗരവമേറിയതാകയാലും തെളിവുകൾ വേണ്ടുവോളം ഉണ്ടായിരുന്നതിനാലും അവർക്കു ജാമ്യംപോലും നിഷേധിക്കപ്പെട്ടു. വള്ളിയമ്മയുടെ പ്രതാപകാലത്ത് അവളുടെ വസതികൂടെക്കൂടെ സന്ദശിക്കുകയും, അവളേയും ഭത്താവിനെയും താന്താങ്ങളുടെ മന്ദിരങ്ങളിലേക്കു ക്ഷണിച്ചുവരുത്തി സൽക്കരിക്കുകയുംചെയ്തു ചാരിതാത്ഥ്യംകൊണ്ടിരുന്ന പലരും ഇന്നവരെ അറിയുന്ന ഭാവംകൂടെ പ്രകടമാക്കാൻ സന്നദ്ധരായിരുന്നില്ല. തനിക്ക് ഇത്ര ദാരുണമായ ദുരനുഭവം ഉണ്ടാകുമെന്നു വള്ളിയമ്മ സ്വപ്നേപി നിനച്ചിരുന്നില്ല. പല മാന്യകുടുംബത്തിലെ സ്ത്രീപുരുഷന്മാരെസ്സംബന്ധിച്ചും, വിവാഹനിശ്ചയങ്ങൾ തകർക്കുവാൻ ഉദ്ദേശിച്ചും വള്ളീസദനത്തിൽനിന്നു കൂടെക്കൂടെ പ്രയോഗിക്കപ്പെട്ടുവന്ന വാറോലക്കുരമ്പുകളുടെ കാൎയ്യവും അന്വേഷണവിഷയമായി. അവയിലും വേണ്ടിടത്തോളം തെളിവുകൾ ലഭിച്ചുകഴിഞ്ഞു. ആ ദമ്പതികൾ പ്രതികളായുള്ള ഏഴു കേസ്സുകൾ ചാർജ്ജിൽവന്നു ഇതിനകം. വള്ളി

യമ്മയോടു വളരെക്കാലം പററിനിന്നു ജീവിച്ചുവന്ന ഒരു വ്യവഹാരകാര്യസ്ഥൻെറ പിൻതുണയോടുകൂടി എല്ലാ കേസ്സുകളിലും തക്കിച്ചുവെങ്കിലും കേസ്സുകൾ എല്ലാം ശിക്ഷയിൽ വന്നു. എല്ലാ കേസ്സുകളിലുംകൂടി അവർ രണ്ടുപേക്കും പതിന്നാലു സംവത്സരം കഠിനതടവും വലിയൊരുസംഖ്യ പിഴയും ശിക്ഷ ലഭിച്ചു. പിഴവകയ്ക്കായി അവരുടെ സകല സ്ഥാവരജംഗമങ്ങളും കോടതി ജപ്തിയിലെടുത്തു ലേലംചെയ്തു വസൂലാക്കി.

അപ്പീൽക്കോടതികളിലും അവർക്കു യാതൊരു രക്ഷയും കിട്ടാതെവന്നു. അവർ കിടന്നിരുന്ന ലാക്കപ്പിൽനിന്നു് അവരെ സെൻട്രൽജയിലിലേയ്ക്കു് മാററുന്നസമയം ഹൃദയസ്പൃക്കായ ഒരു സംഭവം നടന്നു. വള്ളിയമ്മ കിടന്നിരുന്ന സെൽ തുറന്നു് അവളെ പുറത്തിറക്കുവാൻവന്ന പോലീസുഭടനെ കണ്ടയുടൻ ആ സ്ത്രീ ആവേശഭരിതയായി ചോദിച്ചു: "മററാരുമല്ലല്ലൊ ഈ അവസരത്തിൽ വന്നതു്? അതൊരു വലിയ ചാരിതാർത്ഥ്യം."

പോലീസുഭടൻ തടവുകാരിയെ സൂക്ഷിച്ചുനോക്കി.

"എന്നെ പരിചയമുണ്ടോ? ഞാൻ നിങ്ങളെ അറിയുന്നില്ലല്ലൊ. ഇന്നു പുതുതായി ഇങ്ങോട്ടു മാറിവന്നതേയുള്ളു. ആരാ? ഏതാ?" എന്നു് അയാൾ.

"ഇവൾ മറക്കുകയില്ല നിങ്ങളെ ഇജ്ജന്മം. ഈ ഭാഗ്യഹീനയെ മറന്നുപോയി. അതു് അത്ഭുതമല്ല." എന്നു വള്ളിയമ്മ.

ഭടൻ വീണ്ടും ആ സ്ത്രീയെ സൂക്ഷിച്ചുനോക്കി. എന്നിട്ടു് പറഞ്ഞു: "ഓഹോ! എൻെറ കമ്പേനി! നിന്നെ ഈ നിലയിലോ കാണുക! പണ്ടത്തെ നിറവും തേജസ്സും ഓജസ്സും, ആ മുഖവുംതന്നെ മാറിപ്പോയല്ലോ. എന്തുപറ്റി ഇങ്ങനെയൊക്കെ സംഭവിക്കാൻ?"

അവൾ:—അതൊക്കെ വളരെ പറയാനുണ്ടു്. ഇപ്പോൾ

സാവകാശമില്ലല്ലോ. പോലീസിൽ ചേൻനിട്ട് എത്ര കൊല്ലമായി?

ഭടൻ:-ആ നാടകക്കമ്പനി ഉലഞ്ഞുപോയല്ലൊ. പിന്നീട്ട നേരേ പോലീസിൽ ചേൻ. ദൈവാധീനംകൊണ്ടു് ഇപ്പോൾ ഒന്നാംഗ്രേഡായി. അടുത്തുതന്നെ എച്ച്. സി. വേല കിട്ടാനും ഇടയുണ്ടു്. അന്നു ഞാൻ കേണപേക്ഷിച്ചില്ലേ എൻെറകൂടെപ്പോരാൻ? എത്ര മാനമായി കഴിഞ്ഞുകൂടാമായിരുന്നു! ഈ അകപ്പാട്ട് ഒന്നും പററുകയുമില്ലായിരുന്നു.

അവൾ:—എന്തുപറയുന്നു? വരാനുള്ളതു വഴിയിൽ തങ്ങുമോ? ആകട്ടെ, വിവാഹംകഴിച്ചോ?

ഭടൻ:-അക്കാര്യമൊക്കെ എന്തിനിനി ആലോചിക്കുന്നു? ഏതായാലും വളരെ ദുഃഖമുണ്ടു് ഈ കാഴ്ച കാണാൻ.

ആർദ്രചിത്തനായ ആ ഭടൻെറ നേത്രങ്ങളിൽ ബാഷ്പം നിറഞ്ഞു വഴിഞ്ഞൊഴുകി. വള്ളിയമ്മയും കണ്ണീരൊഴുക്കി. ഗൽഗദവാണികളിൽ, മുൻപ്രണയാവസ്ഥയെപ്പററി ചിലതെല്ലാം പുലമ്പി. അയാൾ പോക്കററിൽനിന്നു തുവാലയെടുത്തു, കൂട്ടുകാർ കാണുംമുൻപേ കണ്ണീർതുടച്ചു. എന്നിട്ട് ഉടുപ്പിൻെറ ഉള്ളിലുള്ള അരപ്പട്ടയിൽനിന്നു് ഒരു പത്തുരൂപാനോട്ടെടുത്തു് അവളുടെ കൈയിൽ കൊടുത്തിട്ട പറഞ്ഞു: “ഇത്രയുംഒക്കെയേ എന്നാലാവൂ ഇപ്പോൾ. നാംതമ്മിൽ പൂർവ്വപരിചയം ഉണ്ടെന്നുപോലും നിങ്ങൾ, ദയവായി, ആരോടും പറയരുതു്. ഏതായാലും എൻെറ കണ്മണിയെ ഞാൻ ഒരിക്കലും മറക്കുകയില്ല. സ്വാതന്ത്ര്യദിനംപ്രമാണിച്ചു കുറെ പുള്ളികളെ വിലങ്ങുവെട്ടിവിടുക പതിവുണ്ടു്. അടുത്ത സ്വാതന്ത്ര്യദിനത്തിനു് ഇനി വളരെ മാസങ്ങൾ ഇല്ല. യോഗമുണ്ടെങ്കിൽ നിങ്ങൾക്കും ഭർത്താവിനും പുറത്തുവരാം അങ്ങനെ. ജയിലിൽച്ചെന്നാൽ വളരെ മര്യാദയായും യോഗ്യതയായും ജീവിക്കണം. ഇപ്പോഴത്തെ സൂപ്രണ്ടദ്ദേഹം വളരെ യോഗ്യനും കണിശക്കാ

രനുമാണു്. അദ്ദേഹത്തിനു ദയതോന്നിയാൽ തക്കസമയത്തു നിങ്ങടെ പേരും ശുപാർശപ്പട്ടികയിൽ ചേക്കാതെ ഇരിക്കയില്ല."

"ഈശ്വരൻ അനുഗ്രഹിക്കട്ടെ!" എന്നുമാത്രം വള്ളിയമ്മ ഗൽഗദവാണികളിൽ പുലമ്പി.

# 20

## പിറേറന്നാഠം രാത്രി

വിവാഹനിശ്ചയംനടന്നതിൻെറ പിറേറന്നാൾ മന്ത്രിയും ചെമ്പകക്കുട്ടിഅമ്മയും ഒരു അടുത്ത ബന്ധുഗൃഹത്തിലെ വിവാഹംപ്രമാണിച്ചു ദൂരസ്ഥലത്തേയ്ക്കു യാത്രപുറപ്പെടേണ്ടിവന്നു. അന്നു പകലും രാത്രിയും ഭാരതിക്കു കൃത്യബഹുലമായ ഒരു പരിപാടി ആയിരുന്നു.

കമലോത്ഭവൻനായരുമൊത്തു് ഒരേ കാറിൽത്തന്നെ ആ യുവതി സഞ്ചരിച്ചു്, വിവിധപ്രദേശങ്ങളിലായി നാലിൽപ്പരം പ്രചരണയോഗങ്ങളിലും ഗ്രാമീണപുനരുദ്ധാരണമരാമത്തുകളിലും സംബന്ധിച്ചു. അങ്ങനെ പകൽ മിക്കവാറുംസമയവും, രാത്രിയിൽ ആദ്യത്തെ യാമവും ക്യാമ്പുകളിലായി കഴിച്ചുകൂട്ടിയശേഷം വിശ്രമാത്ഥം, നിശയുടെ രണ്ടാംയാമമായതോടുകൂടി ടാജ്ഹോട്ടലിൽ ചെന്നെത്തി.

സ്നാനാദിചടങ്ങുകൾ നിവ്വഹിച്ചശേഷം അവർ രണ്ടുപേരും ഭക്ഷണത്തിനു് അടുത്തടുത്തു് ഓരോ കസാലകളിലായി ഒരേമേശയ്ക്കുസമീപം ഇരിപ്പായി. ആവശ്യമുള്ളേടത്തോളം വിഭവങ്ങൾ ഭോജ്യപരിപാടിയനുസരിച്ചു മേശപ്പുറത്തു പകൎന്നു് പലതരം പ്ലേറ്ററുകളിലും കപ്പുകളിലും ആയി നിറച്ചു നിരത്തിവച്ചിട്ടു് ബായി അവിടെനിന്നു നിഗ്ഗമിച്ചു. ഭാരതി

ത്തന്നെ, കമലോത്ഭവൻനായക്കു യഥേഷ്ടം വിളമ്പിക്കൊടുത്തും, രണ്ടുപേരുംകൂടി ഒരേ പാത്രത്തിൽനിന്നു് ഭക്ഷിച്ചും അനേകം മണിക്കൂറുകൾകൊണ്ടാണു് ആ ഡിന്നർ പൂർത്തിയാക്കിയതു്.

ഒരു കഷണം മത്സ്യംപൊരിച്ചതു് എടുത്തു ഭാരതി പ്രേയാന്റെ വായിലേയ്ക്കു വച്ചുകൊടുക്കും. ആ പ്രണയധീരൻ അതിൻെറ പകുതി ഉള്ളിലാക്കി മുൻദന്തനിരകളിൽ കടിച്ചുപിടിക്കും. പ്രേയസി സോല്ലാസം ആ അർദ്ധാംശം തൻെറ കോമളദന്തപങ്ക്തികളാൽ കടിച്ചെടുത്തു് ആസ്വാദിക്കും. ഒരുകഷണം നാരങ്ങായെടുത്തു കാമുകൻ പ്രണയിനിയുടെ ആസ്വാദ്യാധരങ്ങളുടെ ഇടയിലേയ്ക്കു തിരുകിക്കൊടുക്കും. ഒരു സ്പൂൺ സാലഡ്എടുത്തു കാമിനി കാമുകൻെറ വദനകുഹരത്തിലേയ്ക്കു പകരുകയായി. ഒരു കപ്പു നിറയെ പാൽപ്രഥമനെടുത്തു് അർദ്ധാംശം ഭാരതി കുടിച്ചിട്ടു ബാക്കി പ്രണയിതാവിൻെറ അധരങ്ങളിലേയ്ക്കു നീട്ടിക്കൊടുക്കും. ഒരുരുള ചോർ സാമ്പാറിൽ മുക്കി, ആ ശൃംഗാരദേവി വത്സൻെറ വായിലേയ്ക്കു് അപ്പിച്ചു് ഊട്ടും, അടുത്ത നിമിഷത്തിൽ.

ഇങ്ങനെയുള്ള വിവിധപ്രണയചാപല്യങ്ങളുടെ ഒരു പ്രദർശനരംഗമായിത്തീന്നു, കുറേനേരത്തേയ്ക്കു് ആ മുറി.

ഭക്ഷണം പൂർത്തിയാക്കി ആ രഹസ്യവധൂവരന്മാർ എഴുന്നേററു ക്ഷാളനശുദ്ധിവരുത്തി മേശമണി ഒന്നമർത്തി. അപ്പോൾ നാലു ബാലപരിചാരകന്മാർ ഓടിവന്നു് ഉച്ഛിഷ്ടങ്ങൾ നിറഞ്ഞ പ്ലേററുകളും മററും എടുത്തുമാററി അവിടം തുടച്ചു വെടുപ്പുവരുത്തി. അതിനിടയ്ക്കു മറെറാരു സരസബാലൻ ഞെട്ടറുക്കാത്ത ഒരുപടലപ്പഴം ഒരു മനോഹരമായ പ്ലേററിൽ കൊണ്ടുവച്ചു. മറെറാരുവൻ രണ്ടു സ്ഫടികടംബ്ളർ നിറച്ചു ശീതളപാനീയവും ഓരോ തുണനാളികയുംഹാജരാക്കി. മൂന്നാമൻ ഒരുടിൻ സിഗററും ഒരു തീപ്പെട്ടിയും ഒരു ആഷ്ട്രേയും

കൊണ്ടുവന്നു നിരത്തി. അനന്തരം മന്ദസ്മിതത്തോടെ ഉപചാരംചെയ്തു് അവർ അവിടംവിട്ടു പുറത്തേയ്ക്കുപോയി.

പഴം ഓരോന്നായി തൊലി ഉരിച്ചു് ആ പ്രണയചോരർ പരസ്പരം ഭക്ഷിപ്പിച്ചു് ആനന്ദസമുദ്രത്തിൽ മുഴകിയും പൊങ്ങിയും, മിനിററുകൾ പലതു്, നിമേഷങ്ങൾക്കൊപ്പം പ്രേമവിഭ്രമത്തിൽ അതിക്രമിച്ചു് ആവേശപുളകംപൂണ്ടു. അനന്തരം സിഗററുകത്തിച്ചു പരസ്പരം ഉപചരിച്ചു.

അത്താഴത്തിൻെറ അവശേഷപരിപാടി ഏതാണ്ടിമ്മട്ടിൽ സമാപനമായെന്നുകണ്ടു് ഔചിത്യബോധമുള്ള ബായികൾ രണ്ടുപേർ ശയ്യാഗൃഹവിധാനങ്ങളുംപേറി അവിടെ ആഗമിച്ചു. അലക്കിത്തേച്ചു മോടിപിടിപ്പിച്ച മെത്തവിരിപ്പുകൾ, കുട്ടിക്കുറാപൗഡർ പേടകങ്ങൾ, പരിമളമേറിയ പാരീസ്സു യൂഡികൊളോഞ്ഞു്, പാരസീകരീതിയിലുള്ള പനിനീർ സ്പ്രേയർ, കമനീയങ്ങളായ രണ്ടു ചകലാസുകൾ, കുറേ കിസ്മിസ്സു നിറച്ച രണ്ടു ഗ്ലാസ്തട്ടങ്ങളും ഒരു ജഗ്ഗിൽ ചെറുചൂടുള്ള പാലും, രണ്ടു സ്ഫടികക്കിണ്ണങ്ങളും, ഇവയെല്ലാംപുറമേ, അഭിജ്ഞരും അനഭിജ്ഞരുമായ ആധുനിക യുവതീയുവാക്കന്മാർ സകൗതുകം സ്വാഗതം അരുളിവരാറുള്ള അരഡസനോളം പാരസീക ചർമ്മസുഖാനന്ദനും ഉൾപ്പെടെ വിവിധങ്ങളായ ശയ്യാഗൃഹസുഖസാധനങ്ങൾ അവർ അവിടെ ഹാജരാക്കി; അതിഥികൾ കുതൂഹലചിത്തരായി മന്ദസ്മിതംതൂകി. വിനയസങ്കോചസ്ഫുരണം തുളുമ്പുന്ന മന്ദഹാസത്തോടേ ആ ബഹുമാന്യസഹകാരികളേ വന്ദിച്ചു് അന്നത്തേ രാത്രിക്കു നയകോവിദരായ ആ ഭൃത്യവർഗ്ഗം വിടവാങ്ങി.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# 21

## ഭാസിയുടെ സന്ദേശം

ടാജ്‌മഹലിൽനിന്നു്, പിറേറദിവസം രാവിലെ ഏഴര മണിക്ക് ഭാരതി വസതിയിൽ എത്തി. അപ്പോഴും അച്ഛനും അമ്മയും മടങ്ങിവന്നിരുന്നില്ല. മഹാനസകായ്യവിചാരം ഭാസിയും ഭൃത്യവൎഗ്ഗങ്ങളും മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു.

ഭാരതിയുടെ കാർ പൗച്ചിൽ വന്നപ്പോഴേയ്ക്കു ഭാസി അവിടെ ഓടിച്ചെന്നു ബാഗുകൾ എടുത്തു് അകത്തേയ്ക്കു കൊണ്ടുപോയി കൊച്ചുകൊച്ചമ്മയുടെ മുറിയിൽ മേശപ്പുറത്തുവച്ചു. പിന്നീടു് അവൻ കാഫിയും പലഹാരങ്ങളും എടുത്തു് മുറിയിൽ വീണ്ടും വന്നുചേൎന്നപ്പോഴേയ്ക്കു് ഭാരതി വസ്ത്രങ്ങൾമാറി, കുളിമുറിയിൽപോയി മടങ്ങിവരവായി.

നിസ്സൎഗ്ഗമായ ഒരു മന്ദസ്മിതത്തോടേ ഭാസി പറഞ്ഞു: “കൊച്ചുകൊച്ചമ്മാ! കാഫികുടിക്കണം, ഇനിയെങ്കിലും; എല്ലാം ആറിത്തണുത്തു് അറുംപാങ്കമായി.”

ഭാരതി കാഫികുടിക്കുവാൻ തുടങ്ങി; അതിനിടയ്ക്കു ചോദിച്ചു: “എന്തൊക്കെയാ ഭാസീ! വിശേഷം ഒന്നുമില്ലല്ലോ ഇവിടെ?”

“കൊച്ചുകൊച്ചമ്മയ്ക്കു് അകത്തേകായ്യം ഒന്നും അന്വേഷിക്കാൻ നേരമില്ലല്ലോ. ഇങ്ങനെ രാവു പകലാക്കി കാറിൽ കേറി ഓടിച്ചാൽമതിയല്ലോ,” എന്നവൻ.

“എന്തെടേ! നീ അമ്മാവിഅമ്മയേപ്പോലെ കുററടി പറയുന്നതു്?”, എന്നു ഭാരതി പുഞ്ചിരിച്ചുകൊണ്ടു് അവനോടൊരു പ്രശ്നം.

“ദൈവങ്ങടെ നേരുകൊണ്ടു് ഒരു അമ്മാവിഅമ്മ വരാറായല്ലൊ. ഇനി ഈ ദേശാന്തരിനടപ്പിനു് ഒരറുതിവരാതൊക്കുമോ?” എന്നു് അവൻ.

ഭാരതി ഗൗരവസ്വരത്തിൽ ചോദിച്ചു: "എന്തെടേ? നീ എന്തു വിചാരിക്കുന്നു? ഞാൻ അമ്മാവിഅമ്മയുടെ കീഴിൽ കിടക്കാനോ പോവുന്നതു്?"

ഭാസി:-വേണ്ട. വേണ്ട. കൊച്ചുകൊച്ചമ്മ കീഴിൽകെടക്കണമെന്നു് ആരെങ്കിലും പറഞ്ഞോ? മുകളിൽ—മാളികപ്പുറത്തുതന്നെ കിടന്നാൽമതി. യോഗമുണ്ടല്ലൊ അതിനിന്നു്? ആ യജമാനൻ തങ്കക്കൊടം.

ഭാരതി പൊട്ടിച്ചിരിച്ചു: "ആകട്ടെ, നിനക്കു ബോധിച്ചോടാ ആ യജമാനനേ!"

"ഓഹോ! പത്തുവട്ടം. എങ്കിലും—" ഭാസി ആ വാചകം പൂർത്തിയാക്കാതെ അർദ്ധോക്തിയിൽ വിരമിച്ചു.

ഭാരതി സകൗതുകം ചോദിച്ചു: "എന്തെടേ, നിനക്കൊരു ഇതു്? എന്താ ആ യജമാനനിൽ വല്ല കുറവും കണ്ടോ?"

ഭാസി:-കൊള്ളാം! ദൈവം പ്രസാദിച്ചിരിക്കുന്ന നല്ലയാളുകൾ! എന്തൊരു കുറവാ അവിടുത്തേയ്ക്കു്. എങ്കിലും ഭാസി തുറന്നു പറഞ്ഞേക്കാമല്ലൊ. കൊച്ചുകൊച്ചമ്മ അരിശപ്പെട്ടാലും തരക്കേടില്ല.

ഭാരതി പ്രസന്നവദനയായിട്ടു്: "എന്തെടേ! കാര്യം തുറന്നു പറ. ഒന്നും പേടിക്കേണ്ട."

ഭാസി:-ങ്ഹ! അതു് ഇതുവരെ മനസ്സിലായില്ലേ? കൊച്ചുകൊച്ചമ്മേപ്പോലെതന്നെ ഒന്നും പേടിക്കുന്ന കൂട്ടത്തിലല്ല ഭാസിയും. ഭാസിക്കു ബോധിച്ചയാൾ നമ്മുടെ യജമാനൻതന്നെയാ.

ഭാരതി:-അതാരെടേ! അച്ഛനോ?

ഭാസി:-ഛേയ്, അതെങ്ങനെ കൊച്ചമ്മാ! നമ്മുടെ യജമാനൻ. കൊച്ചുകൊച്ചമ്മേടെ—

ഭാരതി:-(കോപാവേശത്തോടെ) ഛീ! അധികപ്രസംഗീ!

എന്തുപറഞ്ഞു? വരട്ടെ അച്ഛൻ ഇവിടെ. നിനക്കു ധിക്കാരം നന്നേ മൂഴുത്തുപോയി.

ഭാസി:—കൊച്ചമ്മ ഇത്ര അരിശപ്പെട്ടാലെങ്ങനെയാ, മൂഴവൻ വായീന്നു് എട്ടക്കംമുമ്പേ? കൊച്ചമ്മേടെ പാർട്ടീലെ ആ കമലോത്ഭവൻയജമാനൻെറ കാര്യമല്ലേ പറയാൻ തുടങ്ങിയതു്. അതു മുഴപ്പിക്കംമുൻപേ കൊച്ചുകൊച്ചമ്മ ഇങ്ങനെ കേറി കഴുത്തിനു പിടിയിട്ടാലെങ്ങനെയാ?

ഭാരതി:—ആകട്ടെ. പോവട്ടെ ഭാസീ. ആ അങ്ങുന്നിനെയാണോ നിനക്കു കൂട്ടതൽ പിടുത്തം.

ഭാസി:—അങ്ങനെയല്ല്യോ പരമാത്ഥം. ആലോചിച്ചു നോക്കണം. ഇപ്പോ വന്ന യജമാനനെക്കാളും ആ നമ്മുടെ പഴയ യജമാനനല്ലേ എല്ലാംകൊണ്ടും മിട്ടമിട്ടക്കൻ! ഹാ! എന്തൊരു തുട്ടുതുട്ടപ്പൻ ആ യജമാനൻ. എന്തൊരഴകു്!

ഭാരതി ചിരിച്ചു. ആ യുവതി മറുപടി ഒന്നും പറഞ്ഞില്ല. കൊച്ചമ്മയുടെ മൗനഭാവംകണ്ടു ഭാസി പുഞ്ചിരിക്കൊണ്ടു.

ഭാരതി:—എന്തെടേ ഭാസീ, നീ പുഞ്ചിരിയിടുന്നതു്?

ഭാസി:-ഒന്നുമില്ല്യ പൊന്നുകൊച്ചമ്മാ! ഭാസിയുടെ സന്തോഷം. കൊച്ചുകൊച്ചമ്മ മുഖ്യമന്ത്രിയാകുമ്പോ ആ യജമാനൻ മന്ത്രിയുമാകും. അങ്ങനെയാ എല്ലാരും പറയുന്നതു കൊച്ചമ്മാ! ഇന്നലെ ഇവിടെ ആ ദ്രൗപതിഅക്കൻ വന്നിരുന്നു. കൊച്ചുകൊച്ചമ്മേ കാണാൻ. അവരും പറയുന്നതു കേട്ടു, ഏതാണ്ടൊക്കെയോ പവതിപ്പിള്ളയോട്ടു്.

ഭാരതി:—ഏതു ദ്രൗപതിഅമ്മയെടേ?

ഭാസി:-ആ ദ്രൗപതിഅക്കനേ!—ആ ദ്രൗപതിഅക്കൻ. കറുത്തുതടിച്ച ആ പൊണ്ണത്തടിച്ചി അക്കൻ.

ഭാരതി പൊട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു: "ഏതു് അക്കനെടേ അതു്? നിൻെറ വർണ്ണന കൊള്ളാമല്ലൊ."

ഭാസി:—അവരെടെ വീട്ടുപേരു ഭാസിയുടെ നാവിൻെറ

അററത്തുതന്നെ ഇരിക്കുന്ന പൊന്നുകൊച്ചമ്മാ. അവരേ! ആ നെട്ടയാൻ വക്കീലദ്ദേഹത്തിൻെറ ഭാൎയ്യ.

ഭാരതി ചിരിച്ചു വിഷമിച്ചു. ആ സാധ്വി പറഞ്ഞു: "നീ ഇങ്ങനെ തുടങ്ങിയാൽ വിഷമിക്കുകയേ ഉള്ളൂ. ഭാസീ! എത്ര കട്ടയന്മാരും നെട്ടയന്മാരും വക്കീലദ്ദേഹങ്ങൾ ഉണ്ടിവിടെ. അവരുടെ ഭാൎയ്യമാരും അനവധി—തടിച്ചവരും, മെലിഞ്ഞവരും. ഞാനെങ്ങനെ അവരെയെല്ലാം അറിയുന്നു ഭാസീ. അദ്ദേഹത്തിൻെറ പേരറിയാമെങ്കിൽ പറ. ആരുടെ ഭാൎയ്യയെന്നു പറഞ്ഞാൽ മനസ്സിലാകും.

ഭാസി:-അതു തീൎത്തുപറയാൻ ബഹുപണി കൊച്ചമ്മാ. അവരുണ്ടല്ലോ ആ അക്കൻ. അവൎക്കു കൊച്ചമ്മേ കാണണമെന്നു പറഞ്ഞു. കൊച്ചമ്മ സൎക്യൂട്ടാണെന്നു ഞാനും പറഞ്ഞു. എപ്പോ മടങ്ങിവരുമെന്നു കേട്ടു. 'എളുപ്പം മടങ്ങാൻ എടയില്ല. അസ്സാരം കട്ടിയാ പ്രോഗ്രാം. പുറമേയാ. സിററിയിലല്ല', എന്നും പറഞ്ഞുകൊടുത്തു. എന്നിട്ടും അവർ ഉടനെ പോയില്ല.

ഭാരതി:– എടാ! വിഡ്ഢീ! എന്തിനെടാ നീ ആവശ്യമില്ലാതോരോന്നു പറയുന്നതു വരുന്നവരോടെല്ലാം? ആകട്ടെ, നീ വല്ല സൽക്കാരവും ചെയ്തോ?

ഭാസി:—അല്ലാതെ വെറുതേ വിടുമോ ഭാസി? വേണ്ടവിധമൊക്കെ സൽക്കരിച്ചേ വിട്ടൊള്ളൂ.

ഭാരതി:—വല്ല കാപ്പിയോ പലഹാരമോ ഒക്കെ കൊടുത്തയച്ചതു നന്നായി.

അപ്പോൾ ഭാസി തുടൎന്നു: "അവരു ഒരു കാൎയ്യവശാൽക്കൂടെയാ വന്നതു്. അവൎക്കു് ഒരു മകനുണ്ടു്—ഒരു ശിമിളൻ. അയാൾക്കു ദൂരെഎവിടെയോ ആണു് പണി. ഇവിടെ നാട്ടിൽ നല്ല ഒരു പണിവേണം. അതിനു കൊച്ചുകൊച്ചമ്മ വലിയകൊച്ചമ്മയോടു പറഞ്ഞു് വലിയ യജമാനനോടു പറയിച്ചു് ഒരു വഴി തെളിച്ചുകൊടുക്കണം."

ഭാരതി:—ഓഹോ! ആൾ മനസ്സിലായി ഇപ്പോൾ. അവരു പവതിപ്പിള്ളയുമായി എന്തൊക്കെ പറഞ്ഞെടേ? വല്ലതും അറിഞ്ഞോ നീയ്?

ഭാസി:—അങ്ങനെവരട്ടെ. ആരുടെ ഭാൎയ്യയാ അവരു്?

ഭാരതി:—നീ ഉദ്ദേശിക്കുന്ന ആളാരോ ആ ആളിൻെറതന്നെ. ആണുങ്ങൾ എല്ലാം നല്ലവർ. പെണ്ണുങ്ങളാണു വിഷമം പിടിച്ചവർ. അവർ അടുത്താൽ നുണയായി—ഏഷണിയായി. രസമില്ലെന്നുതോന്നിയാൽ പത്തു നുണയും പത്തു് ഏഷണിയും പത്തു് അപവാദവും പുറത്തുവിടാതെ ഉറങ്ങാറില്ല. എന്തൊരു കഷ്ടം! ആ വള്ളിയമ്മയുണ്ടല്ലൊ—അവളുടെ ഉററചങ്ങാതിയാ ഈ സ്ത്രീ.

ഭാസി:—എൻെറ കൊച്ചമ്മോ! ഇക്കാൎയ്യം നേരത്തേ അറിഞ്ഞില്ലല്ലൊ. ഒന്നു കളിയാക്കി വിട്ടേനെ.

ഭാരതി:—ഛേയ്! അതൊക്കെ നമുക്കു ചേൎന്നതാണോ? ആരു വീട്ടിൽവന്നാലും ബഹുമാനിച്ചു പറഞ്ഞയയ്ക്കുണം. നാളെ അച്ഛൻ മന്ത്രിയല്ലെങ്കിൽ ഈ പദവിയൊക്കെ എവിടെ കിടക്കും? നിനക്കറിയാമോ അതു്?

ഭാസി:—എങ്കിലും തേടിവച്ചതൊന്നും ആരും എടുത്തുകളയുകയില്ലല്ലൊ, കൊച്ചമ്മ! വീട്ടിൽ സുഖമായിട്ടു് ഊണുംകഴിച്ചു ഞെളിഞ്ഞിരിക്കാമല്ലൊ. പിന്നെന്തുവേണം? ആ ദ്രൗപതിയക്കൻ അത്രയ്ക്കുകേറി മുക്കാമോ? പവതിപ്പിള്ള എന്നോടു പറഞ്ഞു, വലിയ കുറുമ്പുകാരിയാ ആ പെൺപിറന്നവരെന്നു്. നൊണയും കുണ്ടണിയുംകൊണ്ടു നടക്കുന്ന കൂട്ടം. ഏതായാലും അവരുടെ മോനു് എന്തെങ്കിലും നല്ല ഒരുപണി കൊടുപ്പിച്ചേക്കണം കൊച്ചമ്മ! അല്ലെങ്കിൽ തരംനോക്കി ഇരുന്നു നൊണയും കുണ്ടണിയും പറഞ്ഞുപരത്തിയേക്കും അവരു്.

ഭാരതി:—ആകട്ടെ. അച്ഛൻവരട്ടെ. പറഞ്ഞുനോക്കാം.

ഭാസി:—വലിയങ്ങുന്നിനു ഭാസിയെ എന്നും അടുക്കള

ത്തൊഴിലിൽത്തന്നെ ഇട്ടു നരകിപ്പിക്കണമെന്നാ. കൊച്ചുകൊച്ചമ്മ മന്ത്രിണിയാകുമ്പോഴെങ്കിലും ഭാസിയെ ഒന്നു കരകേറ്റിവിടണേ.

ഭാരതി ചിരിച്ചുകൊണ്ടു ചോദിച്ചു: "അതെന്തടേ? ഇവിടെ സുഖമല്ലേ നിനക്കു്?"

ഭാസി:–എങ്കിലും ഒരു സർക്കാർപണിയില്ലെങ്കിൽ ആരും ഗൗനിക്കുകയേ ഇല്ല കൊച്ചമ്മാ! കൊച്ചമ്മയ്ക്കുതന്നെ അറിഞ്ഞുകൂടേ? വക്കീലങ്ങത്തമാരേക്കാൾ ജനങ്ങൾക്കു ബഹുമാനം ജഡ്ജിയോടും മജിസ്ട്രേട്ടിനോടും മററുമല്ലേ? 'ഉത്തരവു്,' 'യജമാനനേ,' 'ഉത്തരവായാ,' 'ബോധിപ്പിച്ചു്' എന്നെല്ലാം പറഞ്ഞു ശിപായിമാരും ഗുമസ്താക്കളും, എത്രയെത്രപേർ മററുള്ളവരും ഓടിനടക്കുന്നു.

ഭാരതി:–നീ പറയുന്നതു ശരിതന്നെ ഭാസി. നമ്മുടെ ജനങ്ങളുടെ സ്ഥിതി അത്ര മോശമാണു ഭാസി. ആദ്യകാലങ്ങളിൽ പഠിപ്പുള്ളവർ വളരെ കുറവായിരുന്നു. സാമാന്യം പഠിപ്പുള്ളവർക്കെല്ലാം നല്ല ഉദ്യോഗങ്ങൾ കൊടുക്കുകപതിവായി. അങ്ങനെ അവർക്കു ജനങ്ങളുടെയിടയിൽ കൂടുതൽ മതിപ്പും ബഹുമാനവും സിദ്ധിച്ചു. പഠിപ്പുള്ളവരുടെസംഖ്യ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും ജനങ്ങളുടെ ഉദ്യോഗഭ്രമവും ഉദ്യോഗസ്ഥന്മാരുടെ മേന്മയും വർദ്ധിച്ചുതന്നെ വരുന്നു. ഉദ്യോഗങ്ങൾ മോഹിക്കുന്നവരാണു് ജനങ്ങളിൽ അധികംപേരും. ആ നിലയ്ക്കു് ഇങ്ങനെയൊക്കെ നിലനിൽക്കാനേ തരമുള്ളു. ഇപ്പോൾ മനസ്സിലായോ?

ഭാസി തലകുലുക്കിക്കൊണ്ടു പറഞ്ഞു: "മനസ്സിലായി കൊച്ചമ്മാ, നല്ലോണം മനസ്സിലായി. അതുകൊണ്ടുതന്നെയാ ഭാസിക്കു നിർബ്ബന്ധം ഒരു ഉദ്യോഗം കൂടിയേതീരു എന്നു്."

ഭാരതി പൊട്ടിച്ചിരിച്ചു. "മനസ്സിലായി. മനസ്സിലായി. വാലല്ലാത്തതെല്ലാം അളയിലായി, അല്ലേ?" എന്നു് ആ തരുണി ചോദിച്ചു.

"അതേ; കൊച്ചമ്മ അങ്ങനെയാണല്ലോ!" എന്നു് അവ നും ജല്പിച്ചു.

## 22

### വള്ളിയമ്മയുടെ മോചനത്തിനു്

"അവിട്ടത്തേക്കു് ഇത്ര അലിവില്ലാതെപോയല്ലോ! അവിടത്തെ കണ്മണിയാണു വള്ളിയെന്നല്ലേ അവളെയും അവളുടെ അമ്മയേയും എന്നെ ഏല്പിച്ചപ്പോൾ പറഞ്ഞതു്? ആ വാക്കിനു് ഇത്ര വിലയില്ലാതെവരുമെന്നു ഞാൻ സ്വപ്നത്തിൽപ്പോലും നിനച്ചിരുന്നില്ല," എന്നിങ്ങനെ വള്ളിയമ്മയുടെ അച്ഛൻ പരമുപിള്ള തൻെറ മുമ്പിൽ ചാരുകസാലയിൽ കിടക്കുന്ന വയോധികനോടു പറഞ്ഞു അദ്ദേഹം ഒരു റിട്ടയാർഡ് ഉദ്യോഗസ്ഥനാണു്. ആഭിജാത്യംകൊണ്ടും, ഉണ്ടായിരുന്ന ഉദ്യോഗത്തിൻെറ പ്രൗഢികൊണ്ടും, ബന്ധുബലംകൊണ്ടും ഇന്നു് അദ്ദേഹം ലോകദൃഷ്ടിയിൽ ഒരു മാന്യൻെറ നിലയുള്ള ആളാണു്. പരമുപിള്ളയ്ക്കു് ഒരു വസ്തുത നല്ല ബോദ്ധ്യംതന്നെ. ഭാര്യാപുത്രാദികളോടൊന്നിച്ചു് അദ്ദേഹം താമസിക്കുന്ന ബംഗ്ലാവിൻെറ സ്വീകരണമുറിയിൽവച്ചാണു് അയാൾ ഇങ്ങനെ ഭർത്സനരൂപത്തിൽ ഭള്ളുവാക്കുകൾ ജല്പിച്ചതു്. ആഗതൻെറ മുഖത്തുനിന്നു പുറപ്പെട്ട കണ്ണുകഠോരങ്ങളായ വാക്കുകൾ സാമാന്യം ഉച്ചത്തിലായിരുന്നതിനാൽ കുടുംബാംഗങ്ങൾ ആരെങ്കിലും സമീപത്തെങ്ങാനും ഉണ്ടോയെന്നു നാലുചുറ്റും പരിഭ്രമത്തോടുകൂടി നോക്കിക്കൊണ്ടു്, രണ്ടു കണ്ണുകളും കരതലങ്ങളാൽ പൊത്തിപ്പിടിച്ചിട്ടു് അദ്ദേഹം പറഞ്ഞു: "ഹേയ്! പരമൂ! എന്തൊരു വർത്തമാനമാ ഇതു്! നീ എവിടെയാ? ഇത്ര മതിമറന്നുപോയാൽ കൊള്ളാമോ?"

പരമുപിള്ള:—മതിമറന്നതു് അവിട്ടന്നുതന്നെയാ?

വയോധികൻ:—ഹ! പരമൂ! പതുക്കെപ്പറ. വീട്ടുകാരിയും കുട്ടികളും കേട്ടാൽ പിന്നെന്തിനാ ഇരിക്കുക ജീവനോടെ?

പരമുപിള്ള:—ഇതിൽഭേദം മരിക്കുകയാ നല്ലതു്.

വയോധികൻ:-തീരെ സുഖമില്ലാതിരിക്കുകയാ ഇപ്പോൾ. രോഗത്തിന്റെ പാരവശ്യവും അവളെയോർത്തുള്ള ദുഃഖവും നിന്റെ മുള്ളുവാക്കുകളും ഒക്കെക്കൂടെയാവുമ്പോൾ ശരിപ്പെട്ടേക്കും കേട്ടോ? പിന്നെ ഇതിനകത്തുവന്നു ഭള്ളുപറയാൻ നിനക്കു് ആളില്ലാതെ വന്നേക്കും.

പരമുപിള്ളയ്ക്കു തെല്ലു് ആശ്വാസമായി. അയാൾ മൗനമുദ്രപൂണ്ടു കൈകെട്ടി ഓച്ഛാനിച്ചു് നില ഉറപ്പിച്ചു. ഉത്തരീയവസ്ത്രം ഉടുമുണ്ടിന്റെ മീതേ ചുററിയിട്ടുണ്ടു്.

വയോധികൻ:--നാം എന്താ ഇപ്പതനത്തിൽചെയ്ക? ആവുന്നവിധമെല്ലാം നോക്കിയില്ലേ?

പരമുപിള്ള:-ഇനി ഒരു വഴിയേ ഉള്ളൂ. അടുത്ത സ്വാതന്ത്ര്യദിനംപ്രമാണിച്ചു് കുറേപ്പേരെ വിട്ടുതൽചെയ്യുന്നുണ്ടു്. അക്കൂട്ടത്തിൽ—

വയോധികൻ:-ശരി. അക്കൂട്ടത്തിൽ അവരെ രണ്ടുപേരെയുംകൂടെ ഉൾപ്പെടുത്താൻ ശ്രമിക്കാം.

പരമുപിള്ള:—രണ്ടുപേരെയും വേണ്ട. അവളെ മാത്രം പുറത്തു കിട്ടിയാൽ ജയിച്ചു. അവൻ തുലയട്ടെ; അവിടെക്കിടന്നു്. അവൻ വന്നുകൂടിയതുമുതൽ അവൾക്കു ഗ്രഹപ്പിഴയായി. ആ ധൂമകേതു! അവന്റെ മുൻകോപവും ചട്ടവട്ടവും ഡീക്കും പൊതുക്കാര്യവും. അവൻനിമിത്തം ഞങ്ങൾക്കു കിടന്നുപൊറുക്കാൻ നിവ്വാഹമില്ല പൊന്നൊടേതേ!

വയോധികൻ ദീർഘമായി ഒന്നു നിശ്വസിച്ചു: "ങ്ഹ! അങ്ങനെയോ? അങ്ങനെയൊന്നുമല്ലല്ലോ ആദ്യം നീ ഇവിടെ അറിയിച്ചതു്."

പരമുപിള്ള:-പെണ്ണോടേതേ, തുറന്നു നോക്കാൻ ചക്കയോ മാങ്ങായോ വല്ലതുമാണോ? അന്നു് അങ്ങനെ വിചാരിച്ചു. ഒരു പാശിയിൽ അങ്ങനെ ഒരബദ്ധം പിണഞ്ഞുവെന്നേയുള്ളു.

വയോധികൻ:-കഷ്ടമായിപ്പോയി. ഏതായാലും ആദ്യം ഏർപ്പാടുചെയ്തുതന്ന ബന്ധം എത്ര നന്നായിരുന്നു. അയാൾ നല്ല കുടുംബക്കാരൻ. നല്ല സ്വത്തുകാരൻ. പരിശ്രമി. അതു കളഞ്ഞു. പിന്നെയും നാം നിലവിട്ട ശുപാർശകൾ ഒരു സ്നേഹിതനോടു ചെയ്തു. അയാളുടെ ജ്ഞാതിയിൽ ഒരു പയ്യനെ കിട്ടി. അവനെ നിങ്ങളായിട്ടു തൊലച്ചു. പിന്നെ ഇഷ്ടമുള്ള ചെടികളിലും മരങ്ങളിലുമെല്ലാം പടന്നു കയറാൻ തുടങ്ങി. അതിനു നാമോ ഉത്തരവാദി? ചെപ്പിലടച്ചു സൂക്ഷിക്കാൻ നിവൃത്തിയുണ്ടോ? എങ്കിലും അത്യാവശ്യംവേണ്ടമെയ്യാഭരണങ്ങളും മുണ്ടുമുറിസ്സാമാനങ്ങളും നാലുപേരെക്കാപ്പം വേണ്ടതെല്ലാം നാം കൊടുപ്പിച്ചിട്ടുണ്ടു്. നിനക്കും നിൻെറ പഠിപ്പിനുതക്ക ഒരു ഉദ്യോഗവും ഉണ്ടാക്കിത്തന്നു. പ്രൗഢി കയറിയപ്പോൾ നീ അതു വലിച്ചു ദൂരെയെറിഞ്ഞു. പോകട്ടെ. ആ കഥയെല്ലാം പോകട്ടെ. നമ്മാലാവതു് ഇനിയും ചെയ്യാം. തക്കസമയം വരട്ടെ. സമാധാനമായി പോയിരിക്കു വീട്ടിൽ.

പരമുപിള്ള:-അടിയൻ അഷ്ടിക്കു വക എങ്ങനെയും ഉണ്ടാക്കാറുണ്ടു്. അവളേച്ചൊല്ലിയേ ഖേദമുള്ളൂ.

വയോധികൻ:-അതു് ഇവിടെ ബോദ്ധ്യമാ. ആകട്ടെ, പെൻഷൻവാങ്ങുന്ന ദിവസം നീ ഇങ്ങട്ടു വന്നേക്കണം, കേട്ടോ? ഇപ്പോൾ പോകാം.

പരമുപിള്ള വിടവാങ്ങി പോയി.

വള്ളിയമ്മയേ മോചിപ്പിക്കുവാൻ നടത്തിയ ഏതാദൃശമായയത്നം വിഫലീഭവിച്ചതേയുള്ളു. തന്നിമിത്തം നൈരാശ്യംവരിച്ച ആ സാഹസിക മറെറാരു തടവുകാരൻെറ ഒത്താ

ശയോട്ടുകൂടി ഒരു രാത്രി തടവുചാടി. അധികൃതന്മാരുടെ പിടിപാടിൽനിന്നു വിട്ടകന്നു. അനന്തരം അവളും സഹചരനും ഒത്തൊരുമിച്ചു ഭീകരന്മാരായ ഒരു സംഘം കവർച്ചക്കാരോടു ചേന്നു വളരെക്കാലം ചൗരകൃത്യങ്ങളും പ്രേമാലമ്പടവൃത്തികളും നടത്തി ജീവിച്ചു. അങ്ങനെയിരിക്കെ ഒരു രാത്രിയിൽ സായുധപോലീസു് ആ കവർച്ചക്കാരുടെ രഹസ്യസങ്കേതം കണ്ടുപിടിച്ചു് അങ്ങോട്ടു നിരന്തരമായി വെടിവയ്ക്കുകയുണ്ടായി. തസ്ക്കരന്മാരിൽ പലരും വെടിയേററു മൃതിയടഞ്ഞകൂട്ടത്തിൽ വള്ളിയമ്മയും കഥാവശേഷയായി. അപ്രകാരം അവളുടെ ദുഷ്കൃത്യങ്ങൾക്കു് ഒരു അറുതി ഭവിച്ചു.

ശശിധരൻ തടവുശിക്ഷ മുഴുവൻ അനുഭവിച്ചശേഷം ജയിലിനുപുറമെവന്നു സന്യാസവൃത്തി സ്വീകരിച്ചു ദേശാന്തരഗമനംചെയ്തു. പിന്നീടു് ആ യുവാവിനേപ്പററി പരിചിതജനങ്ങൾ ആരും ഇതുവരെ ഒരു വൃത്താന്തവും അറിവാൻ ഇടയായിട്ടില്ല.

# 23

## വിവാഹങ്ങൾക്കുശേഷം

പത്മിനിയുടെയും ഭാരതിയുടെയും വിവാഹം യഥാകാലം നടത്തപ്പെട്ടു. മന്ത്രി, ചെമ്പകക്കുട്ടിയമ്മ, ഭാരതി, കമലോത്ഭവൻനായർ ആദിയായ അതിഥികൾ എടത്തിൽ കോട്ടേജിലെ വിവാഹത്തിനും, പ്രജാനാഥമേനവൻ, പന്മിനി, ഇക്കാവമ്മ, ദേവേന്ദ്രൻനമ്പൂരിപ്പാട്ടു്, രാമൻകുട്ടിനായർ ആദിയായ ബന്ധുക്കളും മററു് ഒട്ടനേകം ബഹുമാന്യാതിഥികളും ഭാരതിയുടെ വിവാഹത്തിനും സന്നിഹിതരായിരുന്നു. റിപ്പബ്ളിക്കൻപാർട്ടി അംഗങ്ങൾക്കു പ്രസ്തുത വിവാഹംസംബന്ധിച്ചു് ഒരു പ്രത്യേകസ്വീകരണവും ഉണ്ടായിരുന്നു.

അനന്തരം മുൻനിശ്ചയമനുസരിച്ച് മെയ്മാസം 7–ാംനു പത്മിനിയും ഭർത്താവും ഗോപികാരമണമേനവൻ, ഭാരതി, കമലോത്ഭവൻനായർ, കമലമ്മ എന്നിവരോടൊന്നിച്ച് ഇററലിയിലേക്കു പുറപ്പെട്ടു. സുഖകരമായ വിമാനസഞ്ചാരത്തിൽ അവർ നിശ്ചിതദിവസംതന്നെ മനോഹരമായ ആ രാജ്യത്തു ചെന്നെത്തുകയും ചെയ്തു.

രണ്ടുവാരത്തോളം ഭാരതിയും ഭർത്താവും അവിടെ വിവിധപ്രദേശങ്ങളിലായി മധുവിധു ആഘോഷിച്ചു. പിന്നീടു സോല്ലാസമായി നാലുസുഹൃത്തുക്കളും വിമാനമാർഗ്ഗം നാട്ടിൽ വന്നുചേന്നു.

വിമാനത്താവളത്തിൽ എത്തിയയുടനേ ഭാരതി ഭർത്താവിനോടും കമലോത്ഭവൻനായർ, കമലമ്മ എന്നിവരോടുമായി പറഞ്ഞു: "പ്രതീക്ഷപോലെ എല്ലാം ഇതുവരെ സാധിച്ചു."

"മേലും അങ്ങനെതന്നെ ഭവിക്കും. ഇതാണ് എൻെറ എളിയ ആശംസ," എന്നു കമലമ്മ മറുപടി പറയുകയുംചെയ്തു. കമലോത്ഭവൻനായർ ഭാരതിയുടെ പ്രസന്നസുന്ദരമായ മുഖത്തേക്കു് മന്ദഹാസസമന്വിതമായ ഒരു കടാക്ഷം.

# 24

## ഭാരതിമന്ത്രിസഭ

പുതിയ തെരഞ്ഞെടുപ്പായി. മുഖ്യമന്ത്രി അത്ഭുതവിക്രമൻനായർ, ഭാരതി, കമലോത്ഭവൻനായർ എന്നിങ്ങനെ പല പ്രമുഖവ്യക്തികളും തെരഞ്ഞെടുപ്പിൽ മത്സരിച്ചു. റിപ്പബ്ളിക്കൻപാർട്ടിയുടെ ടിക്കററിന്മേൽ നിന്ന സ്ഥാനാർത്ഥികളായിരുന്നു ബഹുഭൂരിപക്ഷം. അവക്കുതന്നെ വിജയം സിദ്ധിച്ചു. അങ്ങനെ ആ പാർട്ടിക്കു് അസംബ്ളിയിൽ പ്രബ

ലവും സംഖ്യാവിപുലവുമായ ഒരു ഭൂരിപക്ഷം ലഭിക്കുകയുണ്ടായി. തന്നിമിത്തം അത്ഭുതവിക്രമൻനായർ മന്ത്രിസഭ രാജിവെച്ചു. റിപ്പബ്ളിക്കൻപാർട്ടി ഭാരതിയെത്തന്നെ അവരുടെ പാർട്ടിലീഡറായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. ഉടൻതന്നെ ഗവർണ്ണർ, മന്ത്രിസഭ രൂപീകരിക്കുവാനായി ഭാരതിയെ ക്ഷണിച്ചു. പാർട്ടിയുമായി ആലോചിച്ചു സഹമന്ത്രിമാരുടെ നാമനിർദ്ദേശത്തിനു ലിസ്ററു തയ്യാറാക്കിക്കൊണ്ടു ലീഡർ ഗവർണ്ണരെ സന്ദർശിച്ചു. ആ സന്ദർഭത്തിൽ ഭാരതിയെ മുഖ്യമന്ത്രിയായി നിയമിച്ചിരിക്കുന്ന ആർഡർ ഔപചാരികമായി അദ്ദേഹം ലീഡറെ ഏല്പിച്ചു. അതിനേത്തുടന്നു് ആ മഹിളാരത്നം സഹമന്ത്രിമാരുടെ നാമനിർദ്ദേശപ്പട്ടിക ഗവർണ്ണരുടെ പക്കൽ കൊടുത്തു് അംഗീകാരം വാങ്ങി. യഥാകാലം ക്യാബിനററംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു.

ആകെ ഭാരതിമന്ത്രിസഭയിൽ അഞ്ചു് അംഗങ്ങളാണു്. അക്കൂട്ടത്തിൽ ഒരു പ്രമുഖമന്ത്രി കമലോത്ഭവൻനായരുതന്നെ.

ഭാരതി തൻെറ അച്ഛൻെറ ഔദ്യോഗികവസതിയിൽ വാസംതുടന്നു. അത്ഭുതവിക്രമൻനായർ സ്വന്തം ഭവനത്തിലേയ്ക്കു പാർപ്പു മാററി. ഗോപികാരമണൻ ന്യൂഡൽഹിയിൽത്തന്നെ താമസിക്കയല്ലാതെ എന്തു ഗത്യന്തരം?

കമലോത്ഭവൻനായരും ഭാരതിയും നിത്യസഹചാരികളായി ജീവിതംതുടന്നു.

# 25

## ഗവർണ്ണരായി

ഔദ്യോഗികകാര്യവശാൽ ന്യൂഡൽഹിയിലേയ്ക്കു ഭാരതി പറക്കേണ്ടിവന്ന ഘട്ടങ്ങളിലൊക്കെയും സ്വഭർത്താവിനോടൊ

നിച്ച് അദ്ദേഹത്തിൻെറ വസതിയിലായിരുന്നു വാസം. കൂടെക്കൂടെ അവധികിട്ടുക സാദ്ധ്യമല്ലാതിരുന്നതിനാൽ ഭാര്യാഗൃഹത്തിൽച്ചെന്നു സ്വപ്രണയിനിയെ സന്ദർശിക്കുവാൻ കഴിവില്ലാതെ മേനവൻ കുഴങ്ങി. അങ്ങനെ ഇരിക്കെ, സംഭവഗതികൾ അദ്ദേഹത്തെ സ്വപ്രണയിനിയിൽനിന്നു കുറേദൂരംകൂടെ അകലെയാക്കി. നേപ്പാൾഗവണ്മെൻറ് ഒരു ഐ. സി. എസ്. ഉദ്യോഗസ്ഥൻെറ സേവനം വിനിമയംചെയ്യണമെന്ന അഭ്യർത്ഥനപുരസ്സരിച്ച് മേനവനാണു തെരഞ്ഞെടുക്കപ്പെട്ടതു്. ആ സ്റ്റേററിൽ ഒരു വലിയ പ്രോവിൻസിലെ ഗവർണ്ണറായി അദ്ദേഹം നിയമിക്കപ്പെട്ടു. പ്രസ്തുത നിയമനം ഒരു ഉദ്യോഗക്കയററമായി പരിഗണിക്കപ്പെടാമെങ്കിലും ഗോപികാരമണമേനവൻ തീരെ സൈ്വരമില്ലാതെയാണങ്ങോട്ടു പുറപ്പെട്ടുന്നതെന്നു് ഭാരതിക്കു് ഒരു സന്ദേശം അയച്ചു. അതിനു ഭാരതി ഫോണോക്കമായി നൽകിയ മറുപടി ഇങ്ങനെയാണു്:

വത്സ,

നമ്മുടെ പ്രതീക്ഷപോലെയെല്ലാം സാധിച്ചു. കേരളപ്രോവിൻസ് ഉണ്ടായില്ല. ഇതുവരെയെങ്കിലും അങ്ങു ഗവർണ്ണറായിക്കഴിഞ്ഞു. ഇങ്ങനെ യാദൃച്ഛികമായി സിദ്ധിച്ച പദവിയും സ്ഥാനവും സസന്തോഷം സ്വീകരിച്ച് ഉത്സാഹമായി സ്വകൃത്യങ്ങൾ നിറവേററുക. നേപ്പാളും നമ്മുടെ നാട്ടുപോലെ എല്ലാംകൊണ്ടും ആനന്ദപ്രദമായ ഒരു രാജ്യമാണല്ലോ. ന്യൂഡൽഹിയിലേക്കുള്ള സഞ്ചാരവേളകളിൽ നേപ്പാൾസ്റ്റേററു സന്ദർശിക്കേണ്ടയാവശ്യങ്ങളും എനിക്കു് ഉണ്ടാവും. ഈ നാട്ടിലെ പ്ലൈവുഡ്, പശുവ്യവസായം, കടലാസുവ്യവസായം മുതലായവ പുഷ്ടിപ്പെടുത്തുവാൻ അവിടംമുഖേന വല്ല വനവിഭവസൗകര്യങ്ങളും ഉണ്ടാവുമോയെന്നു ശരിയായ ഒരു ഗവേഷണം വേണ്ടിയിരിക്കുന്നു. സഹമന്ത്രി നമ്മുടെ മി. കമലോത്ഭവൻനായർ എൻെറ ഈ സഞ്ചാരവേളകളിൽ എനിക്കു വലി

യൊരു തുണയായിരിക്കം. ഇങ്ങനെ അങ്ങയുടെ ഒരു ആപ്ത സുഹൃത്തായ ഒരു മാന്യനെ എനിക്കു സഹമന്ത്രിയായി ലഭിച്ചതു വലിയൊരനുഗ്രഹമായി അങ്ങു കരുതുന്നു എന്നു വിശ്വസിക്കുന്നു. ഇതിനെല്ലാം ഉപരി എനിക്കുള്ള ചാരിതാർത്ഥ്യം എന്തെന്നാൽ, ഞാൻ ഗവൎണ്ണരുടെ പത്നിയായിത്തീർന്നല്ലോ ഈ ഘട്ടത്തിൽ എന്നുള്ളതാണു്. അങ്ങു് ഗവർണ്ണരും ഞാൻ മുഖ്യമന്ത്രിയുമായി ഒരേ സ്റ്റേററിൽ ഇരിക്കാൻ സന്ദർഭം ഉണ്ടായാൽ വന്നുകൂടാവുന്ന സാങ്കേതികവൈഷമ്യഭീതി ഒന്നും ഇനിമേൽ ആവശ്യമില്ലല്ലോ എന്നുള്ളതും വലിയൊരാശ്വാസമായിരിക്കുന്നു.

അങ്ങേയ്ക്കു സർവ്വവിധ ഭാവുകങ്ങളും, പുതിയ ഉദ്യോഗത്തിൽ സർവ്വവിജയവും ആശംസിച്ചുകൊള്ളുന്നു.

സ്വന്തം പ്രേയസി, ഭാരതി.

മേനവൻ ഈ സന്ദേശംവായിച്ചു സന്തുഷ്ടനായി.

★

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MF3 Acc. No. 35324

This book should be returned on or before the date last stamped below.

20 MAY 1975
4 JUN 1975
11 JUN 1975
25 MAY 1977
25 JAN 1978
30 MAY 1979
3 AUG 1979
10 JUN 1981
13 NOV 1982
31 AUG 1990
27 FEB 2017

MF3

35324

ഗോപാലവിളക്ക്

ശ്യാമള